# XIII. നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരളഅടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ

ധനകാര്യവകുപ്പുമന്ത്രി (ശ്രീ.ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവത രിപ്പിക്കുന്നു.†

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ. എ.സി. ഷൺമുഖ ദാസ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, എന്റെ ഒബ്ജക്ഷനുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇൻട്രൊഡക്ഷനെ കാസ്റ്റ്യൻ ചെയ്യുകയാണ്.

മി. സ്പീക്കർ : ഈ ബിൽ ഭരണഘടനാ വിരുദ്ധമായതുകൊണ്ടും ചട്ടപ്രകാരമല്ലാത്തതുകൊണ്ടും ഒബ്ജക്ട് ചെയ്യുന്നു എന്നുള്ളതല്ലേ അങ്ങ യുടെ ഒബ്ജക്ഷൻ? അത് ഈ ഘട്ടത്തിലല്ല. അങ്ങയുടെ നോട്ടീസ് ഞാൻ വായിക്കുന്നില്ലായെങ്കിലും അങ്ങ് ക്ലാസ്സ് 3(1), 3(7) ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭര ണഘടനയുടെ ആർട്ടിക്കിൾ 283(2) പ്രകാരവും 293 പ്രകാരവും ഈ നിയമം നിയമസഭ പാസ്സാക്കുന്നത് ശരിയല്ല എന്നുപറയുന്നത് ഈ സ്റ്റേജിലല്ല.

ശ്രീ. ടി.എം. ജേക്കബ് : ഈ ബിൽ ഇവിടെ പരിഗണിക്കാൻ പോകുക യാണ്. എന്റെ ഒബ്ജക്ഷൻ എന്നു പറയുന്നത് ക്ളാസ് (3).....

മി. സ്പീക്കർ : ഇപ്പോഴുള്ള നടപടിക്രമമനുസരിച്ച്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വന്നിരിക്കുന്നു, അതിന്റെ ഡിസെന്റ് ആദ്യം വരുന്നു, ഭേദഗതികൾ വരുന്നു, ക്ലാസ് ബൈ ക്ലാസ്സ് വരുന്നു, മൂന്നാം വായന വരുന്നു. ഇതിൽ ഏതി ലാണ് അങ്ങയുടെ കാര്യം വരുന്നത്? ഡിസെന്റിന് മുമ്പുള്ള കാര്യം കഴിഞ്ഞു. ഇപ്പോൾ ഡിസെന്റ് മുതലാണ് തുടങ്ങുന്നത്.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പറയുന്നതുകൂടി ശ്രദ്ധിക്കണം. ഇവിടെ ക്ലാസ് (3), (1)-ൽ പറഞ്ഞിരിക്കുന്നത് സർക്കാരിന് ഗസറ്റ് വിജ്ഞാ പനംവഴി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിലെ നിക്ഷേപത്തി നായി ഈ ആക്ടിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും പദ്ധതി ഉണ്ടാക്കിയശേഷം ഉടൻതന്നെ ഈ ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരി ക്കേണ്ടതുമാണ്. അതുപോലെ തന്നെ ക്ലാസ് 3(7)-ൽ പറയുന്നത്," "പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനത്തിലായി രിക്കുമ്പോൾ,....."അവിടെയാണ് പ്രശ്നം. "അതിന്റെ മുൻപാകെ ഒരു സമ്മേള നത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാവുന്ന ആകെ 14 ദിവ സത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കു ന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കു

† അനുബന്ധം -IX

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനു മുൻപ് നിയമസഭ, പദ്ധതിയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്ന പക്ഷം, പദ്ധതിക്ക് അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി, പദ്ധതിപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്." ഇത് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് എസ്.ആർ.ഒ. നം.920/99, അത് ജി.ഒ.പി നമ്പർ. 2211/99/ഫിൻ. തീയതി, തിരുവനന്തപുരം 11 നവംബർ 1999 എന്നു പറഞ്ഞ് ഫൈനാൻസ് (എസ്.എസ്) ഡിപ്പാർട്ടുമെന്റ് നോട്ടിഫിക്കേഷനായിട്ട് ഗസറ്റിൽ വന്നിരിക്കുന്നു. നവംബർ 11-ാം തീയതിയിലെ ഗസറ്റിൽ വന്നതാണ്. എന്റെ പോയിന്റ് ഈ സഭയെ മന്ത്രി മറികടക്കുന്നു എന്നുള്ളതാണ്. അതായത് നവംബർ 11-ന് ഈ ഗസറ്റ് വന്നു. ഡിസംബർ 13-ന് സഭ കൂടി. ആദ്യത്തെ സഭയിൽ ഓർഡിനൻസ് റീപ്ളേസ് ചെയ്യുന്നതിനുള്ള ബിൽ വന്നു. ഇത് ഈ സെഷൻ തീരുന്നതിന് മുൻപ് കൊണ്ടുവന്നാൽ മതി. ഇന്ന് ഈ ബില്ലിന്റെ ഫൈനൽ സ്റ്റേജിലേക്ക് വന്നിരിക്കുകയാണ്. നമ്മൾ ഇപ്പോൾ പരിഗണനയ്ക്കെടുക്കാൻ പോകുന്ന, സബ്ജക്ട് കമ്മിറ്റിക്ക് പോയി വന്ന നിയമത്തിന്റെ 7-ാം ഉപവകുപ്പാണ് ഞാൻ വായിച്ചു കേൾപ്പിച്ചത്. നിയമസഭാ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ ഈ ജി.ഒ നിങ്ങൾ തരേണ്ടതാണ്. നിങ്ങൾ ചെയ്തിരിക്കുന്ന വേറൊരു സംഗതി, സപ്ളിമെന്ററി ഡിമാന്റ് ഇവിടെ കൊണ്ടുവന്നു.

(d) The Supplementary Grant sought is for the recoupment of Contingency Fund advance sanctioned in G.O (Rt) No. 7219/99/Fin dated 4-12-1999 to meet the expenditure towards Kerala Infrastructure Investment Fund Board – എന്നു പറഞ്ഞ് സപ്ളിമെന്ററി ഡിമാന്റ് കൊണ്ടുവന്നു. അപ്രോപ്രിയേഷൻബിൽ കുറച്ച് മുൻപ് പാസ്സാക്കി. അപ്രോപ്രിയേഷൻ ബിൽ നമ്മൾ അക്സപ്റ്റ് ചെയ്തു കഴിഞ്ഞു. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്, ഈ ക്ലാസ് 3 പ്രകാരം, ഇത് ഓർഡിനൻസാണെന്ന് വിചാരിക്കുക. ഇത് പാസ്സാക്കിയില്ലെങ്കിലും നിയമം ആണ്. ഇത് പാസ്സാക്കി കഴിയുമ്പോൾ ഓർഡിനൻസ് റിപ്പിൽ ചെയ്ത് ആക്ടായിട്ട് മാറും. ഡേറ്റ് ഓഫ് കമൻസ്മെന്റും പറയുന്നുണ്ട്. നിയമം ഇപ്പോഴും നിലവിലുണ്ട്. നിലവിലുള്ള നിയമപ്രകാരം 3(7) പ്രകാരം ബഹുമാനപ്പെട്ട മന്ത്രി ചെയ്യേണ്ട ഒരു കാര്യം, ചെയ്തിട്ടില്ല, ഈ സഭയ്ക്ക് അർഹതപ്പെട്ടതാണ് ഈ എസ്.ആർ. ഒ. ഒമംപേഴ്സിന് കൊടുക്കുന്ന കവറിനകത്ത് ഇഷ്ടംപോല എസ്. ആർ. ഒ. വരുന്നുണ്ട്. ജി.ഒ. കളും വരുന്നുണ്ട്. ഇത്രയും ദിവസത്തിനിടയിൽ ഈ എസ്.ആർ.ഒ ഈ നിയമസഭയിൽ കൊടുക്കാത്തത്, അങ്ങ് ഇവിടെ നാഥനായിട്ടുള്ള ഈ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന് ഇത് കൊടുത്തിരുന്നെങ്കിൽ അവർ കൃത്യമായി ഞങ്ങൾക്ക് കവറിനകത്തിട്ട് തരുമായിരുന്നു. ഞങ്ങൾക്ക് തരേണ്ട ഒരു സംഗതി ഫൈനാൻസ് ഡിപ്പോർട്ടുമെന്റിന്റെ വീഴ്ചമൂലം തന്നിട്ടില്ല. അത് നിയമപ്രകാരമുള്ളതാണ്. അല്ലാതെ അത് ആരുടേയും ഔദാര്യമല്ല. ഈ സഭയ്ക്ക് അർഹതപ്പെട്ട ഒരു സംഗതി തരാത്തത്.....

മി. സ്പീക്കർ : എസ്.ആർ.ഒ. സഭയിൽ തരുന്നതിനെ സംബന്ധിച്ചുള്ള ചട്ടമെന്താണ്?

ശ്രീ. ടി.എം. ജേക്കബ് : ചട്ടം എന്നുപറയുന്നത് ഇതിനകത്ത് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതു പറഞ്ഞാൽ മതി. അതും ഇതുമായിട്ട് കൂട്ടിക്കുഴയ്ക്കണ്ട. അത് ഇതിനു മാത്രമല്ല. എല്ലാറ്റിനും ബാധകമാണ്.

ശ്രീ. ടി.എം. ജേക്കബ് : നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ, ഇതിനകത്ത് പറഞ്ഞിരിക്കുന്നത് അങ്ങ് 3(7) ഒന്ന് വായിച്ച് നോക്കിയാൽ മതി. 3(7)-ൽ പറയുന്നത് നിയമസഭ സമ്മേളനത്തിൽ ഇരിക്കുമ്പോൾ അതിന്റെ മുൻപാകെ ഇത് വയ്ക്കണം എന്നാണ്. അങ്ങനെ ചെയ്യാതിരിക്കുന്നത് തെറ്റാണ്. ഈ നിലയിൽ ഈ ബിൽ എടുക്കുമ്പോൾ സഭയ്ക്ക് അർഹതപ്പെട്ട ഒരു കാര്യം മന്ത്രി കവർന്നെടുക്കുകയാണ്. അത് ശരിയല്ലായെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. ടി. ശിവദാസമേനോൻ : ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ടി.എം. ജേക്കബ് വച്ച അഭിപ്രായം ശരിയാണ്. അതായത് സെക്ഷൻ 3(7) അനുസരിച്ച് സ്കീം ഓഫ് ഫണ്ട്, അതിന്റെ കോപ്പി ഈ അസംബ്ലിയിൽ അതായത്, ..... a total period of fourteen days which may be in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the scheme, the scheme shall thereafter have effect only in such, modified form, so however that, any such modification shall be without prejudice to the validity of anything previously done under the scheme. ഈ സ്കീം അസംബ്ലിയിൽ വയ്ക്കേണ്ടതാണ്. അത് വച്ചിട്ടില്ല. അത് നാളെ തന്നെ വയ്ക്കുന്നതാണ്. അതിൽ എന്തു വ്യത്യാസം വന്നാലും it will be without prejudice to any thing that has been done now. It is known that damage has been done. അപ്പോൾ ഇതിന് ഒബ്ജക്ഷന്റെ ആവശ്യമില്ല. അങ്ങ് പറഞ്ഞത് ശരിയാണ്. അത് വൈകിയതിന്റെ സ്റ്റേറ്റ്മെന്റും വയ്ക്കാം.

മി. സ്പീക്കർ : ഇത് ഒരു ഒബ്ജക്ഷനായിട്ട് ചെയർ പരിഗണിക്കുന്നില്ല. ഈ സന്ദർഭത്തിൽ അത് പ്രസക്തവുമല്ല. ഇതിനെ സംബന്ധിച്ചു ഇതിനു മുൻപും പലപ്പോഴും റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. ഞാൻ തന്നെ ഇവിടെ ആവർത്തിച്ചിട്ടുണ്ട്. മുൻ സ്പീക്കറായിരുന്ന ശ്രീ. പി.പി തങ്കച്ചൻ കേരള അവശ്യ സർവ്വീസുകൾ സംരക്ഷണ ബിൽ സംബന്ധിച്ച് നൽകിയിട്ടുള്ള ഒരു റൂളിംഗ് ഞാൻ കാട്ട് ചെയ്യുകയാണ്. ഒരു ബിൽ ആദ്യമായി സഭ മുൻപാകെ വരുമ്പോഴാണ് തടസ്സവാദം ഉന്നയിക്കേണ്ടത്. അങ്ങ് ഉന്നയിച്ച്ത് തടസ്സവാദമാണ്. ക്രമപ്രശ്നമായിട്ട് എപ്പോഴും പറയാം. അത് വേറെ വിഷയം. അത് സ്വീകരിക്കുന്നുണ്ട്. അതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പരിശോധിക്കാം. പരിഗണിക്കാം.

ശ്രീ. ടി.എം. ജേക്കബ് : അതുകൊണ്ടാണ് ഭരണഘടനയിലെ ആ ഒബ്ജക്ഷൻ ഞാൻ പറയാതിരുന്നത്. അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ വിത്ത്ഡ്രാ ചെയ്തു. എന്നിട്ട് അങ്ങയുടെ ശ്രദ്ധയിൽ ചൂണ്ടിക്കാണിക്കുകയാണ്. അങ്ങ് ഇതിനെ സംബന്ധിച്ച് പറയണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ.

മി. സ്പീക്കർ : അത് ഈ സ്റ്റേജിൽ പാടില്ലെന്നാണ്. ഒരു ബിൽ ഡിസന്റ് ഉൾപ്പെടെ ചർച്ചചെയ്യാനിരിക്കുമ്പോൾ അതിനുമുമ്പ് കൊണ്ടുവരുന്നതാണ് ഒബ്ജക്ഷൻ എന്നു പറയുന്നത്.

ശ്രീ. ടി.എം. ജേക്കബ് : അങ്ങയുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഞാൻ രണ്ട് ആർട്ടിക്കിൾ കാട്ട് ചെയ്തു. അത് ആദ്യത്തെ സ്റ്റേജിൽ പറയേണ്ടതായിരുന്നു. അതുകൊണ്ട് അത് ഒബ്ജക്ഷനായിട്ട് കൺസിഡർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ ഒക്കുകയില്ലയെന്നു പറഞ്ഞു. ഞാൻ അതിനെക്കുറിച്ച് ഒരക്ഷരം മിണ്ടിയില്ല. പിൻവലിക്കുകയാണെന്ന് പറഞ്ഞു. അതിനുശേഷം വളരെ റെലവന്റായിട്ടുള്ള ഈ ഒരു പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങ് ഇതിനെ സംബന്ധിച്ച് റൂളിംഗ് തരണമെന്നേ പറഞ്ഞുള്ളൂ.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഇതിന് ഒരു ഒബ്ജക്ഷൻ അദ്ദേഹം ഉയർത്തുന്നില്ല. ഒബ്ജക്ഷൻ എന്നുള്ളത് അദ്ദേഹം പിൻവലിക്കുന്നു. അതുകൊണ്ട് now it is not the stage. അദ്ദേഹം ഒരു ഫാക്ട്, അതായത് മെമ്പർമാരുടെ അവകാശം. ഒരു ക്രമപ്രശ്നം എന്നുപറയുന്നത് ഈ സ്കീം നിയമസഭയിൽ വയ്ക്കേണ്ടതല്ലേ? എന്തുകൊണ്ടാണ് വയ്ക്കാത്തത്?. അത് നാളെ വയ്ക്കാം.

മി. സ്പീക്കർ : ആ ക്രമപ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി റിപ്ലൈ ചെയ്തതുകൊണ്ട് ചെയർ അതിനെ സംബന്ധിച്ച് ഒന്നും പറയുന്നില്ല. പേപ്പേഴ്സ് ലെയ്ചെയ്യുന്നതിനെ സംബന്ധിച്ചും എസ്. ആർ. ഒ യെ സംബന്ധിച്ചുമൊക്കെ റൂൾ ഉണ്ട്. ഇവിടെ ഡയറക്ഷൻ ഉണ്ട്. അതിന്റെ പെർവ്യൂയിൽ വരുന്നതാണല്ലോ ഇതും. അതിൽ ഒരു അപാകതയുള്ളതായി ചെയർ കാണുന്നില്ല. നാളെ വച്ചാൽ ഏറ്റവും നല്ലത്. ഇന്ന് വയ്ക്കാൻ കഴിഞ്ഞാൽ അതിനെക്കാൾ നല്ലത്. അത്രയേ പറയുന്നുള്ളൂ.

ശ്രീ. ഉമ്മൻചാണ്ടി : സർ, ഈ ബില്ലന്റെ ചർച്ച ഈ സഭയിൽ വന്നപ്പോൾ ഈ ഭാഗത്ത് നിന്ന് ചില ആശങ്കകൾ പ്രകടിപ്പിച്ചു. ചില നിർദ്ദേശങ്ങൾ വച്ചു പക്ഷെ അതൊന്നും അംഗീകരിക്കാത്ത ഒരു സാഹചര്യത്തിലാണ് ഇങ്ങനെ ഒരു വിയോജനക്കുറിപ്പ് എഴുതിയിട്ടുള്ളത്. ഈ തുക വകമാറി ചെലവഴിക്കില്ല എന്ന് മന്ത്രി ഈ സഭയ്ക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. അതിനപ്പുറത്തേക്ക് ഒന്നുംതന്നെ സംശയങ്ങൾ ദൂരീകരിക്കത്തക്കവിധത്തിൽ മന്ത്രി പറഞ്ഞിട്ടില്ല. ഈ തുക എന്തുചെയ്യാൻ പോകുന്നു ? ഇപ്പോൾ മനസ്സിലാക്കുന്നത് 500 കോടി രൂപയ്ക്കുവേണ്ടി പുറപ്പെടുവിച്ചത് 560 കോടി രൂപ ഇതിനോടകം തന്നെ വന്നിട്ടുണ്ട്. ഇതിന്റെ പ്രോജക്ടുകളുടെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ? അതുമായിട്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ എവിടം വരെ എത്തിയിരിക്കുന്നു. ഇത് നിയമമാകാൻ പോകുകയാണ്, ബഹുമാനപ്പെട്ട മന്ത്രിക്ക്. ഇന്നെങ്കിലും ഈ സഭയ്ക്ക് ഉറപ്പുനൽകാൻ സാധിക്കുമോ ഈ സാമ്പത്തികവർഷം ഇത്ര കോടി രൂപ ചെലവാക്കും എന്ന്? രൂപ മേടിച്ച് വച്ചിട്ട് പ്രോജക്ട് ഉണ്ടാക്കാൻ ശ്രമിക്കുന്നു. അതിനുവേണ്ടിയിട്ടുള്ള നടപടി ക്രമങ്ങൾ തുടങ്ങുന്നു എന്നുപറഞ്ഞാൽ എന്താ സ്ഥിതി? അതുകൊണ്ട് ഇന്ന് ഈ ബിൽ പാസാക്കുന്ന അവസരത്തിലെങ്കിലും അങ്ങ് ഈ സഭയെ വിശ്വാസത്തിലെടുത്തുകൊണ്ട് പറയണം. ഇത് വളരെ കോസ്റ്റ്ലി ഫണ്ടാണ്. 13½% പലിശ കൊടുത്തുകൊണ്ടുള്ള ഒരു ഫണ്ടാണ് ശേഖരിച്ചിരിക്കുന്നത്. 560 കോടി രൂപ പത്രത്തിൽ കണ്ടതുപോലെ കിട്ടിയിട്ടുണ്ട് എങ്കിൽ ഒരു വർഷം 74 കോടി 20 ലക്ഷം രൂപ പലിശ ആകും. ഒരു ദിവസം 22 ലക്ഷം രൂപ പലിശ, ഇന്നുവരെ പ്രോജക്ടുകൾ പോലും തയ്യാറാക്കിയിട്ടില്ലാത്ത പദ്ധതികൾക്കുവേണ്ടി. 560 കോടി രൂപ സമാഹരിച്ചിട്ട് 22 ലക്ഷം രൂപ ഓരോ ദിവസവും കേരളത്തിന്റെ സാമ്പത്തിക ഭാരം അടിച്ചേൽപ്പിച്ചുകൊണ്ട് പോകുകയാണെങ്കിൽ അതിനെന്താ പറയുക? അതുകൊണ്ട് ഇത് ഫലപ്രദമായി വിനിയോഗിക്കുന്നതിന്, വകമാറി ചെലവഴിക്കില്ല എന്ന് അങ്ങ് പറഞ്ഞു ഇപ്പോൾ കോടതി ഉത്തരവും വന്നിട്ടുണ്ട് വകമാറി ചെലവഴിക്കരുത് എന്ന്. പക്ഷേ വകമാറി ചെലവഴിക്കില്ല എന്നുപറഞ്ഞ അങ്ങ് വകയിലും ചെലവാക്കാൻ ഉദ്ദേശിക്കുന്നില്ല എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ പോക്കുകണ്ടിട്ട് തോന്നുന്നത്. അങ്ങ് ഓർഡിനൻസ് ഇറക്കി, ഇതിന്റെ അർജൻസിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഓർഡിനൻസ് ഇറക്കി നിയമം കൊണ്ടുവരാൻ കാണിച്ച ജാഗ്രത എന്തുകൊണ്ട് ഈ പ്രോജക്ടുകൾ ഉണ്ടാക്കുന്നതിനും, ഈ പണം സമയബന്ധിതമായി ചെലവഴിക്കുന്നതിനും കാണിക്കുന്നില്ല? പണം സമാഹരിക്കാൻ താൽപ്പര്യം കാണിച്ചു. പക്ഷെ ആ പണം ചെലവഴിക്കേണ്ട രീതിയിൽ ചെലവഴിക്കുന്നതിൽ താൽപ്പര്യം കാണിക്കുന്നില്ല എന്ന പരാതിയാണ് എനിക്കുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഈ സംസ്ഥാനത്തിന്റെ മേൽ വലിയ ഒരു ബാദ്ധ്യത വച്ചിട്ടാണ് 91-ൽ നിങ്ങൾ ഇറങ്ങിപ്പോയത്. അത് കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലൂടെ നടപ്പിലാക്കിയ 'ഭദ്രത' പദ്ധതി 5 വർഷം കൊണ്ട് ഇരട്ടിയാകത്തക്ക വിധത്തിൽ ഒരു സ്കീം കൊണ്ടുവന്ന് വികസന പ്രവർത്തനത്തിന് ഒന്നിനും ചെലവഴിക്കാതെ നമ്മുടെ ഡേ-ടു-ഡേ എക്സ്പെൻഡിച്ചറിനുവേണ്ടി ചെലവഴിച്ചുകഴിഞ്ഞ യുഡി.എഫ് ഗവൺമെന്റിന് വലിയ ഒരു സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിവച്ചു. ഈ കടപത്രത്തിലൂടെ സമാഹരിക്കുന്ന തുക നിങ്ങൾ ഉദ്ദേശിക്കുന്ന രീതിയിൽ ചെലവഴിച്ച് അത് സ്റ്റേറ്റിന് ഒരു ബാദ്ധ്യത വരാത്തവിധത്തിൽ ആകുമോ? എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഇത്ര ചെലവ് കൂടിയ ഒരു പണം എടുത്തിട്ട് അത് ചെലവഴിക്കുന്നത് ഫലപ്രദമായ രീതിയിൽ ആയിരിക്കണം, സമയബന്ധിതമായ രീതിയിൽ ആയിരിക്കണം. കേരളത്തിലെ ഒരു ശാപം നമ്മുടെ പ്രോജക്ടുകൾ ഒന്നും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. ഇവിടെ വരുന്ന പ്രോജക്ടുകളുടെ കോസ്റ്റൊക്കെ എങ്ങനെയാ കൂടുന്നത്? ഇവിടെ ഒരു പ്രോജക്ട് വന്നാൽ ആദ്യം ആ പ്രോജക്ടിന്റെ ചെലവിൽ കാർ മേടിക്കും, രണ്ടാമത് ഗസ്റ്റ് ഹൗസ് പണിയും, മൂന്നാമത് ക്വാർട്ടേഴ്സ് പണിയും അതിന്റെ പേരിൽ വിദേശപര്യടനം നടത്തും. ഇത്രയും ചെലവ്ചെയ്തതിനു ശേഷമാണ് ഒരു രൂപാപോലും പ്രോജക്ടിനുവേണ്ടി ചെലവഴിക്കുന്നത്. നമ്മുടെ നാട്ടിന്റെ ഒരു ഗതികേട് മറ്റേതെങ്കിലും ഒരു രാജ്യത്ത് കാണുമോ? നമ്മുടെ പ്രോജക്ടുകൾക്കുവേണ്ടി വിദേശത്തുനിന്നും വന്നിട്ടുള്ള വിദഗ്ദ്ധൻമാർ അത്ഭുതം പറഞ്ഞിട്ടുണ്ട്. ഇവിടെ കാറും മേടിച്ച് ഗസ്റ്റ് ഹൗസും പണിത്, ക്വാർട്ടേഴ്സും പണിത് പ്രോജക്ടിന്റെ ചെലവിൽ ഒരു വലിയ തുക ചെലവഴിച്ചതിനു ശേഷമാണ് പ്രോജക്ടിനു വേണ്ടിയുള്ള പണി തുടങ്ങുന്നത്. ഇത് വളരെയധികം പലിശയ്ക്ക് കടം വാങ്ങി നമ്മുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടിയിട്ടുള്ള പണമാണ്. ഇങ്ങനെ നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ ഇതുപോലുള്ള ചെലവുകൾ വാരാതിരിക്കാൻ സമയബന്ധിതമായിട്ട് ഇത് തീർക്കാൻ വേണ്ടിയിട്ടുള്ള സംവിധാനം ഉണ്ടാകണം. നമ്മൾ ഇപ്പോൾ ഈ പ്രോജക്ട് കോസ്റ്റ് കൂട്ടുന്നതിനകത്ത് ഒരു മടിയും കാണിക്കുന്നില്ല. ഇലക്ട്രിസിറ്റിയിൽ മൂന്ന് പ്രോജക്ടുകളുടെ പേരിൽ 100 കോടിരൂപയുടെ കാൻസർ ആശുപത്രി. കാൻസർ ആശുപത്രിക്കൊന്നും ഞാൻ എതിരല്ല, പക്ഷെ കാൻസർ ആശുപത്രി ഗവൺമെന്റ് ഫണ്ട്സ് ഉപയോഗിച്ച് ചെയ്യണം. ഒരു പ്രോജക്ടിന്റെ പുറത്ത് ചാർജ്ജ് ചെയ്യുന്നത് ശരിയാണോ? നമ്മുടെ പ്രോജക്ട് ഒരിക്കലും വയബിളല്ലാതെ വരുന്ന സ്ഥിതി അതാണ്. 100 കോടി രൂപ പള്ളിവാസൽ, ചെങ്കുളം, പന്നിയാർ സ്ക്രീമിൽ ശ്രീ. ബാലാനന്ദൻ കമ്മിറ്റിയുടെ ശുപാർശപോലും ലംഘിച്ചുകൊണ്ട് കൊടുത്തു. എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി ഈ ലോകത്തിലെ ഏറ്റവും വലിയ ചാരിറ്റബിൾ ഇൻസ്റ്റിറ്റൂഷൻ വല്ലതുമാണോ? അല്ലല്ലോ, അതൊരു ലാഭം ഉണ്ടാക്കുന്ന കമ്പനിയാണ്. 100 കോടി രൂപയുടെ കാൻസർ ആശുപത്രി ഇവിടെ ഉണ്ടാക്കി എങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ടെൻഡർ കൂടാതെ ആ പണി ഏറ്റെടുത്തതിന്റെ പിറകിൽ അവർക്ക് അതിനെക്കാൾ വലിയ ലാഭമാണ്. ഞാൻ ഇത് പറഞ്ഞത്, ഇതെല്ലാം എവിടെ വന്നാ വീഴുന്നത്, പ്രോജക്ട് കോസ്റ്റിലാണ് വന്നുവീഴുന്നത്. ബഹുമാനപ്പെട്ട ധന കാര്യ മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നമ്മൾ വിത്ത് എടുത്ത് കുത്തുകയാണ്. നമ്മൾ പിരിക്കുന്ന നികുതിയോ, സംസ്ഥാനത്തിന്റെ ഒരു വരുമാനമോ ഈ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നമുക്ക് ഉപയോഗിക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ വലിയ പലിശയ്ക്ക് കടം എടുക്കുകയാണ്. ഈ തുകയെങ്കിലും ഫലപ്രദമായ രീതിയിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്ന സ്കീമിൽ ചെലവഴിക്കുമെന്ന് നമുക്ക് ഉറപ്പ് വരുത്തണം. ഈ പണം ഉപയോഗിച്ച് ചെയ്യുന്ന പ്രോജക്ടുകളുടെ നിർമ്മാണത്തെക്കുറിച്ച് വ്യക്തമായ ഒരു ധാരണ ഉണ്ടാകണമെന്നാണ് എനിക്ക് അഭിപ്രായമുള്ളത്. അത് സമയബന്ധിതമായി തീർക്കണം. ഓരോ ദിവസവും നമ്മൾ കൊടുക്കുന്ന പലിശ, അതിനു വരുന്ന ബാദ്ധ്യത അത് കണക്കിലെടുത്തുകൊണ്ട് അവിടെ തൊഴിൽസമരങ്ങൾ ഒഴിവാക്കുന്നതിനുള്ള സംവിധാനം, ഒരു ദിവസം പോലും നഷ്ടപ്പെടാതെ നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തീകരിക്കുന്ന സംവിധാനം ഉണ്ടാകണം. പ്രോജക്ട് കോസ്റ്റ് മറ്റുള്ള പ്രോജക്ടുകളിൽ കൂടിയിട്ടുള്ളതുപോലെ കൂടാതിരിക്കണം. അങ്ങനെയുള്ള വ്യക്തമായ ഒരു സമീപനം ഇതിനകത്ത് വരുന്നില്ല എങ്കിൽ, പ്രോജക്ടുകളുടെ കാര്യത്തിൽ, വികസന കാര്യങ്ങളിൽ നമ്മൾ ഒരു പുതിയ സമീപനം എടുത്തില്ല എങ്കിൽ നമ്മൾ വളരെ കൂടുതൽ കടക്കെണിയിലേക്ക് പോകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അങ്ങയോട് എനിക്ക് ഒരു ചോദ്യം കൂടിയുണ്ട്. അങ്ങ് ഇതിന് മറുപടി ഇന്ന് പറയണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ തുക എന്തുചെയ്യാൻ പോകുന്നു? ഈ വർഷം കളക്ട്ചെയ്തിട്ടുള്ള തുക അത്രയും ഗവൺമെന്റ് വിഭാവനചെയ്യുന്ന പദ്ധതികൾക്കുവേണ്ടി വിനിയോഗിച്ചശേഷം മാത്രമേ പുതിയ കടപ്പത്രവുമായിട്ട് ഗവൺമെന്റ് മുന്നോട്ടു വരികയുള്ളൂ എന്ന് അങ്ങയ്ക്ക് ഉറപ്പുനൽകാൻ സാധിക്കുമോ? ജനങ്ങളുടെ ഇടയിൽ സംശയമാണ്. അത് വരാൻ കാരണം എന്താണെന്നു ചോദിച്ചാൽ കേരള ഹൈക്കോടതിയിൽ ഒരു കേസ്സ് വന്നു. ഗവൺമെന്റ് അവിടെ ഇതുവരെ അഫിഡവിറ്റ് കൊടുത്തിട്ടില്ല. ഇപ്പോൾ ഗവൺമെന്റ് എന്തോ കോടതിയിൽ മറച്ചുവയ്ക്കുന്നു. നിയമസഭയിൽ മറച്ചുവയ്ക്കുന്നു. അങ്ങ് ഒരു കാര്യം വ്യക്തമാക്കിയിട്ടുണ്ട്. വകമാറി ചെലവഴിക്കില്ല എന്ന്, അങ്ങ് സമ്മതിച്ചു. വകമാറി ചെലവഴിച്ചില്ലായെങ്കിലും ഇന്ന് പലരും സംശയിക്കുന്ന ഗവൺമെന്റിന്റെ ഉദ്ദേശ്യമൊക്കെ നടക്കും. കാരണം പബ്ലിക് അക്കൗണ്ടിലേയ്ക്ക് ഈ പണം വരികയാണ് വകമാറി ചെലവഴിക്കാതെ തന്നെ വകയിലും ചെലവഴിക്കാതെ അവിടെ കിടന്നാൽ മതി. അപ്പോൾ വകമാറിയും ഇല്ല. വകയിലും ഇല്ല, ഗവൺമെന്റിന്റെ കാര്യം നടക്കുകയും ചെയ്യും. ആ ഒരു സംശയം കാരണം ഹൈക്കോടതിയിൽ വന്നപ്പോൾ അവിടെ ഗവൺമെന്റ് അഡ്വക്കേറ്റിന്റെ സമീപനം മാറ്റിമാറ്റിവച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ഒരു ഉറപ്പു കൊടുക്കുന്നില്ല. ഈ സഭയിലും മറ്റു കാര്യങ്ങളിലേയ്ക്ക് ഒന്നും കടക്കുന്നില്ല. അതുകൊണ്ട് ഈവർഷം ഇതിൽനിന്ന് എത്രകോടി രൂപ ചെലവഴിക്കും എന്നാണ് ഞാൻ ആദ്യം ചോദിച്ച ചോദ്യം. രണ്ടാമത്, ഈ സഭയ്ക്ക് അങ്ങിൽനിന്ന് ഞങ്ങൾ ആഗ്രഹിക്കുന്ന ഉറപ്പ്, ഈ വർഷം സമാഹരിച്ച തുക യത്രയും വകമാറാതെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചശേഷം മാത്രമേ പുതിയ കടപ്പത്രവുമായിട്ട് ഗവൺമെന്റ് വരികയുള്ളൂ. കാരണം 1000 കോടി എന്ന് ഇതിനകത്ത് വച്ചിട്ടുണ്ട്. ഈ വർഷം 500 കോടി എന്ന് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പത്തറുന്നൂറ് കോടിക്കകത്ത് സമാഹരിച്ചിട്ട് അടുത്ത വർഷം അത് വീണ്ടും ആയിരം കോടിയിലേയ്ക്ക് വർദ്ധിപ്പിക്കുക, പ്രോജക്ടുകൾ ഒന്നും തുടങ്ങാതിരിക്കുക, അത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വളരെ ദോഷ കരമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ പ്രകടിപ്പിച്ച വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഞാൻ അധികം നീട്ടി പ്രസംഗിക്കുന്നില്ല, സർ, നമ്മുടെ സ്റ്റേറ്റിന്റെ കടങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുക യാണ്. കേരളംപോലെയുള്ള സംസ്ഥാനങ്ങൾക്ക് കടം വാങ്ങേണ്ടിവരും. അല്ലാതെ നമ്മുടെ വികസനപ്രവർത്തനങ്ങളും പദ്ധതിചെലവുകളുമൊക്കെയാ യിട്ട് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. ഞാൻ അതിനെ കുറ്റപ്പെടുത്തു ന്നില്ല. പക്ഷേ കടം എടുക്കുമ്പോഴും ഗവൺമെന്റ് രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കേ ണ്ടതുണ്ട്. ഒന്ന്, നമ്മൾ എടുക്കുന്ന കടം ചെലവു കുറഞ്ഞതായിരിക്കണം. ഇപ്പോൾ നാഷണൽ സേവിംഗ്സിൽകൂടി നമ്മൾ സമാഹരിച്ചിരിക്കുന്ന കടം നമുക്ക് വളരെയധികം ആശ്വാസം നൽകുന്ന കടമാണ്. അതുപോലെയുള്ള കടങ്ങൾ ആണെങ്കിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വലിയ ദോഷം ചെയ്യുകയില്ല. പക്ഷെ വളരെ പലിശകൂടിയ കടമാണെങ്കിൽ അത് നമ്മുടെ സംസ്ഥാനത്തിന്റെ പുറത്തുവരുന്ന ഒരു ബാദ്ധ്യതയാണ്. അതുപോലെതന്നെ എടുക്കുന്ന പണമത്രയും എടുക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾക്കുവേണ്ടി നമുക്ക് വിനിയോഗിക്കാൻ കഴിയണം. കടമെടുക്കുന്നതിന് ഞാൻ ഒരിക്കലും എതിരല്ല. പക്ഷെ കടമെടുക്കുമ്പോൾ ഈ രണ്ടു തത്വങ്ങൾ നമ്മൾ നോക്കുന്നില്ലായെ ങ്കിൽ വിഷമകരമായിട്ട് വരും. അതുകൊണ്ട് ഇന്ന് വന്നിരിക്കുന്ന ഈ പുതിയ നിയമം കേരളത്തിന്റെ വ്യവസായ വികസനത്തിന്റെ കവാടം തുറക്കാൻ സാധി ക്കത്തക്കവിധത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്, വളർത്തിയെടുക്കുന്നതിന് സഹായകരമാകണം. കാരണം തമിഴ്നാട്ടിലും കർണ്ണാടകത്തിലും, ആന്ധ്രയിലുമൊക്കെ വ്യവസായ വികസനം കാണുമ്പോൾ നാം അന്തംവിടുകയാണ്. അവരൊക്കെ അടി സ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ വളരെക്കൂടുതൽ താൽപ്പര്യമെടുത്തപ്പോൾ ഞാൻ ആരേയും പ്രത്യേകമായിട്ട് കുറ്റപ്പെടുത്തുക യല്ല. വ്യവസായ വികസനം എന്നുപറഞ്ഞാൽ കുറെ പൊതുമേഖലാ സ്ഥാപ നങ്ങളുടെ നിലനിൽപ്പാണെന്ന് നാം തെറ്റിദ്ധരിച്ചു. പൊതുമേഖലാ സ്ഥാപന ങ്ങൾക്ക് ഞാൻ എതിരല്ല. പക്ഷെ ഗവൺമെന്റ് ഒരുവിധത്തിലും കടന്നുചെ ല്ലേണ്ട ആവശ്യമില്ലാത്ത മേഖലകളിൽപോലും കോടികൾ നഷ്ടം സഹിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ട് നാം മുന്നോട്ടുപോയി. ആ പൊതുമേഖ ലാസ്ഥാപനങ്ങളുടെ നിലനിൽപ്പാണ് വ്യവസായ വികസനമെന്നു നാം ധരിച്ചു. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നമ്മൾ പൂർണ്ണമായിട്ട് അവഗണിച്ചു. അതിന്റെ ഫലമായിട്ടാണ് വ്യവസായരംഗത്ത് നമുക്കുണ്ടായിട്ടുള്ള തിരിച്ചടി. യാതൊരു സംശയവുമില്ല. വ്യവസായവികസനമെന്നു പറയുന്നത് അടിസ്ഥാന സൗകര്യം ഉണ്ടാക്കിക്കൊടുക്കുക അല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പൊന്നുമല്ല. പൊതുമേഖല വേണം, യൂട്ടിലിറ്റി സർവ്വീസ് വേണം, ലാഭകരമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും നടക്കട്ടെ, പക്ഷെ ഗവൺമെന്റിന്റെ സാന്നിദ്ധ്യം ഒരുവിധത്തിലും ആവശ്യമില്ലാത്ത മേഖലകളിൽ നഷ്ടം സഹിച്ച് എന്തിനാണ് നിൽക്കുന്നത്? പക്ഷെ നമ്മൾ ആ സമീപന മാണ് കഴിഞ്ഞ കുറേവർഷങ്ങളായിട്ട് സ്വീകരിക്കുന്നത്. അതിന്റെ ഫലമായി അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വ്യവസായ രംഗത്ത് നാം പുറകോട്ടുപോയി. ഈ നിയമത്തിൽ കൂടി സമാഹരിക്കുന്ന തുകയെങ്കിലും നമുക്ക് പൂർണ്ണമായിട്ടും അടിസ്ഥാന സൗകര്യങ്ങളുടെ വികസ

LIBRARY ARCHIVES Kerala Legislative Assembly

നത്തിനുവേണ്ടി വിനിയോഗിക്കാൻ കഴിയണം. ആ തുകയത്രയും നമുക്ക് സമയബന്ധിതമായി തീർക്കത്തക്കവിധത്തിലുള്ള പദ്ധതികൾ ഒരു പുതിയ സമീപനം, വികസനത്തിന്റെ ഒരു പുതിയ പ്രവർത്തനശൈലിക്ക് നമ്മുടെ കേരളത്തിൽ രൂപംകൊടുക്കണം. കാരണം ഇത് അത്ര ചെലവുകൂടിയ പണം വിനിയോഗിക്കുകയാണ്. അതിന് അങ്ങ് ഈ രണ്ട് കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ വർഷം ചെലവഴിക്കേണ്ട തുകയെക്കുറിച്ച്, അതുപോലെ തുക മുഴുവൻ ചെലവഴിച്ചശേഷം മാത്രമേ പുതിയ കടപ്പത്രം കൊണ്ടുവരികയുള്ളൂ എന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകണം. വകമാറി ചെലവ് ചെയ്യുകയില്ല എന്ന അങ്ങയുടെ ഉറപ്പ് അത് വകയിലും സമയബന്ധിതമായി ചെലവഴിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി : സർ, അടിസ്ഥാന സൗകര്യവികസനത്തിന്റെ പേരിൽ വളരെ തിടുക്കപ്പെട്ട ഈ ഗവൺമെന്റ് ഫണ്ട് സ്വരൂപിക്കാൻ കൊണ്ടുവന്ന ഈ നിയമം ഈ സംസ്ഥാനം ഇന്ന് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള ധനമന്ത്രിയുടേയും ഗവൺമെന്റിന്റേയും ഒരു ചെപ്പടിവിദ്യയാണ്. കാരണം അതിരൂക്ഷമായ കടക്കെണിയിൽ ഗവൺമെന്റ് പെട്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ സാമ്പത്തികരംഗത്തെ മിസ്മാനേജുമെന്റ്, ധനകാര്യ അച്ചടക്കമില്ലായ്മ, ഫിനാൻഷ്യൽ ഡിസിപ്ലിൻ ഇല്ലായ്മ പൊതുരംഗത്ത് ഒരു വ്യക്തിയായാലും സ്ഥാപനമായാലും ഗവൺമെന്റായാലും, അത്യാവശ്യം വേണ്ടത് ഫിനാൻഷ്യൽ ഡിസിപ്ലിൻ ആണ്. അതിന്റെ അരികത്ത് പോലും പോകുന്നില്ല. ഈ പിരിച്ചെടുക്കുന്ന തുക പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിക്കാമെന്നാണ് ഇതിന്റെ അർത്ഥം. ഈ തുക പിരിച്ചെടുത്ത് അടിസ്ഥാനസൗകര്യം എന്ന പേരും പറഞ്ഞിട്ട് ഗവൺമെന്റിന് ഇഷ്ടമുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കാമെന്നാണ് എനിക്കുതോന്നുന്നത്. കഴിഞ്ഞ രണ്ട് മൂന്നു ദിവസമായിട്ട് നടക്കുന്ന ചർച്ചകളിൽ ധനകാര്യ വകുപ്പുമന്ത്രി ആവർത്തിച്ച് പറയുന്നു. ഒറീസയിൽ ശമ്പളം കൊടുക്കുന്നില്ല. ബീഹാറിൽ ശമ്പളം കൊടുക്കുന്നില്ല, പല സ്റ്റേറ്റുകളിലും ശമ്പളം കൊടുക്കുന്നില്ല, ഇവിടെ കൃത്യമായിട്ട് ശമ്പളം കൊടുക്കുന്നു, ഓണത്തിനും ക്രിസ്തുമസ്സിനും കൃത്യമായിട്ട് അഡ്വാൻസ് കൊടുക്കുന്നു. ഇനി ശിഷ്ടമുള്ള ഒന്നര ക്കൊല്ലക്കാലം ഈ ശമ്പളം കൊടുത്ത് മുന്നോട്ടുകൊണ്ടുപോയി കാലാവധി അവസാനിപ്പിക്കാൻ വേണ്ടിയുള്ള ഒരു പരിപാടിയെന്നാണ് എനിക്ക് തോന്നുന്നത്. എന്നുപറഞ്ഞാൽ ഗവൺമെന്റിന്റെ നിത്യനിദാനച്ചെലവുകൾക്കുള്ള ഒരു ഫണ്ടായി ഇത് വിനിയോഗിക്കുന്നു. അല്ലെങ്കിൽ ഈ ഫണ്ട് എങ്ങനെ സ്വരൂപിക്കണം, എന്തിനുവേണ്ടി ചെലവഴിക്കണം, എന്താണ് അടിസ്ഥാനസൗകര്യങ്ങൾ, അടിസ്ഥാനപരമായ യാതൊരു പ്രശ്നവും അങ്ങ് ഈ ബില്ലിൽ പറയുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ സാമ്പത്തികമായി വളരെ പ്രയാസപ്പെടുന്ന ഈ ഗവൺമെന്റിന്റെ നിത്യനിദാനചെലവിനുള്ള ഒരു ഫണ്ടായി 560 കോടി രൂപ പിരിച്ചുകഴിഞ്ഞു, ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പറഞ്ഞു. എന്താണ് സ്ഥിതി? ഒരു ദിവസം 22 ലക്ഷം രൂപയുടെ പലിശ-ഈ 560 കോടി രൂപ പിരിച്ചു എന്നുപറഞ്ഞാൽ ഒരു വർഷം 74.80 കോടി രൂപ, 75 കോടി രൂപ ഒരു വർഷം പലിശ മാത്രം കൊടുക്കണം. അഞ്ഞൂറ്റിയറുപത് കോടി രൂപ പിരിച്ച് പബ്ലിക് അക്കൗണ്ടിൽ ഇട്ടിട്ട് ഏതാണ്ട് 75 കോടി രൂപ ഒരു വർഷം പലിശ കൊടുക്കുകയെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മുൻ ധനകാര്യവകുപ്പുമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഇവിടെ പറഞ്ഞു. ഇതിനൊരു ഫിനാൻഷ്യൽ മാനേജ്മെന്റ് വേണ്ട? സർ, കുറഞ്ഞ പലിശയ്ക്ക് വാങ്ങി നാം ഇൻവെസ്റ്റുമെന്റ് നടത്തിയാൽ അത് ഒരുനല്ല ഫിനാൻഷ്യൽ മാനേജുമെന്റാണ്, ഒരു ഫിനാൻഷ്യൽ



LIBRARY ARCHIVES Kerala Legislative Assembly

എക്സ്പെർട്ടൈസ് എന്നു പറയാം. വലിയ പലിശയ്ക്കു വാങ്ങി പ്രതിവർഷം 75 കോടിരൂപ പലിശ കൊടുത്തിട്ടുള്ള അടിസ്ഥാനവികസനം, ഇനി അതുപോകട്ടെ, എന്താണ് അടിസ്ഥാന വികസനം? നിങ്ങൾക്ക് എന്ത് അവകാശം? ഞാൻ ഇപ്പോൾതന്നെ ചോദിക്കട്ടെ, ഒന്നുരണ്ടു കാര്യം ഞാൻ പറയുന്നു. ഇവിടെ ട്രഷറി പൂട്ടിയെന്നു ഞങ്ങൾ പറഞ്ഞു, പൂട്ടിയില്ലായെന്ന് ഗവൺമെന്റ്. എന്തായാലും ഒരു കാര്യം സമ്മതിച്ചു ഇരുപതു ലക്ഷത്തിനു മുകളിലുള്ള ഒരു പേയ്മെന്റ് ഒരു വെള്ളിയാഴ്ച വന്നപ്പോൾ ആ മൂന്നു ദിവസം കൊടുക്കണ്ട എന്നു പറഞ്ഞതല്ലാതെ ട്രഷറി പൂട്ടിയെന്ന് ഉത്തരവ് പുറപ്പെടുവിച്ചില്ലായെന്നാണ് അങ്ങ് പറയുന്നത്. ഞങ്ങൾ ഉത്തരവ് പുറപ്പെടുവിച്ചു, കാരണം അക്കാര്യത്തിൽ ഒരു സൂതാര്യത-ജനങ്ങളുടെ മുൻപിൽ കാര്യങ്ങൾ തുറന്നുപറഞ്ഞു. നിങ്ങൾ അത് തുറന്നുപറയാതെ അൺ ഡിക്ളയേർഡായിട്ട് ഒരു ഉത്തരവും പുറപ്പെടുവിക്കാതെ ട്രഷറി പൂട്ടൽ നടത്തി. ഇവിടെ ഡി.എ. ബാക്കി കൊടുക്കാനുണ്ട്. ഞാൻ പറയണമോ? ഡി.എ.കൊടുക്കാൻ എത്ര കോടി രൂപ ബാക്കി വേണം.? കൊടുത്തിട്ടുണ്ടോ? ഇവിടെ ശമ്പളം കൃത്യമായിട്ട് കൊടുക്കുകയല്ലേ, ഈ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക കൊടുക്കാൻ എത്ര കോടി രൂപയുണ്ട്? അങ്ങയ്ക്ക് ഒന്ന് വ്യക്തമാക്കാമോ? എത്ര കോടി രൂപ ഡി.എ കുടിശ്ശികയുണ്ട്. കൊടുത്തിട്ടുണ്ടോ? ഇവിടെ മറ്റു സ്റ്റേറ്റുകളിൽ നിന്നും വ്യത്യസ്ഥമല്ല. സർ, അതുപോലെതന്നെ നമ്മുടെ പൊതുകടത്തെസംബന്ധിച്ച് നേരത്തേ പറഞ്ഞതാണ്, 2000-ാം മാണ്ടിൽ പൊതു കടം 2000 കോടി രൂപയാവുകയാണ്. ആ 2000 കോടിരൂപയിൽ 800 കോടിരൂപ ഇന്ന് കേരളം ഭരിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വരുത്തിവച്ച കടമാണ്. നിങ്ങൾ മൂന്നരക്കൊല്ലംകൊണ്ട് കേരളത്തിന്റെ പൊതു കടം 2000 കോടി രൂപയാക്കി വർദ്ധിപ്പിച്ചു എന്ന് പറഞ്ഞാൽ അതിൽ 800 കോടിരൂപയും എൽ.ഡി.എഫ്. ഗവൺമെന്റ് വാങ്ങി ചെലവഴിച്ച തുകയാണ്. അതുപോലെതന്നെ റവന്യൂ കമ്മി എതാണ്ട് 2000-ാമാണ്ടോടുകൂടി 2500 കോടി രൂപയാകും. ഓവർ ഡ്രാഫ്റ്റ് 900 കോടിരൂപയാകും. അപ്പോൾ പൊതുവേ റവന്യൂ കമ്മിയിൽ, ഓവർഡ്രാഫ്റ്റ് ഇനത്തിലുള്ള കോടികൾ ചെലവഴിച്ച് ഖജനാവിനെ മുടിച്ച നിങ്ങൾക്ക് അടിസ്ഥാന സൗകര്യത്തിന്റെ പേരിൽ ഇത്തരത്തിലൊരു നിയമം ഇവിടെ കൊണ്ടുവരാനുള്ള യാതൊരു അവകാശവും അധികാരവും ഇല്ല. നിങ്ങൾ എന്താണ് ഇവിടെ ചെയ്യുന്നത്? ഫണ്ടിന്റെ മേൽനോട്ടം ആരെ എൽപ്പിച്ചിരിക്കുന്നു? ചീഫ് സെക്രട്ടറിക്കും ചില സെക്രട്ടറിമാർക്കുമാണ് ഫണ്ടിന്റെ മേൽനോട്ടം എന്നാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ അർത്ഥമെന്താണ്? അതും ഭരണഘടനാവിരുദ്ധമല്ലേ? അങ്ങനെ ചെയ്യാൻ പാടില്ല. പൊതു പണം ഇങ്ങനെ പിരിക്കുന്നതിന്റെ അർത്ഥമെന്താണെന്നുവച്ചാൽ സ്വയംഭരണസ്വാഭാവം ഇതിനില്ല. ഈ ബോർഡ് ഗവൺമെന്റിന്റെ ഒരു വകുപ്പാക്കി മാറ്റിയിരിക്കുകയാണ്. അങ്ങ് പറഞ്ഞു ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും ഇതുപോലെ അടിസ്ഥാന സൗകര്യത്തിനുവേണ്ടി കോടിക്കണക്കിന് രൂപ പിരിച്ചു എന്ന്. അത് ഇതുപോലെ ഗവൺമെന്റ് വകുപ്പ് അല്ല. അവിടെയൊക്കെ ചെയ്തിരിക്കുന്നത് പൊതുവായ ഒരു സ്വഭാവം അതിനകത്ത് ഉണ്ടായിരുന്നു. ഇത് ഗവൺമെന്റിന്റെ വകുപ്പായിട്ടാണ് കാണാൻ കഴിയുന്നത്.

സർ, അതുപോലെതന്നെ പദ്ധതി നടത്തിപ്പ് കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അടിസ്ഥാന സൗകര്യമെന്ന് പറയുന്നത് എന്താണ്? നമ്മുടെ അടിസ്ഥാന സൗകര്യമെന്ന് പറയുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചാണ്. പദ്ധതി നടത്തിപ്പിൽ 1996-97- ലെ പദ്ധതി അടങ്കൽ അതിന് മുമ്പുള്ള വർഷത്തേക്കാൾ 38.9 ശതമാനം വർദ്ധനവ് ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തുണ്ടായിരുന്നു. നിങ്ങൾ വന്നപ്പോൾ 1997-98-ൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് എന്ന് പറയുന്നതിലുള്ള വർദ്ധനവ് വെറും 30 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 1998-99 ആയപ്പോൾ ആ 30 ശതമാനം 10 ശതമാനമായിട്ട് കുറഞ്ഞു. അത് 1999-2000 നടപ്പ് സാമ്പത്തികവർഷമായപ്പോൾ 4.8 ശതമാനമായി കുറയുകയാണ്. അപ്പോൾ പദ്ധതി നടത്തിപ്പിൽ നിങ്ങൾ കാര്യമായി ഒന്നും ചെയ്തിട്ടില്ല. വളരെ പിന്നോക്കം പോയിരിക്കുന്നു. ഒക്ടോബർ വരെയുള്ള കണക്കുകൾ എന്റെ കയ്യിലുണ്ട്. അതിൽ വെറും 1075 കോടിരൂപ മാത്രമാണ് പദ്ധതി അടങ്കലിൽ ചെലവഴിച്ചിട്ടുള്ളത്. അതായത് പദ്ധതി അടങ്കലിൽ വച്ചിരുന്നതിന്റെ വെറും 33 ശതമാനം. ഈ സാമ്പത്തികവർഷത്തിന് ഇനി മൂന്നുനാല് മാസമേയുള്ളൂ. പദ്ധതി അടങ്കലിൽ പറയുന്ന തുകപോലും ചെലവഴിക്കുന്നതിൽ ഈ ഗവൺമെന്റ് കുറ്റകരമായ അനാസ്ഥ കാണിക്കുമ്പോൾ ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരാൻ നിങ്ങൾക്ക് അവകാശമില്ലെന്ന് പറയാൻ വേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്.

സർ, വൈദ്യുതിയുടെ കാര്യത്തിലാണെങ്കിൽ 1996-97-ൽ വൈദ്യുതി മേഖലയിൽ വകകൊള്ളിച്ചതിന്റെ 98.60 ശതമാനം ഞങ്ങൾ ചെലവഴിച്ചു. നിങ്ങളോ? 1997-98-ൽ വൈദ്യുതി മേഖലയിൽ നിങ്ങൾ ചെലവഴിച്ചത് 85 ശതമാനം മാത്രമാണ്. ഏതാണ്ട് 14 ശതമാനത്തിന്റെ കുറവുണ്ട്. നടപ്പുവർഷം 658.71 കോടിരൂപയാണ് വൈദ്യുതിരംഗത്ത് നിങ്ങൾ പദ്ധതി അടങ്കലിൽ വച്ചിട്ടുള്ളത്. സെപ്റ്റംബറിൽ ചെലവഴിച്ചത് എത്രയെന്ന് അറിയാമോ? വെറും 227 കോടി രൂപയാണ്.

സർ, ശുദ്ധജലവിതരണരംഗത്തെക്കുറിച്ചുകൂടി പറയട്ടെ. അത് പ്രധാനപ്പെട്ട ഒരു വിഷയമല്ലേ? 1996-97-ൽ വകകൊള്ളിച്ചതിന്റെ 113 ശതമാനം യു.ഡി.എഫ് ഗവൺമെന്റ് ശ്രീ. എ.കെ. ആന്റണിയുടെ കാലത്ത് ചെലവഴിച്ചു. നിങ്ങളോ? 1998-99-ൽ വെറും 88 ശതമാനം മാത്രമാണ് ചെലവഴിച്ചത്. അവിടെയാണ് ഞാൻ പറയുന്നത് അടിസ്ഥാന സൗകര്യവികസന കാര്യത്തിൽ ഇത്രയും അനാസ്ഥ കാണിച്ച ഒരു ഗവൺമെന്റ്, അടിസ്ഥാന സൗകര്യ പ്രശ്നങ്ങളിൽ പിന്നോക്കം പോയ, ദയനീയമായി പരാജയപ്പെട്ട ഒരു ഗവൺമെന്റ്- അതിന് ഇത്തരത്തിലുള്ള ഒരു ബിൽ ഇവിടെ അവതരിപ്പിച്ച് പാസ്സാക്കാനുള്ള ധാർമ്മിക അവകാശമോ നിയമപരമായ ബാദ്ധ്യതയോ ഇല്ലാത്തതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഈ ബില്ലിനെക്കുറിച്ച് ഞാൻ കഴിഞ്ഞപ്രാവശ്യം ഇവിടെ സംസാരിക്കുമ്പോൾ നമ്മുടെ ധനകാര്യ വകുപ്പു മന്ത്രി പറഞ്ഞത് ഇൻഫ്രാസ്ട്രക്ചറിൽക്കൂടി മാത്രമേ സംസ്ഥാനത്ത് വികസനവും സമ്പത്തും ഉൽപ്പാദനവും വർദ്ധിപ്പിക്കലും സാധിക്കൂ എന്നാണ്. അത് ശരിയാണ്. ഞാൻ അംഗീകരിക്കുന്നു. ഈ ബിൽ കൊണ്ട് അത് വല്ലതും നടക്കുമോയെന്നാണ് നാം നോക്കേണ്ടത്. സാമ്പത്തികമായി ഈ സംസ്ഥാനം തകർന്നിരിക്കുകയാണ്. ശ്രീ. കാർത്തികേയൻ അതൊക്കെ ഇവിടെ ചൂണ്ടിക്കാണിച്ചു. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. അതുകൊണ്ട് തൽക്കാലം പിടിച്ചുനിൽക്കാൻ-ബഹുമാനപ്പെട്ട മന്ത്രി ബംഗാൾ എന്നോ വേറെ ഏതൊക്കെയോ കുറേ സംസ്ഥാനങ്ങളുടെ കാര്യം പറഞ്ഞല്ലോ. ആ സംസ്ഥാനങ്ങളിലെ സാമ്പത്തിക പ്രയാസങ്ങൾപോലെ ഇല്ലാതിരിക്കാൻവേണ്ടി നമ്മുടെ സഹകരണസ്ഥാപനങ്ങൾ കുറേ ഡെപ്പോസിറ്റ് ചെയ്തു. അതുകൊണ്ടാണല്ലോ പിടിച്ചുനില്ക്കുന്നത്. അത് കൂടാതിരി

7. P.M

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ ഇവിടെ ഒരു പദ്ധതി കൊണ്ടുവന്നതാണെന്നാണ് എന്റെ പക്ഷം. ഇത് ഒരിക്കലും ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുതന്നെ നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 293-ന് എതിരായിട്ടുള്ളതാണ്. ആർട്ടിക്കിൾ 293 ഉള്ളതുകൊണ്ട് ഒരു വിദ്യ-കബളിപ്പിക്കൽ എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ, ഒരു സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ഈ രൂപത്തിൽ ചെയ്യാൻ പാടില്ലെന്നാണ് എന്റെ പക്ഷം. 293(3) ഞാൻ കാട്ട് ചെയ്യാം. A State may not without the consent of the Government of India raise any loan if there is still outstanding any part of a loan which has been made to the State by the the Government of India or by its predecessor Government, or in respect of which a guarantee has been given by the Government of India.....ഇവിടെ ഗവൺമെന്റ് ഓഫ് ഇൻഡ്യ ഈ പറയുന്ന ഗ്യാരന്റി നിന്നുകൊണ്ട്, അതുപോലെ ഔട്ട് സ്റ്റാന്റിംഗ് ഉണ്ട്. ഇതെല്ലാം ഉള്ളതുകൊണ്ട് ആർട്ടിക്കിൾ 293 അനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് ഇതുപോലെ ബോണ്ട് ഇറക്കണമെങ്കിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ പ്രയർ കൺസെന്റ് വേണം. ഇവിടെ ഇപ്പോൾ അതിന് സാദ്ധ്യതയില്ല. കാരണം, ഈ പറയുന്നത് അനുസരിച്ച് അവിടെ നിന്ന് സാംഗ്ഷൻ കിട്ടുകയില്ല. അപ്പോൾ ഉള്ള മാർഗ്ഗം എന്താണ്? ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് എന്ന് പറഞ്ഞുകൊണ്ട് കുറേ പണമുണ്ടാക്കുക. ആ പണം ഇവിടെ വിനിയോഗിക്കുന്നതിനുവേണ്ടി ചെലവഴിക്കാൻ കഴിയുമോ? ഒരിക്കലും സാധിക്കുകയില്ല. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇത് വായിച്ചുനോക്കിയാൽ ഒരുകാര്യം ക്ലിയറായി മനസ്സിലാകും. തൽക്കാലം നമ്മുടെ സംസ്ഥാനത്തിന്റെ ways and Means position ശരിപ്പെടുത്താൻ ഇതൊരു നല്ല മാർഗ്ഗമാണ്. അക്കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഇത് ഗവൺമെന്റ് ചെയ്തത് എത്ര കാര്യക്ഷമതയോടുകൂടിയാണെന്നറിയാമോ? നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെ അങ്ങേയറ്റം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അങ്ങയുടെ ഡിപ്പാർട്ടുമെന്റിനേയും ഞാൻ അഭിനന്ദിക്കുന്നു. ഗവൺമെന്റ് ഇതിനുവേണ്ടി ഓർഡിനൻസ് ഇറക്കുന്നത് എന്നാണ്? 1999 നവംബർ മാസം 11-ാം തീയതി. ഈ ഗവൺമെന്റിന് എന്തൊരു കാര്യക്ഷമതയാണ്. നവംബർ 11-ാം തീയതി തന്നെ ഗസറ്റ് വിജ്ഞാപനം; അന്നുതന്നെ ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. ഒരു ഓർഡിനൻസ് ഇറക്കിയാൽ അതിന്റെ റൂൾ ഉണ്ടാക്കാൻ മാസങ്ങൾ വേണം. ഇവിടെ അസംബ്ലിയിൽ ബിൽ കൊണ്ടുവന്ന് ഓർഡിനൻസ് റീപ്ലസ് ചെയ്ത് ബിൽ പാസ്സാക്കിക്കഴിഞ്ഞാലും റൂൾ ഉണ്ടാക്കാത്ത എത്രയോ അനുഭവങ്ങളുണ്ട്. അങ്ങ് അതിനൊക്കെ അതീതനായിക്കൊണ്ട് ഇവിടെ ഉടൻതന്നെ ഓർഡിനൻസ് ഇറക്കുന്നു, ആ നിമിഷംതന്നെ ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നു, അതുകൊണ്ടായോ? അതേനിമിഷം തന്നെ ഇതിന്റെ സ്കീം ഉണ്ടാക്കുന്നു, നവംബർ 11-ന് തന്നെ സ്കീം ഉണ്ടാക്കുന്നു, എന്തിനാണ് സ്കീമുണ്ടാക്കുന്നത്? എന്തൊരു കാര്യക്ഷമതയുള്ള ഗവൺമെന്റാണ് സർ ഈ ഗവൺമെന്റ്? വളരെ അടിയന്തിരമായി ഇതൊക്കെ ചെയ്യുന്നു, ഇത് വളരെ അടിയന്തിരമാണല്ലോ, ഉടനേ ഓർഡിനൻസ്. ഏത് സാഹചര്യത്തിലാണ് സർ ഇറക്കുന്നത്? ഒരു നിയമസഭ കൂടാൻ സമയമില്ല, അടിയന്തിരമായി ചെയ്യേണ്ട കാര്യം. ബീഹാർ കേസ്സിലെ സുപ്രീംകോടതിയുടെ വിധിയെക്കുറിച്ചൊക്കെ അങ്ങേയ്ക്കുമറിയാം. നിയമവകുപ്പുമന്ത്രിക്കും അറിയാം. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ ഓർഡിനൻസ് ഇറക്കി, ഈ ഓർഡിനൻസ് പ്രകാരം അങ്ങയോട് ഈ മാർച്ചുമാസത്തിനുമുൻപ് ഞാൻ അത്രയേ പറയുന്നുള്ളൂ, എന്താ ഇവിടെയിപ്പോൾ അസംബ്ലി ഉണ്ടല്ലോ, ഇവിടെ പാസ്സാക്കി

LIBRARY ARCHIVES Kerala Legislative Assembly

യാൽ മതിയല്ലോ ഈ മാസം അങ്ങേയ്ക്ക് എത്രസംഖ്യ കൊടുക്കാൻ സാധിക്കും? എത്ര ആളുകൾക്ക് തുക കൊടുക്കാൻവേണ്ടി സാധിക്കും? ഈ ഓർഡിനൻസിന് ഇന്ന് എന്താ ഇത്ര ആവശ്യകത? ഈ ഓർഡിനൻസിന്റെ ആവശ്യകതയെന്ന് പറയുന്നത് വെയ്സ് ആന്റ് മീൻസ് പൊസിഷൻ ശരിപ്പെടുത്താൻ തന്നെയാണ്. യാതൊരു സംശയവും അക്കാര്യത്തിൽവേണ്ട. അപ്പോൾ ഈ മൂന്നുകാര്യങ്ങളും ഈ നവംബർ 11-ാം തീയതി തന്നെ വരുന്നു. സ്കീം, ഓർഡിനൻസ്, ബോർഡ് ഓഫ് ഡയറക്ടേഴ്സ് ഇതു മൂന്നും നവംബർ 11-ാം തീയതിയാണ് വരുന്നത്. എന്നാൽ അതുകഴിഞ്ഞാൽ പിന്നെ ഞാൻ ഭരണഘടന വായിച്ചുനോക്കി. കേന്ദ്ര ഗവൺമെന്റിന്റെ സാഗ്ഷനില്ലാതെ ഇത് ചെയ്യാൻ പറ്റില്ലല്ലോ. അതുകൊണ്ട് കേന്ദ്രഗവൺമെന്റിനോട് ചോദിക്കാതിരിക്കാൻ എന്തുവേണം? ഇങ്ങനെയൊരു നിയമനിർമ്മാണമുണ്ടാക്കുന്നത് ശരിയാണോ? ഇങ്ങനെയൊരു നിയമനിർമ്മാണം ഒരു സംസ്ഥാനഗവൺമെന്റ് ഉണ്ടാക്കാൻ പാടുണ്ടോ? ഞാൻ പറയുന്നു, നമ്മുടെ ഈ സംസ്ഥാന സർക്കാരിന്റെ കീഴിൽ ലോക്കൽ സെൽഫ് ഗവൺമെന്റുകൾ ഉണ്ട്. ആ ലോക്കൽ സെൽഫ് ഗവൺമെന്റുകൾ നമ്മൾ ഉണ്ടാക്കിയ പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ ഇതുപോലെ മറികടക്കാൻ വേണ്ടി എന്തെങ്കിലുമൊരു വേല ചെയ്യാൻ അതിനെ അനുവദിക്കാൻ കഴിയുമോയെന്ന് ഞാൻ ചോദിക്കുകയാണ്. അത് തന്നെ ഇവിടെ ബാധകമല്ലോ? ആ നിലയിൽ ഒട്ടും ന്യായീകരിക്കാൻ കഴിയാത്ത ഒരു കാര്യമാണ് സർ, ഈ ഓർഡിനൻസിന്റെ കാര്യം ഞാൻ പറഞ്ഞു, സ്കീമിന്റെ കാര്യം ഞാൻ പറഞ്ഞു, എന്നാൽ സ്കീമിൽ, നിയമത്തിൽ പറയുന്നതെന്താണ്? ഇതിന്റെ കാരണമെന്താണെന്നറിയാമോ? ഓർഡിനൻസിലെ വകുപ്പ് അല്ലെങ്കിൽ ഈ ബിൽ ഇതിലെ വകുപ്പു-3, ആ 3-ാം വകുപ്പിൽ പറയുന്നതെന്താണ്? ഈ നിയമം വന്നാലുടൻതന്നെ ഒരു സ്കീമുണ്ടാക്കണം. ആ സ്കീമുണ്ടാക്കിക്കഴിഞ്ഞാൽ മാത്രമേ നിധി ഉണ്ടാക്കാൻ പറ്റുകയുള്ളൂ. അതാണ് സർ ഇതിന്റെ അന്ത്യഫലപ്രാധാന്യം. ഈ 3-ാം വകുപ്പ് വളരെ ക്ലിയറാണ്. 3-ാം വകുപ്പിൽ വളരെ ക്ലിയറായിട്ട് പറയുന്നുണ്ട് നിധി ഉണ്ടാക്കണമെങ്കിൽ ആദ്യം സ്കീമിൽ എന്തുവേണമെന്ന് തീരുമാനിച്ച് ആ സ്കീമുണ്ടാക്കണം. അതിൽ പറഞ്ഞത് സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി സംസ്ഥാനത്തെ അടിസ്ഥാനസൗകര്യപദ്ധതികളിലെ നിക്ഷേപത്തിനായി ഈ ആക്ടിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള അടിസ്ഥാന സൗകര്യനിക്ഷേപ നിധി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും പദ്ധതി ഉണ്ടാക്കിയതിനുശേഷം ഉടൻതന്നെ ആക്ടിലെയും പദ്ധതികളിലെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കേണ്ടതുമാണ്. അപ്പോൾ പദ്ധതി ഉണ്ടാക്കിയാലേ നിധി ഉണ്ടാക്കാൻ കഴിയൂ. ഇവിടെ ആവശ്യമായിട്ടുള്ളത് നിധിയാണ്. വെയ്സ് ആന്റ് മീൻസിന് നിധിയാണ് ആവശ്യം അതുകൊണ്ടാണ് 11-ാം തീയതി തന്നെ ഓർഡിനൻസ്, 11-ാം തീയതി തന്നെ ബോർഡിന്റെ കോൺസ്റ്റിറ്റ്യൂഷൻ, 11-ാം തീയതിതന്നെ സ്കീം. അത് കഴിഞ്ഞിട്ടോ 15-ാം തീയതി ബോണ്ട് ഇറക്കി. കടപ്പത്രം 15-ാം തീയതി ഇറക്കി. ഞാൻ ഉദ്ധരിക്കാനുദ്ദേശിക്കുന്ന രേഖ ഞാൻ കൊണ്ടുവന്നിട്ടില്ലെങ്കിലും പറയുന്നു, 16-ാം തീയതിയിലെ മാതൃഭൂമി പത്രം. നവംബർ 16-ാം തീയതിയിലെ മാതൃഭൂമി പത്രം ആ പത്രത്തിൽ പറഞ്ഞിരിക്കുന്നു ഇന്നലെ ഇവിടെ ബോണ്ട്, ഈ പറയുന്ന കടപ്പത്രിക ഇറക്കിയെന്ന്. എന്തൊരു കാര്യക്ഷമത 15-ാം തീയതി കടപ്പത്രമിറക്കി, 11-ാംതീയതി മൂന്ന് കാര്യങ്ങൾ ചെയ്യുന്നു. പിന്നീട് ബോണ്ടു 15-ാം തീയതി ഇറക്കുന്നു. വളരെ അത്യാവശ്യം. ഞാൻ ചോദിക്കുന്നു അപ്പോൾ അതിന്റെ പർപ്പസ് എന്താണ്? ആരുടെ ആപ്ളിക്കേഷനാണു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് ആ തീയതിയിൽ? അതിൽ ബോർഡിന് കൊടുക്കാൻ എന്തുസാധിക്കും? ആർക്ക് കൊടുക്കാൻ സാധിക്കും? ഞാൻ പറയുന്നു, അപ്പോൾ ഇത് വെയ്സ് ആന്റ് മീൻസ്-നുവേണ്ടി മാത്രം ഭരണഘടനയെത്തന്നെ ..... എന്റെ മനസ്സിൽ വന്ന ഭാഷ ഇപ്പോൾ ഉപയോഗിക്കുന്നില്ല. അത് ശരിയായില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, ഈ സമ്പ്രദായമെന്ന് മാത്രം ഞാൻ പറയുകയാണ്. സർ, ഞാൻ സ്കീമിനെക്കുറിച്ച് മാത്രമാണ് പറയുന്നത്, അല്ലാതെ വേറെ കാര്യങ്ങളൊന്നും പറയണ്ടല്ലോ. 3-ാം വകുപ്പിന്റെ കാര്യം ഞാൻ പറഞ്ഞു. ഈ സ്കീമിൽ 1-ാം വകുപ്പിൽ എന്താണുപറഞ്ഞിരിക്കുന്നത്? അതിലെ 2-ാം ഉപവകുപ്പ് അനുസരിച്ച് സ്കീം ഉടൻ നിലവിൽ വരും. .....That is most interesting. സർ, ഈ സ്കീമിന്റെ 2-ാമത്തെ വകുപ്പിൽ പറയുന്ന (എഫ്) ഡെഫനിഷൻ ക്ലാസ്സിൽ സ്കീമാണ് ഞാൻ പറയുന്നത്, ഞാൻ ആക്ടിലെ കാര്യമല്ല പറയുന്നത്. ഓർഡിനൻസ് അല്ല പറയുന്നത്, സ്കീമിനെക്കുറിച്ചാണ്. ആ സ്ക്കീമിന്റെ ക്ലാസ് (2) എഫ് അതിൽ പറയുന്നു..... (f) "Undertakings" means public sector undertakings or other undertakings specified in sub paragraph (1) of paragraph 3 of the Scheme; പബ്ലിക് അണ്ടർടേക്കിംഗ്സ് അതുപോലെ ബാക്കിയുള്ള അണ്ടർടേക്കിംഗ്സ് അതിന് ലോൺ കൊടുക്കാൻവേണ്ടിയാണ് സർ ഈ സ്കീം ഒരു പബ്ലിക് അണ്ടർടേക്കിംഗ്സിനെക്കുറിച്ച് നമുക്കറിയാം. 50%- ത്തിൽ കൂടുതൽ ഗവൺമെന്റിന് ഷെയറുള്ളതാണ്. ഒരുകാര്യം ഈ ആക്ടിന്റെ 3-ാമത്തെ ക്ലാസ്സിൽ പറഞ്ഞകാര്യത്തിനുവേണ്ടിയാണ് ഈ എഫ്-ക്ലാസ് കൊണ്ടുവന്നിട്ടുള്ളത്. അപ്പോൾ അതനുസരിച്ച് 50 ശതമാനത്തിൽക്കൂടുതൽ ഗവൺമെന്റിന് ഷെയറുള്ള പബ്ലിക് അണ്ടർടേക്കിംഗ്സിൽ അതു കഴിഞ്ഞാൽപ്പിന്നെ 40 ശതമാനത്തിലധികം ഷെയറുള്ള ജോയിന്റ് സെക്ടർ കമ്പനീസ്. ഇവിടെ ഇതിനുമുൻപ് ഉണ്ടായിരുന്ന പ്രശ്നമെന്തായിരുന്നുവെന്ന് നിങ്ങൾക്കോർമ്മയുണ്ടോ? എന്തൊക്കെയാണ് ഇവിടെ പറഞ്ഞത്? ഇവിടത്തെ സ്വകാര്യവ്യക്തികളെ ഞങ്ങൾ താലോലിക്കുന്നു, ഞങ്ങൾ വളർത്തുന്നു എന്നൊക്കെയല്ലേ അന്ന് പറഞ്ഞിരുന്നത്? അതുപോലെ ഇവിടെ സ്വകാര്യവ്യക്തികൾക്ക് ഫണ്ട് നല്കാനുള്ള ഒരു നിധി കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാക്കിയിട്ടില്ലാത്ത കാര്യം ഉണ്ടാക്കിയത് നിങ്ങളല്ലാതെ മറ്റൊരുദാഹരണം ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? ഞാൻ ചോദിക്കട്ടെ, നിങ്ങളിപ്പോൾ സ്വകാര്യവ്യക്തികൾക്ക് എതിരാണോ? സ്വകാര്യവ്യക്തികളെ സഹായിക്കാൻ ഞാൻ പറയട്ടെ, അവരെ സഹായിക്കാൻ വേണ്ടിയല്ലേ നിങ്ങൾ ഇത് കൊണ്ടുവന്നത്? അവർക്ക് മാത്രമല്ലേ ഇതിന്റെ സഹായം കിട്ടൂ? അതോ മറ്റാർക്കെങ്കിലും ഇതുകൊണ്ട് സഹായം കിട്ടുമോ? ഇപ്പോൾ എന്താണ് സ്ഥിതിയെന്നറിയാമോ? നമ്മുടെ സംസ്ഥാനത്ത് ഞങ്ങളും ഇതിനു മുൻപ് ഇവിടെ ഭരിച്ചിരുന്നു. ഞങ്ങൾ ഇവിടത്തെ ഒരു വ്യവസായവും എടുത്ത് ജോയിന്റ് സെക്ടറിലേക്ക് കൊടുത്തിട്ടില്ല. അത് കൊടുത്തത് ശ്രീ. നായനാരുടെ കാലത്താണ്, 1987-ൽ നായനാർ അധികാരത്തിൽ വന്നപ്പോളാണ് അത് ചെയ്തത്. അത് ചെയ്തത് ആരാണെന്ന് ഞാൻ പറയാം. ആ ചെയ്തത് ഏതാണെന്ന് ഞാൻ പറയാം സർ. ഒന്ന്, ടാജ് ഗ്രൂപ്പ് കമ്പനിക്ക് കൊടുത്ത മൂന്ന് ഹോട്ടലുകൾ ഒന്ന് എറണാകുളം, രണ്ട്-വർക്കലയിലേത്, മൂന്ന് കുമരകത്തേത്. ബഹുമാനപ്പെട്ട നമ്മുടെ ടി.കെ. രാമകൃഷ്ണൻ മിനിസ്റ്ററുടെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എറണാകുളം, അവിടെ ടാജ് ഗ്രൂപ്പിന് കൊടുത്തു. എങ്ങനെയാണ് കൊടുത്തത്. 40% ഷെയർ ശ്രീ. നായനാരുടെ ഗവൺമെന്റാണ് കൊടുത്തത്. സർ, 40% ടാജ് ഗ്രൂപ്പിന്, 20% ഷെയർ കെ.ടി.ഡി.സി.ക്ക് കൊടുത്തു. അത് ഞങ്ങളാണോ ചെയ്തത്? സ്വകാര്യവ്യക്തികളെ ഞങ്ങളാണോ

LIBRARY ARCHIVES Kerala Legislative Assembly

താലോലിച്ചത്? നിങ്ങളല്ലേ? ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ സംഭവമല്ലേ ഇതെന്ന് ഞാൻ നിങ്ങളോട് ചോദിക്കുന്നു. നിങ്ങളിവിടെ പ്രസംഗിക്കുന്നത് കേട്ടല്ലോ, കുറച്ചുനേരത്തെ ഞാൻ ഇത് വിടുന്നു, ഇനി നിങ്ങൾക്ക് അതൊക്കെ അവരെ ഏല്പിച്ചുകഴിഞ്ഞതിനുശേഷം അവർക്ക് ലോൺ കൊടുക്കാൻവേണ്ടി ഒരു ഫണ്ട് ഉണ്ടാക്കുകയല്ലേ നിങ്ങളിപ്പോൾ ചെയ്യുന്നത്? അതിനുവേണ്ടിയല്ലേ നിങ്ങൾ ഇതിപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ ഒരു കാര്യം കൂടി പറയട്ടെ,

Eligibility of Undertakings for assistance :-

(1) An existing public sector undertaking or other undertaking shall be eligible for financial assistance from the Fund.

സർ, അതിൽ പറയുന്നതെന്താണ്? .....

(2) Newly constituted undertaking shall not be given financial assistance from the Fund, before one year of their being Constituted.

അപ്പോൾ ഒരു പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഉണ്ടാക്കിയെന്നിരിക്കട്ടെ, അതല്ലെങ്കിൽ ഇവിടെ പറയുന്നുണ്ടല്ലോ, സൊസൈറ്റീസ് ആക്ട്, ഏതെങ്കിലും ആക്ടു വച്ച് ഒരു സംഘം ഉണ്ടാക്കി എന്നിരിക്കട്ടെ, ഒരു കൊല്ലം കഴിയാതെ അവർക്ക് ലോൺ കൊടുക്കാൻ വേണ്ടി സാധിക്കില്ല. ഒരുകൊല്ലം കഴിഞ്ഞാൽ കഴിയുമോ? അതിനും കഴിയില്ല, സ്കീമുണ്ട്-പക്ഷേ അതുകൊണ്ടുമാത്രം അവർക്ക് ലോൺ കൊടുക്കാൻ കഴിയുകയില്ല. ആസ്കീമിന്റെ രണ്ടാം ഭാഗം ഞാൻ വായിക്കാം, അതിൽ പറയുന്നത്,''..... .

(3) The undertakings that submit proposals for availing financial assistance from the Fund should have completed their internal audit of the latest financial year ended and the accounts certified by a Chartered Accountant or by the Local Fund Examiner of the State under the Kerala Local Fund Audit Act, 1994 (14 of 1994) where such audit is applicable.

സർ, ഇത് പണം കൊടുക്കണമെങ്കിൽ എന്തുവേണം? അതിന് തലേ ആണ്ടിലെ അതായത്.....That is the latest year,

തലേ ആണ്ടിലെ മുഴുവൻ കണക്കും ഓഡിറ്റ് ചെയ്ത് അതിന്റെ സർട്ടിഫിക്കറ്റ് വേണം. ബഹുമാനപ്പെട്ട മന്ത്രി, ബഹുമാനപ്പെട്ട ചെയർ ഒരുകാര്യം ചെയ്യണം, എന്റെ അമെന്റ്മെന്റുണ്ട് ഞാൻ ഒന്നും പ്രസംഗിച്ചില്ല, അമെന്റ്മെന്റിൽ, ഈ സ്കീമിന്റെ കാര്യം ഇവിടെ ആരും പറഞ്ഞിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ : സമയം വളരെക്കൂടുതലായി, അങ്ങേയ്ക്ക് ഇനി എത്ര മിനിറ്റുകൂടി വേണ്ടിവരുമെന്ന് പറയണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എനിക്ക് ഒരു മാക്സിമം പത്ത് മിനിറ്റു കൂടി വേണ്ടിവരും. അതുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. അപ്പോൾ ഞാൻ പറഞ്ഞുവരുന്ന ഒരു കാര്യം ഇവിടെയിപ്പോൾ എന്തുവേണമെന്നുള്ളതാണ്. ഇപ്പോൾ സൊസൈറ്റീസ് ആക്ട്, അല്ലെങ്കിൽ തിരുക്കൊച്ചി ആക്ട്, അല്ലെങ്കിൽ ഓൾ ഇൻഡ്യാ ആക്ട് ഇതുവച്ച് ഒരു സംഘടന രജിസ്റ്റർ ചെയ്താൽ അവർക്ക് ഗവൺമെന്റിൽനിന്ന് ലോൺ കിട്ടുമോ? ഒരുകൊല്ലം കഴിയണം, എന്നിട്ട് അതിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുമുണ്ടാവണം. എങ്കിലെ ലോൺ കിട്ടാനുള്ള എലിജിബിലിറ്റി ഉണ്ടാവുകയുള്ളൂ. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വച്ചുനോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിന് ലോൺ കിട്ടുമോ? ബഹുമാനപ്പെട്ട മന്ത്രി പറയണം, പബ്ലിക് സെക്ടറിലുള്ള കമ്പനികൾക്ക് ലോൺ, കിട്ടുമോയെന്ന്? അവർക്ക് ലോൺ കിട്ടുകയില്ല, എന്താണുകാരണം? ആ കമ്പനികളുടെ തലേ ആണ്ടിലെ കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലേ അവർക്ക് കിട്ടുകയുള്ളൂ. ഇവിടെയുള്ള പൊതുമേഖലാ കമ്പനികളിലെ കണക്കുകളുടെ ഓഡിറ്റ് യഥാസമയം നടക്കുമോ? നമ്മുടെ സംസ്ഥാനത്ത് ആറും ഏഴും പത്തും കൊല്ലക്കാലമായി കണക്കുകൾ ഓഡിറ്റ് നടക്കാതെ കിടക്കുന്ന അണ്ടർടേക്കിംഗ്സാണ് കൂടുതലുള്ളത്. ഓഡിറ്റ് നടക്കാതെ വേറെ ചിലതിന്റെയൊക്കെ അക്കൗണ്ട്സ് ഫൈനലൈസ് ചെയ്തിട്ടില്ല. ചിലതിൽ ഓഡിറ്റ് നടക്കുന്നില്ല. അപ്പോൾ തലേ ആണ്ടിലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഒരു പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിനും ഇതിൽനിന്ന് ഒരു പൈസപോലും അങ്ങയ്ക്ക് കൊടുക്കാൻ സാധിക്കില്ലായെന്ന് വന്നാൽ നമ്മുടെ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിന് പണം കിട്ടുമോ? കിട്ടുകയില്ല. പിന്നെയുള്ളത് എന്താണ്? ഇവിടെ കിട്ടാൻവേണ്ടി പോകുന്നത് ആർക്കാണ്? നമ്മുടെ സൊസൈറ്റീസ് ആക്ട്, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, അതനുസരിച്ച് രജിസ്റ്റർ ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് മറുപടി പറഞ്ഞിട്ടില്ല. ഒരു കാര്യം പറഞ്ഞു. ചക്രവട്ടം പദ്ധതിക്ക് കൊടുക്കാൻ കഴിയുമോ? കഴിയുകയില്ല, നിങ്ങളുടെ സ്കീമിലെ 3-ാം വകുപ്പു വച്ചുകൊണ്ട് ചക്രവട്ടം പദ്ധതിക്ക് കൊടുക്കണമെങ്കിൽ അതിനെ ഒന്നുകിൽ ഒരു കോർപ്പറേഷനാക്കണം, അല്ലെങ്കിൽ സൊസൈറ്റി ആക്കണം, അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് ഇത് ഏതെങ്കിലും വച്ചുകൊണ്ട് ഒന്ന് രജിസ്റ്റർ ചെയ്യണം, എങ്കിലേ അതിന് ലോൺ കൊടുക്കാൻ സാധിക്കൂ.

സർ, രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ പോരാ. ഒരു കൊല്ലത്തെ പെർഫോമൻസ് നോക്കണം. അതുകഴിഞ്ഞാലും പോരാ. അതിന്റെ ആഡിറ്റ് കൊടുക്കണം. ആഡിറ്റ് കഴിഞ്ഞിട്ട് അതിന്റെ സർട്ടിഫിക്കറ്റ് വാങ്ങണം. ചുരുങ്ങിയത് രണ്ടുമൂന്നുവർഷം ഒരു പൈസ ഇതിൽനിന്ന് കൊടുക്കാൻ സാധിക്കുമോ? ഏത് പദ്ധതിക്കാണ് കൊടുക്കാൻ സാധിക്കുന്നത്? പബ്ലിക് അണ്ടർടേക്കിംഗ്സിന് കൊടുക്കാൻ സാധിക്കുകയില്ല. പുതിയ വികസനത്തിനുവേണ്ടി വല്ലതും ഉണ്ടാക്കുകയാണെങ്കിൽ, റോഡോ, പാലമോ, ഇറിഗേഷനോ അല്ലെങ്കിൽ അഴുക്കുചാൽ പദ്ധതിയോ ഉണ്ടാക്കുകയാണെങ്കിൽ അതിനൊക്കെ ഇനി ഈ ആക്ട് വച്ചുകൊണ്ട് രജിസ്റ്റർ ചെയ്ത് ഇതനുസരിച്ച് അവിടെ ഒരു കമ്പനിയുണ്ടാക്കണം. ആ കമ്പനിക്കല്ലാതെ കൊടുക്കാൻ സാധിക്കുമോ? കൊടുക്കാൻ കഴിയുകയില്ല. അതിന് വ്യവസ്ഥയില്ല. അപ്പോൾ വരുന്ന രണ്ടുകൊല്ലക്കാലം ഒരാൾക്കും ഒരു പൈസയും കിട്ടുകയില്ല. പിന്നെ ഏതെങ്കിലും പബ്ലിക് അണ്ടർടേക്കിംഗ്സ് നല്ല ലാഭത്തിൽ നടക്കുന്നതുണ്ടെങ്കിൽ അവർക്ക് ചില്ലറ വല്ലതും കൊടുക്കാൻവേണ്ടി മാത്രം. പിന്നെ ഇത് കിട്ടാൻ പോകുന്നത് ആർക്കാണെന്നറിയാമോ? ജോയിന്റ് സെക്ടർ കമ്പനികൾക്കാണ്. ആ ജോയിന്റ് സെക്ടർ കമ്പനികളിലൊക്കെ ആഡിറ്റ് നടക്കുന്നത് എങ്ങനെയാണ്? പബ്ലിക് സെക്ടറിൽ ആഡിറ്റ് നടത്തുന്ന Register of Companies Law അവിടെനിന്നാണ് ആഡിറ്റർമാരെ അപ്പോയിന്റ് ചെയ്യുന്നത്. എന്നാൽ ജോയിന്റ് സെക്ടറിലോ ചാർട്ടേർഡ് അക്കൗണ്ടന്റ്. അവർക്ക് ചെയ്യാൻ സാധിക്കും. അവർക്ക് സർട്ടിഫിക്കറ്റ് വാങ്ങാൻ സാധിക്കും. ഫലത്തിൽ ഇത് ജോയിന്റ് സെക്ടറിൽ, ഈ നാട്ടിലെ കുത്തകമുതലാളിമാർക്കു വേണ്ടിമാത്രം കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ കഴിയുന്ന ഒരു പദ്ധതിയായി അവസാനിക്കുകയാണ്. നിങ്ങൾ ഒരു മണിക്കൂർ മുൻപ് പ്രസംഗിച്ചതിന് നേരെ കടകവിരുദ്ധമാണ് ഇതെന്നുള്ള കാര്യം ഞാൻ പറയട്ടെ. പക്ഷെ നിങ്ങളുടെ ഉദ്ദേശ്യം എനിക്കറിയാം. ആർക്കും കൊടുക്കാൻ ഉദ്ദേശ്യമില്ല. നിങ്ങളുടെ വെയ്സ് ആന്റ് മീൻസ് പൊസിഷനുവേണ്ടിമാത്രമാണ്. പബ്ലിക് സെക്ടറിന് കിട്ടുകയില്ല. സൊസൈറ്റീസ് ആക്ടനുസരിച്ച് വച്ചതിന് കിട്ടുകയില്ല. രണ്ടുകൊല്ലക്കാലത്തേയ്ക്ക് ഒരാൾക്കും കൊടുക്കാൻ കഴിയാതെ സർക്കാരിന്റെ വേയ്സ് ആന്റ് മീൻസിനുവേണ്ടിമാത്രം കോൺസ്റ്റിറ്റ്യൂഷന്റെ ആർട്ടിക്കിൾ 293(3) വയലേറ്റ് ചെയ്തുകൊണ്ട്, അതിനെ മറികടന്നുകൊണ്ടുള്ള ഒരു നിയമനിർമ്മാണം ഒരിക്കലും ഒരു സംസ്ഥാനത്തിനും ഭൂഷണമല്ലെന്നുമാത്രമാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

സർ, ഇതിനകത്ത് ആ സ്കീമിന്റെ നാലാം വകുപ്പ് ഉപവകുപ്പ് (4) എടുത്തു നോക്കൂ. എന്താണ് വകുപ്പ് 4, ഉപവകുപ്പ് (4)-ൽ പറയുന്നത്

(4) The Fund shall be deposited in the Head of Account in the Public Account of the Government opened for this purpose.

(5) Notwithstanding andthing contained in sub-paragraph (4), the Board may with previous approval of the Government open a Treasury Savings Bank Account or an account in a Scheduled Bank for the purpose of deposit of any amount.

സർ, ട്രഷറിയിലെ ഒരു എസ്.ബി അക്കൗണ്ടിൽപോലും ഇതിന്റെ പണമിടാൻ പാടില്ല. എന്താണ് കാരണം? അതിലിട്ടാൽ അവരൊക്കെ വിത്ഡ്രാ ചെയ്താലോ? പാടില്ല. അതിന് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വേണം. ഇതിനുവേണ്ടി പ്രത്യേകമായ ഹെഡ് ഓഫ് അക്കൗണ്ട്. ആ ഹെഡ് ഓഫ് അക്കൗണ്ടിൽ മാത്രം ഇത് നിക്ഷേപിക്കുക.

സർ, ഈ നിയമത്തിൽ പറയുന്ന ഒരു കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്, നിയമത്തിൽ പറഞ്ഞതെന്താണെന്നു ചോദിച്ചാൽ ആ നിധി പറഞ്ഞ്, 3-ാം വകുപ്പിൽ അതിന്റെ (5)(2) ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളത്, ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ് എന്നാണ്. അത് പബ്ലിക് അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ മുൻപേകൂട്ടിയുള്ള അനുവാദം വാങ്ങി ഷെഡ്യൂൾഡ് ബാങ്കിലോ നിക്ഷേപിക്കണം.

അതിന് വിരുദ്ധമായി ഈ സ്കീം ഉണ്ടാക്കാൻ ആർക്കാണ് അധികാരം? ഇത് എക്സസീവ് ഡെലിഗേഷനാണ്. ഈ സഭയിൽ കൊണ്ടുവന്നബില്ലിന് കടകവിരുദ്ധമായിക്കൊണ്ട്. അതിന്റെ സ്പിരിറ്റിന് എതിരായിക്കൊണ്ട് സ്കീം കൊണ്ടുവന്നിരിക്കുന്നു. ബില്ലിൽ എന്താണ് പറഞ്ഞത്? പബ്ലിക് അക്കൗണ്ടിലോ അല്ലെങ്കിൽ ഗവൺമെന്റിന്റെ സമ്മതത്തോടുകൂടി ഷെഡ്യൂൾഡ് ബാങ്കിലോ എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ പറഞ്ഞത് എന്താണ്? പബ്ലിക് അക്കൗണ്ടിൽ ഗവൺമെന്റ് പറയുന്ന നമ്പരിൽ ഇത് ഇടണം. ആക്ടുപ്രകാരം എസ്.ബി അക്കൗണ്ടിൽ ഇടാൻ ഇതിൽ വ്യവസ്ഥയുണ്ട്. നിയമമുണ്ടാക്കിയപ്പോൾ എന്തു ചെയ്തുവെന്നറിയാമോ? ഇത് പറയാൻ ആർക്കാണ് അധികാരം? ഈ ലെജിസ്ലേച്ചറിനാണോ അധികാരം? ഈ ലെജിസ്ലേച്ചറിന്റെ അധികാരം സ്കീമുണ്ടാക്കിയപ്പോൾ കവർന്നിരിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ മനസ്സിലാക്കണം. ആർക്ക് അധികാരമുണ്ട് സർ? ഇതുകൊണ്ടൊക്കെ ആയിരിക്കും സ്കീം സർക്കുലേറ്റ് ചെയ്യാതിരുന്നത്.

സർ, ഞാൻ അവസാനിപ്പിക്കുന്നു. ഇനി ആർക്കെങ്കിലും ഇതിൽനിന്നു കടംകൊടുക്കണമെന്ന് ഉദ്ദേശിച്ചാൽ എന്തുവേണമെന്ന് അറിയാമോ? ഒന്നുകിൽ ആ സ്ഥാപനത്തിന് ഏതെങ്കിലും ബാങ്കുമായി ബിസിനസ്സുണ്ടെങ്കിൽ ആ ബാങ്കിന്റെ അല്ലെങ്കിൽ ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷന്റെ എൻ.ഒ.സി വാങ്ങണം. നല്ല കാര്യമാണ്. അതിലൊക്കെ ഒരു ഡിസിപ്ലിൻ വേണം. അതിന് ഞാൻ എതിരല്ല. അങ്ങനെ വാങ്ങണമെങ്കിൽ നമ്മുടെ എത്ര പബ്ലിക് അണ്ടർടേക്കിംഗ്സിന് കിട്ടും? അവിടെയൊക്കെ overdue..... ആയി കിടക്കുകയല്ലേ? എത്രയെണ്ണത്തിന് വാങ്ങാൻ സാധിക്കും? പക്ഷെ ഈ വ്യവസ്ഥയെ ഞാൻ എതിർക്കുന്നില്ല. ഒരു ഫൈനാൻഷ്യൽ ഡിസിപ്ലിൻ വേണം. അതുകൊണ്ട് ഞാൻ പറയുന്നു, ഈ പറയുന്നത് ആർട്ടിക്കിൾ 293-നെ മറികടക്കാനുള്ളതാണ് എന്നുമാത്രമല്ല ഈ സ്കീമെന്ന് പറയുന്നത് ഇവിടെ ഉണ്ടാക്കിയ നിയമത്തെപ്പോലും മറികടക്കുന്ന രൂപത്തിലാണ്. ഇതുകൊണ്ട് ഒരു പബ്ലിക് അണ്ടർടേക്കിംഗ്സിനും ഗുണം കിട്ടാൻ പോകുന്നില്ല. ഇതിന്റെ ഗുണം ആർക്കെങ്കിലും കിട്ടുമെങ്കിൽ അത് മുതലാളിമാർക്കുമാത്രമാണ്. മുതലാളിത്തത്തിന് എതിരായി ഇവിടെ പറഞ്ഞല്ലോ, അവരെ സഹായിക്കാൻവേണ്ടി മാത്രമുള്ള ഒന്നായി മാറും. ഒരുപക്ഷേ അതും ഉണ്ടാവുകയില്ല. അവസാനം സർക്കാരിന്റെ വെയ്സ് ആന്റ് മീൻസിനുള്ള ഒരു ഏർപ്പാടായി മാറും, ഇത് ശരിയല്ല. ഇവിടെ വ്യവസായം ഉണ്ടാകണം. ഇവിടെ വികസനമുണ്ടാകണം. അതിനുവേണ്ടി ചെലവഴിക്കാൻ കഴിയുന്ന രൂപത്തിൽ മാറ്റണം. അതുകൊണ്ട് എനിക്ക് ഒറ്റ അഭിപ്രായമേയുള്ളൂ. ഈ പണം പബ്ലിക് അക്കൗണ്ടിൽത്തന്നെ നിക്ഷേപിക്കുക, ആ പണത്തിൽനിന്ന് ഒറ്റ പൈസപോലും വെയ്സ് ആന്റ് മീൻസിന് എടുക്കുകയില്ലെന്ന വ്യവസ്ഥയുണ്ടാക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇവിടെ അടിസ്ഥാന സൗകര്യ നിക്ഷേപനിധി എന്ന പേരിൽ കൊണ്ടുവന്നിരിക്കുന്നത് സത്യത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ഖജനാവ് അടച്ചുപൂട്ടാതിരിക്കാനുള്ള ഒരു നിക്ഷേപനിധിയാണ്. ഇവിടെ എല്ലാവരും പറഞ്ഞ കാര്യം അതുതന്നെയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പൊതുവായ ഉത്കണ്ഠ ഈ സമ്മേളനത്തിലൂടനീളം ഉണ്ടാവുകയുണ്ടായി. നമ്മുടെ പൊതുകടം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഓരോ കേരളീയനും കൂടുതൽ കൂടുതൽ കടക്കാരനായിക്കൊണ്ടിരിക്കുന്ന ഒരു പ്രവണതയിലേയ്ക്കാണ് നമ്മുടെ സംസ്ഥാനം പൊയ്ക്കൊണ്ടിരിക്കുന്നതെന്നുള്ളതാണ് യഥാർത്ഥ്യം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, എനിക്ക് റിപ്ലേ ചെയ്യണ്ടേ?

മി.സ്പീക്കർ : ഡിസെന്റും ഭേദഗതിയും ചേർത്തിട്ടാണ്. അങ്ങ് റിപ്ലേ ചെയ്യേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വേണുഗോപാൽ : ഇവിടെ ശ്രീ. ഉമ്മൻചാണ്ടി സൂചിപ്പിച്ചു. ജനിക്കാത്ത കുഞ്ഞിന് ജാതകം എഴുതുന്ന സ്ഥിതിയിലാണ് നമ്മുടെ സംസ്ഥാന ഗവൺമെന്റ്. ഇവിടെ പ്രോജക്ടിനെക്കുറിച്ചുള്ള അന്തിമമായ രൂപമൊന്നുമുണ്ടായിട്ടില്ല. ഏതൊക്കെ പ്രോജക്ടുകളാണ് ഉണ്ടാക്കാൻ പോകുന്നത്. ഏതിനൊക്കെയാണ് ഗവൺമെന്റ് ഫിനാൻസ് ചെയ്യാൻ പോകുന്നതെന്നുള്ള ഒരു രൂപവുമില്ലാതെ സംസ്ഥാന ഗവൺമെന്റ് ഇത് പുറത്തിറക്കുകയാണ്. അതുകൊണ്ട് ജനിക്കാത്ത കുഞ്ഞിന് ജാതകമെഴുതുന്ന സ്വഭാവത്തിലേയ്ക്കാണ് പോകുന്നത്, നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു. പ്രോജക്ട് കോസ്റ്റ് ഓരോ ദിവസം കഴിയുംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ഇത്തരം കാശ് ചെലവഴിക്കുമ്പോൾ അത് ചെലവഴിക്കപ്പെടുന്നത് നഷ്ടത്തിലാകാതെ സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം നമുക്കില്ലേ?

സർ, കാൻസർ ആശുപത്രിയുടെ കാര്യം ഇവിടെ പറഞ്ഞു. അത് പ്രധാനപ്പെട്ട കാര്യമാണ്. ഈ നിയമസഭയിൽത്തന്നെ ധനാഭ്യർത്ഥന ചർച്ചാവേളയിൽ ഞാൻ ഇവിടെ ഉന്നയിച്ചതാണ്. 80 കോടി രൂപയുടെ പ്രോജക്ട് കോസ്റ്റ് ഉണ്ടായിരുന്നത് 287 കോടി രൂപയോളം വരുന്ന പ്രോജക്ട് കോസ്റ്റിലേയ്ക്ക് എത്തിയെന്നാണ് കെ.എസ്.ഇ.ബി പറഞ്ഞത്. അതിൽനിന്നാണ് 100 കോടി രൂപയുടെ കാൻസർ ആശുപത്രി വന്നിരിക്കുന്നത്. എന്തുകൊണ്ട് ഈ പ്രോജക്ട് കോസ്റ്റ് കുറയ്ക്കാൻ നമുക്ക് കഴിയുന്നില്ല. ഇലക്ട്രിസിറ്റി ബോർഡിലെ പ്രവർത്തനങ്ങൾ പ്രോജക്ട് കോസ്റ്റിൽ കുറയ്ക്കാൻ കഴിയാതെ കോസ്റ്റ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണല്ലോ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും താരിഫ് ഭീമമായി വർദ്ധിപ്പിച്ചിട്ടും ബോർഡ് വീണ്ടും നഷ്ടത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നത്. വ്യവസായികൾക്ക് വരാൻ നമ്മുടെ സംസ്ഥാനത്തിന്റെ ഏക ആകർഷണവലയമുണ്ടായിരുന്നത് താരിഫ് റേറ്റ് കുറച്ചുവെന്നുള്ളതാണ്. പക്ഷെ ഇപ്പോൾ എന്താണ്? ഇപ്പോൾ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരിഫ് റേറ്റ് കുറവല്ല. താരിഫ് റേറ്റ് കൂടിയിട്ടും നമ്മുടെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് നഷ്ടത്തിൽത്തന്നെ ഓടിക്കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്?

*[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]*

കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി പ്രോജക്ട് കോസ്റ്റ് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതു നിയന്ത്രിക്കാൻ കഴിയുന്നില്ല. ഇവിടെ വരാൻ പോകുന്ന പ്രോജക്ടുകളെ സംബന്ധിച്ച് എന്താണ് നമുക്ക് ഉറപ്പ്. ഗവണ്മെന്റ് ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വല്ല ഉറപ്പുമുണ്ടോ? ഇവിടെ ഊർജ്ജവികസനം, ജലസേചനം, കുടിവെള്ളം തുടങ്ങിയ മേഖലകളിലൊക്കെ പ്രത്യേകമായ ശ്രദ്ധ ഉണ്ടാകുമെന്നു പറഞ്ഞു. ഞാൻ മനസ്സിലാക്കുന്നത് നമ്മുടെ മന്ത്രിമാരൊക്കെ പ്രോജക്ടുകൾ തയ്യാറാക്കുന്ന തിരക്കിലാണെന്നാണ്. പല മന്ത്രിമാരുടെയും വകുപ്പുകളുടെ വികസനം സംബന്ധിച്ച് ധനകാര്യവകുപ്പ്, ഗവണ്മെന്റ് എന്താണ് മനസ്സിൽ വിചാരിച്ചിരിക്കുന്നുതെന്ന് മന്ത്രിമാർക്ക് അറിയാമോ എന്നറിയില്ല. ഇൻഫ്രാസ്ട്രക്ചർ നിധി, നിക്ഷേപനിധി വന്നുകഴിഞ്ഞാൽ അതിലൂടെ പ്രോജക്ടുകൾ നടപ്പാക്കാമെന്ന് ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി അതാണോ ഉദ്ദേശിച്ചത് എന്ന് എനിക്കറിയില്ല. പക്ഷെ പല മന്ത്രിമാരും ഈ നിക്ഷേപനിധി പ്രതീക്ഷയോടെ നോക്കിക്കൊണ്ടിരിക്കുകയാണ്. ഫലത്തിൽ സംഭവിക്കാൻ പോകു

ന്നത് നമ്മുടെ സംസ്ഥാന ബജനാവ് നിലനിറുത്താൻ വേണ്ടിയുള്ള ശ്രമങ്ങള ല്ലാതെ ഈ രംഗത്ത് കാര്യമായ ഒരു പ്രോജക്ടുമുണ്ടാക്കാൻ പോകുന്നില്ല. നമ്മുടെ ഇൻഫ്രാസ്ട്രക്ചർ, അടിസ്ഥാന വികസനരംഗത്ത് യാതൊരു പരിപാ ടികളുമുണ്ടാകാൻ പോകുന്നില്ല. അങ്ങേക്ക് ഒരു കാര്യം സമ്മതിക്കാം. ധനകാ ര്യവകുപ്പിന്റെ ഒരു ഓവർആൾ കൺട്രോൾ ഈ ബോർഡിനുണ്ടാകും. അതു കൊണ്ട് ധനകാര്യവകുപ്പ് ഇഷ്ടപ്പെടുന്ന ഒന്നോ രണ്ടോ പ്രോജക്ടുകൾ പേരിനു കൊടുക്കാമെന്നല്ലാതെ ഫലത്തിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനത്തിനു വേണ്ടിയുള്ള ഒരു പരിപാടിയും ഇതിൽ ഉണ്ടാകാൻ പോകു ന്നില്ല എന്നതാണ് യാഥാർത്ഥ്യം. കേരളീയരുടെ ഓരോ വർഷം കഴിയും തോറും 21-ാം നൂറ്റാണ്ടിലേക്ക് പോകുമ്പോഴും കേരളീയന് കൂടുതൽ കടബാ ദ്ധ്യതയില്ലാതാകാൻവേണ്ടി യാതൊന്നുമില്ല. ധനകാര്യമന്ത്രിയെന്ന നിലയിൽ പല കാര്യങ്ങളും ശ്രദ്ധിക്കും. ഈരംഗത്ത് തൊഴിലാളികൾക്ക് പ്രതീക്ഷ നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കാൻ വേണ്ടിയാണ് ഇതു കൊണ്ടുപോകുന്ന തെങ്കിൽ മനസ്സിലാക്കാൻ കഴിയും പക്ഷേ അതിലേക്ക് കൊണ്ടുപോകുന്ന ഒരു ശ്രമം ഈ ഗവണ്മെന്റിന്റെ ഭാഗത്ത് നിന്നില്ല. അത്തരം കാര്യങ്ങളിൽ അങ്ങ നെയൊരു നയവുമില്ല. ജനങ്ങളെ കൂടുതൽ കടക്കാരനാക്കാനുള്ള ശ്രമത്തി ലേക്കു പോകുന്ന ഈ ബിൽ വീണ്ടും സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ഞാൻ സമർപ്പിക്കുകയാണ്.

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ</u> : സർ, സബ്ജക്ടു കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1999-ലെ കേരള അടിസ്ഥാന സൗകര്യനിക്ഷേപനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഗവൺമെന്റിന്റെ നിലവിലുള്ള ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേ ണ്ടിയാണ് ഗവണ്മെന്റ് കേരള അടിസ്ഥാന സൗകര്യനിക്ഷേപനിധി എന്നു പറഞ്ഞ് ഒരു ബിൽ കൊണ്ടുവരാനിടയായത്. അത് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്. ഇപ്പോൾ എല്ലാ സംസ്ഥാനങ്ങളും ഉന്നതമായ രീതിയിൽ പുരോഗതി പ്രാപിക്കുന്നതിനുവേണ്ടി ആധുനിക ടെക്നോളജി ഉപ യോഗിക്കുന്നു. ഈരംഗത്ത് പലപ്പോഴും കേരളം പുറംതള്ളിപ്പോകുന്ന സ്ഥിതി യുണ്ട്. അതുമറികടക്കണമെങ്കിൽ നമുക്ക് കേരളത്തിന്റെ പുരോഗതിക്ക് ആവ ശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പാട് ചെയ്യണം. കാർഷിക വ്യാവസാ യിക രംഗങ്ങളിൽ നമ്മൾ വളരെയധികം പുറകിലാണ്. കാർഷിക വ്യാവസാ യിക മേഖലകളിൽ പുരോഗതി ഉണ്ടാകണമെങ്കിൽ ഈ അടിസ്ഥാനസൗകര്യ ങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനാൽ ആവശ്യമായ അടിസ്ഥാനസൗക ര്യങ്ങൾ മെച്ചപ്പെടുത്താൻവേണ്ടിയാണ് ഗവണ്മെന്റ് ഇങ്ങനെയൊരു ബിൽ കൊണ്ടുവരാനിടയായത്. ആധുനിക ടെക്നോളജിയും അതുപോലെയുള്ള വികസനവും കാർഷിക വ്യാവസായിക മേഖലകളിലുണ്ടായാൽ മാത്രമേ നമുക്ക് പുരോഗതിയുണ്ടാകൂ. അത് കാലഘട്ടത്തിന്റെ മാറ്റമാണ്. അത് നമ്മളും ഉൾക്കൊള്ളണം. നമ്മുടെ അടുത്ത സംസ്ഥാനങ്ങളായ തമിഴ്നാടും ആന്ധ്രയുമൊക്കെ വ്യാവസായിക കാർഷികരംഗങ്ങളിൽ നമ്മളേക്കാൾ വളരെ യേറെ മുൻപന്തിയിൽ പൊയ്ക്കൊണ്ടിരിക്കുന്ന സ്ഥിതിയാണ്. ഈ സാഹചര്യ ത്തിൽ നമ്മൾ പുറകോട്ടു പോകാതിരിക്കാൻവേണ്ടിയാണ് ഈ ബില്ല് ഇവിടെ അവതരിപ്പിക്കാനിടയായത്. ഈ ബില്ല് കൊണ്ടുദ്ദേശിക്കുന്നത് നമ്മുടെ അടി സ്ഥാനപരമായ വൈദ്യുതി, റോഡുകൾ, ജലസേചനം, തുറമുഖം, ശുദ്ധജലവി തരണം, ഉൾനാടൻ ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനം, മലിനജലനിർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

മനം അങ്ങനെയുള്ള മേഖലകളിലെ വിവിധ ഉദ്ദേശ്യങ്ങളോടുകൂടിയാണ്. ഇനിയും ഇതിന് കാലതാമസമുണ്ടാകരുത്. ഈ പദ്ധതി നടപ്പിലാക്കാനുള്ള ധനം സ്വരൂപിക്കാനുള്ള ശ്രമത്തിൽ ചുവപ്പു നാടയിൽ കുടുങ്ങി സമയത്തിന് പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. അതു ഒഴിവാക്കുന്നതി നുവേണ്ടി ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണം. പദ്ധതികൾ നടപ്പിലാക്കാനുള്ള ഫണ്ട് സ്വരൂപിക്കുകയും വേണം. അതിനായി ഉന്നത ഉദ്യോഗസ്ഥന്മാരും ഡെവലപ്മെന്റ് ഫീൽഡിൽ പരിചയമുള്ള വിദഗ്ദ്ധരുമടങ്ങുന്ന ഭരണസമിതി യെയും ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. സാധാരണ വരാവുന്ന കാലതാമസം ഒഴിവാക്കാൻ ബോണ്ടുകൾ പുറപ്പെടുവിച്ചോ കടപത്രം സമാഹ രിച്ചോ ഫണ്ട് സമാഹരിക്കാനുള്ള ബോർഡിന്റെ നിലവിലുള്ള അധികാരമു ണ്ടാകണം. നിലവിലുള്ള ധനസമാഹരണത്തിനുള്ള കാലതാമസം ഒഴിവാ ക്കാൻവേണ്ടിയാണ് അങ്ങനെ ഒരേർപ്പാട് ഗവണ്മെന്റ് ചെയ്തിരിക്കുന്നത്. അതുപോലെതന്നെ സ്വാഭാവികമായും ബഹുരാഷ്ട്ര കുത്തകകളും ശക്ത രായ സ്വകാര്യ വ്യക്തികളും ഈ മേഖലയിൽ കടന്നുവരാൻ വളരെയേറെ സാദ്ധ്യതകളുണ്ട്. അങ്ങനെ വരാതിരിക്കാൻ ബോർഡിന്റെ പ്രവർത്തനം വളരെ സഹായകരമാണ്. ബോർഡ് സമർപ്പിക്കുന്ന പദ്ധതികളിൽ കൂട്ടിച്ചേർക്ക ലുകളോ ഭേദഗതികളോ വരുത്തുകയും മാറ്റം വരുത്തുകയും ചെയ്യുന്നതി നുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. അതുകൊണ്ടുതന്നെ ഈ ബില്ല് കാര്യക്ഷമമായതും കുറ്റമറ്റതുമായിരിക്കുമെന്ന കാര്യത്തിൽ സംശയ മില്ല. ബോർഡ് ഫണ്ട് നൽകുന്ന പദ്ധതികളുടെ മോണിറ്ററിംഗ് സൗകര്യം ഏർപ്പാട് ചെയ്യാനുള്ള അധികാരവും ബോർഡിനു നൽകിയിട്ടുണ്ടെന്നുള്ളതു കൊണ്ട് നമുക്ക് പഞ്ചവത്സര പദ്ധതികളുടെ വളരെ ദ്രുതഗതിയിലുള്ള പരിപാ ടികൾ നടപ്പിലാക്കിയും ഏതാണ്ട് അടുത്ത രണ്ടുവർഷങ്ങളിൽക്കൂടിത്തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക വ്യാവസായിക മേഖലകളിൽ അടി സ്ഥാനപരമായ മാറ്റമുണ്ടാക്കി ഇന്നത്തെ പുതിയ അത്യാധുനിക സംവിധാന ങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വമ്പിച്ച മാറ്റമുണ്ടാക്കാൻ ഈ കാലഘട്ടത്തിൽ കഴിയും. ഇതിന്റെ ഫലമായി നമ്മുടെ നാട്ടിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും. മറ്റു സംസ്ഥാനങ്ങളോട് കിടപിടി ക്കാൻ കഴിയുന്ന രീതിയിലേക്ക് എത്താൻ കഴിയും. ഊർജ്ജരംഗത്ത് വിപ്ലവക രമായ മാറ്റമാണ് വന്നിട്ടുള്ളത്. വലിയ വ്യവസായികളെ ഇങ്ങോട്ട് ആകർഷി ക്കാൻ കഴിയുന്നതാണ്. ഇത്തരം സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്തിനാ വശ്യമാണ്. അത് ഒഴിച്ചുനിറുത്തിക്കൊണ്ട് നമുക്ക് മുന്നോട്ടു പോകാൻ കഴി യില്ല. അതുകൊണ്ട് അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി അവതരിപ്പിച്ച ഗവണ്മെന്റിന്റെ കേരള അടിസ്ഥാന സൗകര്യനിക്ഷേപ നിധി ബില്ലിന്റെ ഭേദഗതികളെ ഞാൻ അനുകൂലിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ ഇവിടെ ചുരുക്കത്തിൽ ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. ഒന്നാമത് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും, ബഹുമാനപ്പെട്ട തമ്പാനൂർ രവിയും പറഞ്ഞ ഭരണഘടനയിലെ ആർട്ടിക്കിൾ 293(3)- നെക്കുറിച്ചാണ്. അത് ഞാൻ അന്നുതന്നെ പറഞ്ഞു, കോൺസ്റ്റിറ്റ്യൂഷണലായിട്ട് നിൽക്കുകയില്ല. കാരണം സ്റ്റേറ്റ് ബോറോ ചെയ്യുമ്പോഴേ അത് ആവശ്യമുള്ളൂ. അല്ലാതെ ഒരു ഇൻഡി പെൻഡന്റ് കോർപ്പറേഷനോ ബോർഡോ ആണ് ചെയ്യുന്നതെങ്കിൽ അത് വേണ്ട. ഗ്യാരന്റി നിൽക്കാനായിരുന്നു. So Article 293(3) will not be fit. അതിന് വേണ്ടെന്ന് വളരെ വ്യക്തമായി പറയുകയും അഡ്വക്കേറ്റ് ജനറലി ന്റെയും ലാ ഡിപ്പാർട്ടുമെന്റിന്റേയുമൊക്കെ അഭിപ്രായമൊക്കെ വളരെ വ്യക്ത

LIBRARY ARCHIVES Kerala Legislative Assembly

മായി പറയുകയും ചെയ്തതാണ്. എനിക്ക് അതിനെപ്പറ്റി ഇത്രയേ പറയാനു ള്ളൂ. അതുപോലെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ചില ശരിയായ ആശങ്കകൾ പ്രകടിപ്പിച്ചു. പ്രോജക്ടുകൾ വല്ലതുമുണ്ടോ? ഇവിടെ ഞാൻ അന്ന് പറഞ്ഞ തതാണ്. അതായത് ക്ലിയറായിട്ടുള്ള പ്രോജക്ടുകളുണ്ട്. ആ പ്രോജക്ടുകൾ റിസർവ്ബാങ്കിന്റെ മുമ്പിൽ കൊണ്ടുപോയി ഡിസ്പ്ലേ ചെയ്തതുമാണ്. പ്രോജക്ട്സ് ഏതിനെയൊക്കെ സഹായിക്കുകയെന്നുമുണ്ട്. റോഡ് സെക്ട റിൽ 13 പ്രോജക്ടുകളുണ്ട്. ഇൻലാന്റ് നാവിഗേഷൻ 2 പ്രോജക്ട്, പോർട്ട് സെക്ടർ-3 പ്രോജക്ട്, ഇറിഗേഷൻ-5, വാട്ടർസപ്ലൈ-2 സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ്-1, പവർ സെക്ടർ- ഓരോ വർഷത്തേക്കുണ്ട്. ലോക്കൽ ബോഡീസിന്റെ എസ്.പി.വി. അതുപോലെ ഇറിഗേഷന് ചമ്രവട്ടം പ്രോജക്ട്, തൃത്താല റെഗുലേറ്റർ-കം-ബ്രിഡ്ജ്. ചമ്രവട്ടത്തിനൊക്കെ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കമ്പനി രജിസ്റ്റർ ചെയ്തവർക്കേ ഇത് കൊടുക്കാൻ കഴിയൂ. അല്ലെങ്കിൽ ഏതെങ്കിലും ആക്ടിൻപ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റിയാ യിരിക്കണം. അത് ഡിപ്പാർട്ടുമെന്റിന് കൊടുക്കാൻ കഴിയുകയില്ല. അതാണ് ഇതിന്റെ സേഫ്റ്റി. അതുകൊണ്ട് പ്രോജക്ട് ഇല്ലെന്നുള്ളത് ശരിയല്ല. മറ്റൊന്ന്, ഈ വർഷം എത്ര സംഖ്യ ചെലവഴിക്കുമെന്ന് ചോദിച്ചു. അത് അസംബ്ലി യിൽ കൃത്യമായി പറയാൻ കഴിയുകയില്ല. കഴിയുന്നത്ര പ്രോജക്ടുകൾ ഈ വർഷം തന്നെ ഏറ്റെടുക്കാനാണ് ആഗ്രഹിക്കുന്നത്. പക്ഷേ അത് എത്ര ചെല വഴിക്കുമെന്നുള്ളത് ഇപ്പോൾ ഞാൻ പറയുന്നത് അൺറിയലിസ്റ്റിക്ക് ആയി രിക്കും. യാതൊരു ബേസിസുമില്ലാതെ ഒരു ഉറപ്പ് തരുന്നതായിരിക്കും. അത് അങ്ങനെ നിർബന്ധിക്കരുതെന്ന് വളരെ വിനയപുരസ്സരം പറയാനാഗ്രഹിക്കു കയാണ്. ഇതിന്റെ ഇന്ററസ്റ്റ് റേറ്റ് 13.25% ഇതും വളരെ കാര്യമായിട്ടുള്ള ഇന്ററ സ്റ്റുണ്ട്. നാഷണൽ സേവിംഗ്സിന്റെ ലോണിന് ഇന്ററസ്റ്റ് 14% ആണ്. നാഷ ണൽ സേവിംഗ്സിന്റെ ലോണിനെക്കാൾ കമ്മിയാണല്ലോ 13.25% അപ്പോൾ അത് സോഫ്റ്റ് ലോണാണ്. ഇത് കുറെ അമിതമായ പലിശയാണെന്നുള്ള വാദം ശരിയല്ല. അത് ഞാൻ കറക്ടു ചെയ്യാനാഗ്രഹിക്കുകയാണ്. ഈ പലിശ യിൽ തന്നെ ധൃതി എന്തെന്നൊക്കെ ചോദിച്ചു. അത് ഞാൻ ഒന്നിച്ച് പറയാം. ഞാൻ ഇവിടെ വളരെ പ്രസക്തമായ രേഖ-എസ്.ബി.ഐ.യുടെ കാപ്സിന്റെ കത്തുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ Capital Markets Limited.- In view of the current liquidity in the market we would advise you to float the bond on 15.11.99. 15 –ന് തന്നെ ബോണ്ടിറക്കണമെന്ന് അവർ എഴുതി. "We have suggested this date in view of the fact that so many are to enter the market immediately. We had suggested the rate of atleast 13.4%" അവർ സജസ്റ്റുചെയ്യുന്നത്. However, keeping in mind your desire to go to the market at a more economical rate for the board we feel that you can try the market at 13.25% as proposed by you'' ഇത് എസ്. ബി.ഐ. യുടെ കാപ്സിന്റെ കത്താണ്. അവർ പറഞ്ഞു ഇപ്പോൾ തന്നെ മാർക്കറ്റിൽ ഇറങ്ങണം. ലികിഡിറ്റി ധാരാളമുള്ള സമയത്ത് മാർക്കറ്റിൽ ഇറ ങ്ങണം. ഇപ്പോൾ ഇറങ്ങിക്കഴിഞ്ഞു. That is tightend. എല്ലാ സ്റ്റേറ്റുകളുമിറങ്ങി. ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ ഉണ്ടാക്കിയിട്ടോ ഫണ്ട് ബോർഡുണ്ടാക്കി യിട്ടോ എട്ട് സ്റ്റേറ്റുകളിറങ്ങി. എട്ട് സ്റ്റേറ്റുകളിറങ്ങിയിട്ട് നമ്മൾ അൽപ്പം വൈകി യിരുന്നുവെങ്കിൽ നമുക്ക് ഈ 540 കിട്ടുകയില്ല. അതുകൊണ്ടാണ് ധൃതിയുണ്ടാ യത്. അത് ഞാൻ ബഹുമാനപ്പെട്ട ആര്യാടനും കൂടി മറുപടി പറയുകയാണ്. നവംബർ 11-ന്റെ തിരക്കും 15-ന് ബോണ്ടിറക്കിയതും ഒക്കെ ആ haste എന്തി നാണെന്ന് ചോദിച്ചാൽ ഇതിനുവേണ്ടിയാണ്. മാത്രമല്ല, ഞാൻ അന്ന് എക്ക ണോമിക് ടൈംസിലെ ന്യൂസ് വായിച്ചല്ലോ. വീണ്ടു വായിക്കാനാഗ്രഹിക്കുന്നി

LIBRARY ARCHIVES Kerala Legislative Assembly

ല്ല. അത്രയധികം ആളുകൾ ഇതിനുവേണ്ടി craze ആയിട്ട് നടക്കുകയായിരുന്നു. അതുകൊണ്ട് നമ്മൾ അതിനുവേണ്ടി നോക്കി. അത്രയേ അതിനെപ്പറ്റി പറയുന്നുള്ളൂ. പിന്നെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പറഞ്ഞ കാര്യം ഞാൻ വളരെ ഗൗരവമായി എടുക്കുന്നു. ഒരു ബോർഡോ എന്തെങ്കിലുമുണ്ടാക്കിയാൽ ആ ബോർഡിലെ ചെയർമാന് കാർ, ക്വാർട്ടേഴ്സ്, ഗസ്റ്റ് ഹൗസ്, വിദേശ യാത്ര തുടങ്ങിയ ഇത്യാദി ചെലവുകളൊന്നും വരാതിരിക്കാൻ വേണ്ടിയാണ് ഒരു കോർപ്പറേഷനുണ്ടാക്കാതെ ഒരു ഫണ്ട് ബോർഡ് ഉണ്ടാക്കിയതും. ബോർഡ് മെമ്പേഴ്സ് എന്നു പറയുന്നത് ആറ് ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരാണ്. അവരുടെ ചെലവ് പരമാവധി കുറയ്ക്കാനും, കാർ, ബംഗ്ലാവ്, ഗസ്റ്റ് ഹൗസ് ഇത്യാദി paraphernalia ഒഴിവാക്കാനും വേണ്ടിയാണ് ഇങ്ങനെ ബോർഡുണ്ടാക്കിയതും അതിന്റെ ഡയറക്ടർമാരാക്കി ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെ വച്ചതും. പിന്നെ മറ്റൊരു കാര്യംകൂടി ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ചോദിച്ചു. ഇത് മുഴുവൻ ചെലവഴിച്ചാലേ ബോണ്ട് ഇറക്കുകയുള്ളൂവെന്ന് അഷ്വറൻസ് തരാമോയെന്ന്. അതും ഗൗരവമായ ചോദ്യമാണ്. ആ ചോദ്യം ഞാൻ ലാഘവബുദ്ധിയോടുകൂടി കാണുന്നില്ല. അതിന്റെ പിന്നിലുള്ള ആശങ്കയും എനിക്കറിയാം. പക്ഷേ ഇത് ഫ്ളോട്ട് ചെയ്ത് ആവശ്യമാണെന്ന് കണ്ടാൽ അതിന്റെ കൂടെ ഇനി ഡിബഞ്ചർ ഇറക്കാനുള്ള ഒരു സ്വാതന്ത്ര്യം വളരെ വിരളമായേ ഉപയോഗിക്കുകയുള്ളൂ. It will be very very sparingly used. പക്ഷേ യൂസ് ചെയ്യുകയില്ലെന്ന് ഞാൻ പറഞ്ഞാൽ അത് നമ്മുടെ കൈ സ്വയം കെട്ട് ചെയ്യലായിരിക്കും. അത് വേണ്ടെന്ന് വച്ചിട്ടാണ് very very sparingly used. Your point is very well taken. ആ രീതിയിൽ തന്നെ ഗവണ്മെന്റ് അത് കൈകാര്യം ചെയ്യുകയുള്ളൂ. പിന്നെ ബഹുമാനപ്പെട്ട തമ്പാനൂർ രവി പറഞ്ഞ കാര്യങ്ങൾക്കൊന്നും ഞാൻ മറുപടി പറയാൻ പോകുന്നില്ല. വളരെ ബാഡ് ഫിനാൻഷ്യൽ മാനേജ്മെന്റാണെന്നൊക്കെ പറഞ്ഞു. അത് സാരമില്ല. ഇനി ഈ ഗവണ്മെന്റിന് ഒന്നരവർഷത്തെ കാലാവധിയുണ്ട്. ആ ഒന്നരവർഷക്കാലം ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ ഈ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. ശമ്പളം കൊടുക്കണ്ടെന്ന് തീരുമാനിച്ചിട്ടില്ല. ശമ്പളം കൊടുക്കും. ഒന്നര വർഷം ശമ്പളം കൊടുക്കാൻ ഈ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. പിന്നെ കൊടുക്കാതിരിക്കാനാണോ തീരുമാനിക്കേണ്ടത്? അതു കഴിഞ്ഞ് ഞങ്ങൾ പിന്നെയും അധികാരത്തിൽ വരും, വീണ്ടും 5 വർഷം ഭരിക്കും. ഞങ്ങൾ ഒന്നര വർഷം ശമ്പളം കൊടുക്കുമെന്നാണ് ഇപ്പോൾ ബേജാറ്. എന്തിന് വേറെ ആളുകൾ ശമ്പളം കൊടുക്കാതിരിക്കുമ്പോൾ നമ്മൾ ഒന്നരവർഷം കൊടുക്കുമല്ലോയെന്നുള്ള ഒരു തോന്നൽ തോന്നിയിട്ടാണ് ആ രീതിയിൽ ബഹുമാനപ്പെട്ട അംഗം ചോദ്യം ചോദിച്ചത്. സഹിക്കുകയല്ലാതെ രക്ഷയില്ല. So please bear with us.

ശ്രീ. ജോണി നെല്ലൂർ : സർ, ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മറുപടി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഗവണ്മെന്റിന്റെ ഭാഗത്ത് കാര്യങ്ങളൊക്കെ നിയന്ത്രിക്കാൻ ബാദ്ധ്യതയുള്ള ബഹുമാനപ്പെട്ട ചീഫ് വിപ്പ് മറ്റൊരു കോൺഫറൻസ് നടത്തി അവിടെ ചർച്ച നടത്തുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ : ചെയർ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ നമ്മുടെ റൂൾസിലെ 281 ഒന്നുകൂടി ഓടിച്ച്നോക്കുന്നത് ഭാവിയിൽ നല്ലതാണ്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, പിന്നെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഗവൺമെന്റ് ലോൺ റെയിസ് ചെയ്യാൻ പാടില്ലെന്നുള്ള ആർട്ടിക്കിൾ

LIBRARY ARCHIVES Kerala Legislative Assembly

293(3) വീണ്ടും വായിച്ചു. ഗവണ്മെന്റിന് ലോൺ റെയിസ് ചെയ്യാൻ പാടില്ല. പക്ഷേ ഗ്യാരന്റി നിൽക്കാം. ഗ്യാരന്റി നിൽക്കുന്നതിന് ഒബ്ജക്ഷനില്ല. പക്ഷേ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ വാദം എന്താണെന്ന് ഞാൻ പറയാം. സ്റ്റേറ്റിന് ബോറോ ചെയ്യാൻ പാടില്ലെന്ന് കോൺസ്റ്റിറ്റ്യൂഷനിലെ ആർട്ടിക്കിൾ 293 വിലക്കുമ്പോൾ You are circumventing that എന്നിട്ട് ഒരു കോർപ്പറേഷൻ ഉണ്ടാക്കി ഗവണ്മെന്റ് വാങ്ങുകയാണെന്നാണ്. ആ ദുരുദ്ദേശം ഗവണ്മെന്റിനില്ല. പക്ഷേ ബഹുമാനപ്പെട്ട അങ്ങ് ഞങ്ങളുടെ നേരെ ഇത് ആരോപിക്കുകയെന്നു വച്ചാൽ അത് ക്രൂരമാണ്.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ആർട്ടിക്കിൾ 293(3) പ്രകാരം തെറ്റല്ലെന്ന്. ഇവിടെ തന്നിരിക്കുന്ന സ്കീം അനുസരിച്ച് Establishment of the fund for.....The funds shall be deposited in the Head of Account in the Public Account of the Government open for this purpose. എന്ന് തന്നെയാണ് പറഞ്ഞിരിക്കുന്നത്. ബോർഡാണ് ഈ പണം കടമെടുക്കുന്നതെന്നു പറഞ്ഞാൽ ഈ പറഞ്ഞിരിക്കുന്ന പ്രകാരം പബ്ലിക് അക്കൗണ്ടിലേക്ക് ഇത് ഡെപ്പോസിറ്റ് ചെയ്യാം. അത് ശരിയാണോ? അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് വെയ്സ് ആന്റ് മീൻസിനുവേണ്ടി എടുക്കാമെന്ന്. അത് ഡെപ്പോസിറ്റ് ചെയ്യാം.

ശ്രീ. ടി. ശിവദാസമേനോൻ : ആ പബ്ലിക് അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്താൽ എന്താണ് തകരാറ്. Will it be part of the Consolidated Fund? കൺസോളിഡേറ്റഡ് ഫണ്ട് ആവില്ലല്ലോ? It never becomes part of consolidated fund സഹായകമാകുമെന്നല്ലേ? അത് അദ്ദേഹത്തിന്റെ ഗുഡ്വിൽ. അങ്ങനെ പറഞ്ഞതിന് തരക്കേടില്ലായെന്നു പറയുന്നു അല്ലാതെ ഞാൻ എന്ത് പറയാനാണ്? പക്ഷെ ഉദ്ദേശ്യം വെയ്സ് ആന്റ് മീൻസ് ഒന്നുമല്ല, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള ഏർപ്പാട് തന്നെയാണ്. അത് വെയ്സ് ആന്റ് മീൻസ് അഥവാ സഹായിച്ചെങ്കിൽ സഹായിക്കുന്നത് തടയാനുള്ള മാർഗ്ഗങ്ങൾ ഗവണ്മെന്റ് ബോധപൂർവ്വം പരിശ്രമിക്കുകയില്ല. അത്രയേയുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയിൽ ഒരു കേസ്സ് വന്നിരുന്നു. കേരളം ഈ പണം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്നു പറഞ്ഞതായി അറിയുന്നു. ഇനി ഹൈക്കോടതി അങ്ങനെ പറഞ്ഞാലും ഇല്ലെങ്കിലും ഈ പണം വെയ്സ് ആന്റ് മീൻസിന് ഉപയോഗിക്കാനുള്ള കാരണം ഇത് പെട്ടെന്ന് ചെയ്യേണ്ടിവരും. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് അപ്പോൾ പണം ഇല്ലാതെ വരരുത്. അതുകൊണ്ട് ഈ പണം ഇവിടെ എല്ലാ സമയത്തും നിലനിറുത്തുമെന്നും അത് വെയ്സ് ആന്റ് മീൻസിന് ഉപയോഗിക്കുകയില്ലെന്നും ഉറപ്പ് പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ?

ശ്രീ. ടി. ശിവദാസമേനോൻ : അത് പറഞ്ഞു സർ This fund is going to be managed by a Board. They will take care of themselves. Public Account is not part of consolidated Fund. ഞാൻ ഇവിടെ പറയാം. വെയ്സ് ആന്റ് മീൻസിന് ഉപയോഗിക്കുകയില്ലെന്നു പറയണമെന്നാണോ? ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന് ആവശ്യമുള്ളത് പറയാൻ എനിക്ക് സൗകര്യമില്ലായെന്നു പറഞ്ഞതിന് വിഷമിക്കുന്നു.

ടൂറിസം വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഈ പണം പ്രത്യേകം കെട്ടിവയ്ക്കണമെന്നാണോ? അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം കെട്ടിവയ്ക്കുന്ന ഒരു ഏർപ്പാടില്ല. ആ പറഞ്ഞതിന്റെ അർത്ഥം അതാണ്.

ശ്രീ. ടി. ശിവദാസമേനോൻ : ഒരാള് പറഞ്ഞു ഞാൻ ബാങ്കിൽ കുറച്ചു പൈസ ഇട്ടു വേറൊരാള് വന്നു അതിന് മീതെ കുറച്ചു പൈസയിട്ടു, അയാള് അത് എടുക്കുന്നില്ല അപ്പോൾ ഞാൻ എങ്ങനെയാണ് താഴെയുള്ളത് എടുക്കുന്നതെന്ന് ചോദിക്കുന്ന മാതിരിയാണ് ഈ ചോദിക്കുന്നത്. അപ്പോൾ അതുകൊണ്ട് എല്ലാവരും അറിയുന്ന കാര്യം ചോദിക്കണമോ? അവനവൻ വിചാരിക്കുന്ന കാര്യങ്ങളൊക്കെ ശരിയാണെന്ന് അവനവൻ വിചാരിച്ചാൽ മനസ്സിന് ഒരു സമാധാനമുണ്ട്. അവനവൻ വിചാരിക്കുന്ന കാര്യമൊക്കെ ശരിയാണെന്ന് അവനവൻ ഉറച്ച് വിശ്വസിച്ചിരുന്നാൽ ഒരു സമാധാനമുണ്ട് ആ സമാധാനം കളയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ സ്നേഹിതനാണ് ശ്രീ. ആര്യാടൻ മുഹമ്മദ്. ഇന്നെങ്കിലും അദ്ദേഹം സുഖമായിട്ട് ഉറങ്ങിക്കൊള്ളട്ടെ എന്നു വിചാരിച്ചിട്ടാണ്. ശ്രീ. വേണുഗോപാൽ ചോദിച്ചു ഏത് പ്രോജക്ടിനാണ് ഉപയോഗിക്കുന്നതെന്ന്, ഞാൻ അത് വായിച്ചു, ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല, ഞാൻ എന്റെ സമയം ചുരുക്കി പ്രധാന പോയിന്റ് മാത്രം പറഞ്ഞ് അവസാനിപ്പിക്കാം.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു. ശ്രീ. കെ.സി. വേണുഗോപാൽ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**2-ാം വകുപ്പ്**

ശ്രീ. തമ്പാനൂർ രവി : ഞാൻ എന്റെ 110,128,138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(110) 2-ാം വകുപ്പ്(ബി) ഉപവകുപ്പിൽ " വിവരിച്ചിട്ടുള്ള തരം സഹായങ്ങൾ" എന്നതിനു പകരം " വിവരിച്ചിട്ടുള്ള തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ" എന്നു ചേർക്കുക.

(128) 2-ാം വകുപ്പ് (എഫ്) ഉപവകുപ്പിൽ "മലിനജല നിർഗ്ഗമനം"എന്ന വാക്കിനും "മുതലായ" എന്ന വാക്കിനും ഇടയിൽ താഴെ പറയുന്നത് ചേർക്കുക. "പരിസ്ഥിതി സംരക്ഷണം, പാലങ്ങളുടെ നിർമ്മാണം, പൊതുജനാരോഗ്യസംരക്ഷണം".

(138) രണ്ടാം വകുപ്പിൽ (ഐ) ഉപവകുപ്പിൽ "രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും, അതിൽ ഒരു നിയമത്തിൻകീഴിൽ സ്ഥാപിതമായ പൊതുസംരംഭങ്ങളും ഉൾപ്പെടുന്നതുമാകുന്നു" എന്നിവ നീക്കം ചെയ്യുകയും "ചെയ്തതോ" എന്ന വാക്കിനു പകരം "ചെയ്തതും" എന്നും "എന്നർത്ഥമാകുന്നതും" എന്ന വാക്കിനു പകരം "എന്നർത്ഥമാകുന്നു" എന്നും ചേർക്കുക.

110 -ൽ സഹായങ്ങൾ എന്നതിനു പകരം വിവരിച്ചിട്ടുള്ള തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ എന്നാക്കി മാറ്റണമെന്നാണ്, അത് സ്വീകരിക്കണം. ഇത് കുറച്ചുകൂടി ക്ലിയർ ആക്കാൻവേണ്ടി പറയുകയാണ്. 128, പുതുതായിട്ട് ചേർക്കണമെന്നുള്ളതാണ്. പരിസ്ഥിതി സംരക്ഷണം, പാലങ്ങളുടെ നിർമ്മാണം പൊതുജനാരോഗ്യ സംരക്ഷണം ഈ മൂന്നുകാര്യങ്ങൾ കൂടി



LIBRARY ARCHIVES Kerala Legislative Assembly

ഇതിനകത്ത് ചേർക്കണമെന്നാണ്. അത് സെന്റൻസിലെ കറക്ഷനാണ്. കുറച്ചു കൂടി ക്ലിയർ ആക്കാൻ വേണ്ടിയാണ്. ''അതിൽ ഒരു നിയമത്തിൻകീഴിൽ സ്ഥാപിതമായ പൊതു സംരംഭങ്ങളും ഉൾപ്പെടുന്നതുമാകുന്നു'' എന്നിവ നീക്കം ചെയ്യുകയും ''ചെയ്തോ'' എന്ന വാക്കിനു പകരം ''ചെയ്തതും'' എന്ന് ''അർത്ഥമാകുന്നതും'' എന്ന വാക്കിനു പകരം ''അർത്ഥമാകുന്നു'' എന്നാക്കണം. ക്ലിയർ ആക്കാൻ വേണ്ടിയാണ്.

<u>ശ്രീ. ജോണി നെല്ലൂർ</u> : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(111) 2-ാം വകുപ്പ് (ബി) ഉപവകുപ്പ് താഴെപറയും പ്രകാരം മാറ്റി എഴുതുക.

(ബി) ''സാമ്പത്തിക വായ്പ'' എന്നാൽ പദ്ധതിയിൽ വിവരിച്ചിട്ടുള്ള തരം വായ്പകൾ എന്ന് അർത്ഥമാകുന്നു.

(133) 2-ാം വകുപ്പ് (എച്ച്) ഉപവകുപ്പ് ഒഴിവാക്കുക.

സാമ്പത്തിക വായ്പകൾ എന്നാൽ പദ്ധതിയിൽ വിവരിച്ചിട്ടുള്ള തരം വായ്പകൾ എന്ന് അർത്ഥമാക്കുന്നു. അത് മന്ത്രി സ്വീകരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(113) രണ്ടാം വകുപ്പ് (ബി) ഉപവകുപ്പ് താഴെപ്പറയും പ്രകാരം മാറ്റുക:

''(ബി) ''സാമ്പത്തിക സഹായം'' എന്നാൽ പദ്ധതിയിൽ വിവരിച്ചിട്ടുള്ള തരം സഹായങ്ങൾ വായ്പകൾ, ഗ്രാന്റുകൾ എന്നർത്ഥമാകുന്നു''

(116) 2-ാം വകുപ്പിൽ (എഫ്) ഉപവകുപ്പിൽ ''വൈദ്യുത ഊർജ്ജം, റോഡുകൾ'' എന്നതു കഴിഞ്ഞ് ''പാലങ്ങൾ, കെട്ടിടങ്ങൾ, മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി കെട്ടിടങ്ങൾ'' ''എന്നും മലിനജലം നിർഗമനം മുതലായ'' എന്നു കഴിഞ്ഞ് ''ടൂറിസം പ്രോജക്ടുകൾ'' എന്നും ചേർക്കുക.

(144) രണ്ടാം വകുപ്പ് (എൻ) ഉപവകുപ്പിനുശേഷം താഴെപറയും പ്രകാരം പുതിയ ഉപവകുപ്പ് ചേർക്കുക.

'' (ഒ) ''വ്യവസായ പുനരുദ്ധാരണ ഫണ്ട്'' എന്നാൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വ്യവസായ പുനരുദ്ധാരണ ഫണ്ട് എന്നർത്ഥമാകുന്നു''

സാമ്പത്തിക സഹായമെന്നു പറയുമ്പോൾ വായ്പകൾ കൊടുക്കേണ്ടി വരുന്നു. അതുപോലെ പല ഗ്രാന്റുകളും പാസ്സാക്കേണ്ടി വരും. ഒരു കണക്കിന് നമ്മൾ അത് ഇതിനകത്തുപെടുത്തേണ്ടതല്ലേ? അതുകൊണ്ട് അത് പെടുത്തുന്നതായിരിക്കും പിന്നീട് അത് പ്രാവർത്തികമാകുമ്പോൾ സഹായകരമായിരിക്കുമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതുപോലെ അടിസ്ഥാന സൗകര്യ പദ്ധതിയിൽ കുറെ പറയുന്നുണ്ട്. വൈദ്യുതി, ജലസേചനമെന്നൊക്കെ പറയുന്നുണ്ട്. ഒന്നുകിൽ ആവശ്യമായിട്ടുള്ളതെല്ലാം ജനറലായിട്ട് പറയണം. അല്ലെങ്കിൽ ചിലത് പറയുമ്പോൾ ഉദാഹരണത്തിന് പ്രത്യേകിച്ചും പാലങ്ങൾ, ഹോസ്പിറ്റൽ ബിൽഡിംഗ്സ്-അതുകൊണ്ട് ഒന്നുകിൽ ജനറലായിട്ട് പറയണം, അല്ലെങ്കിൽ എടുത്തു പറയേണ്ട പ്രത്യേകിച്ച് പാലങ്ങൾ അത്

8.00 PM ഉൾപ്പെടുത്തണം. അതുപോലെ ടൂറിസം പ്രോജക്ടുകൾ അതുപോലെ പ്രധാനപ്പെട്ട പ്രോജക്ടുകൾ ഉൾപ്പെടുത്തണം. പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകത്തുകൂടി ചേർക്കണമെന്നു പറയുന്നത് നമ്മുടെ വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി, അത് ഈ നിയമത്തിനകത്ത് വളരെ പ്രധാനപ്പെട്ടതായിരിക്കുമെന്ന അഭിപ്രായംകൂടി എനിക്കുണ്ട്. നമ്മൾ ഒരു ഫണ്ട് സ്വരൂപിക്കാൻ ഒരു നിയമം ഇവിടെ പാസ്സാക്കിക്കഴിഞ്ഞിട്ടുണ്ട്. അതിലേക്ക് കൊടുക്കേണ്ടി വരുന്ന സഹായം എങ്ങനെ ഇതിൽപ്പെടുത്തും? അതുകൊണ്ട് അതിനുകൂടി ഏതെങ്കിലും ഒരു സ്ഥാപനത്തിന് സഹായമെന്നതിനെക്കാൾ ആ ഫണ്ടിലേക്ക് ഗവണ്മെന്റ് ബഡ്ജറ്റിൽ പറയുന്നതുപോലെ 120 കോടി, 150 കോടി എന്ന് പറയുന്നതിനുപുറമെ ആവശ്യമായ ഫണ്ട് നമ്മൾ കൊടുക്കേണ്ടി വന്നാൽ ഏതെങ്കിലും ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ പുനരുദ്ധാരണം എന്ന രീതിയിൽ ഒരു പ്രോജക്ട് ഒക്കെ വന്നാൽ അത് പ്രത്യേകമായി കൊടുക്കാൻ വ്യവസ്ഥ ചെയ്യണം. അത് നിർവചനത്തിൽപ്പെടണം. ഈ നിയമത്തിന്റെ മറ്റ് ഭാഗങ്ങളിൽ വരുമ്പോൾ ഈ വ്യവസായ പുനരുദ്ധാരണ ഫണ്ട് ഒരു പ്രധാനപ്പെട്ട ഒന്നായതുകൊണ്ടാണ് ഞാൻ ഇതുകൂടി പ്രത്യേകമായി ചേർക്കണമെന്നു പറയുന്നത്.

ശ്രീ. പി. രാജു : സർ, 114,115,117,136,137,143 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(114) 2-ാം വകുപ്പ് (ബി) ഉപവകുപ്പ് താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി) "സാമ്പത്തിക സഹായം" എന്നാൽ വായ്പകൾ, ഗ്രാന്റുകൾ, ദീർഘകാല വായ്പകൾ, സംഭാവനകൾ എന്നർത്ഥമാകുന്നു."

(115) 2-ാം വകുപ്പ് (ഡി) ഉപവകുപ്പിൽ "ഫണ്ട് മാനേജർ"എന്നതിനു പകരം "ഫണ്ട് ഡയറക്ടർ" എന്ന് ചേർക്കുക.

(117) 2-ാം വകുപ്പ് (എഫ്) ഉപവകുപ്പിൽ രണ്ടാം വരിയിൽ "റോഡുകൾ"എന്നതിനുശേഷം "പാലങ്ങൾ, ടൂറിസം പദ്ധതികൾ, ആശുപത്രി, മുനിസിപ്പൽ സ്റ്റേഷനുകൾ, കെട്ടിടങ്ങൾ, ഹോട്ടലുകൾ" എന്ന് കൂടി ചേർക്കുക.

(136) 2-ാം വകുപ്പ് (എച്ച്) ഉപവകുപ്പിൽ "എന്നർത്ഥമാകുന്നു"എന്ന വാക്കിനു പകരം "50 ശതമാനത്തിൽ കുറയാതെ പങ്കാളിത്തമുള്ള ബോർഡുകളോ, കൗൺസിലുകളോ, സൊസൈറ്റികളോ, കോർപ്പറേഷനുകളോ, സൊസൈറ്റികളെന്നോ എന്നർത്ഥമാകുന്നു" എന്ന് കൂടി ചേർക്കുക.

(137) 2-ാം വകുപ്പിൽ (ഐ) ഉപവകുപ്പിൽ "ഒരു സഹകരണസംഘവുമോ" എന്ന വാക്കുകൾക്കുശേഷം "ഒരു ബോർഡോ, ഒരു കൗൺസിലോ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

(143) രണ്ടാം വകുപ്പ് (എൻ) ഉപവകുപ്പിനു ശേഷം '(ഓ)' ഉപവകുപ്പായി താഴെ പറയും പ്രകാരം ചേർക്കുക.

"(ഒ) "വ്യവസായ പുനരുദ്ധാരണ ഫണ്ട് " എന്നാൽ പൊതുമേഖലാ വ്യവസായങ്ങളുടേയും, പരമ്പരാഗത വ്യവസായങ്ങളുടേയും കേരളത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടേയും പുനരുദ്ധാരണം എന്നർത്ഥമാകുന്നു."

ശ്രീ. രാജേന്ദ്രൻ പറഞ്ഞതു തന്നെയാണ് എനിക്ക് ഇതിനകത്ത് കൂട്ടിച്ചേർക്കാനുള്ളത്. ഈ വായ്പയിൽ, ഈ നിധിയിൽ നിന്നും സാമ്പത്തികസഹായം എന്നാൽ ഗ്രാന്റുകൾ കൊടുക്കുന്നതിനും ദീർഘകാല വായ്പകൾ കൊടുക്കുന്നതിനുമുള്ള സംവിധാനമുണ്ടാക്കണം. അതുപോലെതന്നെ ചില

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾക്ക് തിരിച്ചുകിട്ടാത്ത സഹായങ്ങൾ ചെയ്യേണ്ട സാഹചര്യമുണ്ടാകും. അതും ചേർക്കണം.

115. ഫണ്ട് മാനേജരിൽനിന്നു മാറ്റി ഫണ്ട് ഡയറക്ടറിൽ ആക്കി മാറ്റണം എന്ന ഭേദഗതിയാണ് ഞാൻ നിർദ്ദേശിച്ചത്. 117-ൽ രണ്ടാം വകുപ്പ് (എഫ്) ഈ നിധിയിൽ നിന്നും പാലങ്ങൾ, ടൂറിസം പദ്ധതികൾ, വലിയ ഹോട്ടലുകൾ തുടങ്ങിയവയ്ക്കുകൂടി സഹായം കൊടുക്കുന്നതിനുള്ള സംവിധാനംകൂടി കൂട്ടിചേർക്കണമെന്ന ഭേദഗതിയാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. 136-ൽ 2 (എച്ച്) ഇതിനകത്ത് പൊതുമേഖലാ സംരംഭത്തിനോ അതിന്റെ ആസ്തികളിലും ഉടമസ്ഥാവകാശത്തിലും ഭരണത്തിലും 50%-ൽ കുറയാത്ത പങ്കാളിത്തമുള്ള സൊസൈറ്റികളെന്നോ എന്നർത്ഥമാകുന്നു എന്നതിനു പകരം 50 ശതമാനത്തിൽ കുറയാത്ത പങ്കാളിത്തമുള്ള ബോർഡുകളോ, കൗൺസിലുകളോ, കോർപ്പറേഷനുകളോ, സൊസൈറ്റികളോ എന്ന് അർത്ഥമാകുന്നു എന്നു കൂട്ടിച്ചേർക്കണം. ഇതിനകത്ത് ചില ബോർഡുകളുണ്ടാകുമ്പോൾ സർക്കാരിന്റെ 50 ശതമാനത്തിൽ കൂടുതൽ ഷെയറുള്ള ബോർഡുകളുണ്ടാകും. ചില കൗൺസിലുകൾ രൂപീകരിച്ചാൽ ഉണ്ടാകാം. കോർപ്പറേഷനുകളുണ്ടാകാം. അങ്ങനെയുള്ള സ്ഥാപനങ്ങൾക്കുകൂടി ഇതിൽ നിന്നും സഹായം കിട്ടുന്നതിനുള്ള സംവിധാനമുണ്ടാകണം. ഇന്നത്തെ വ്യവസ്ഥ പൊതുമേഖലാസ്ഥാപനങ്ങൾക്കു മാത്രമാണ് ഈ സഹായത്തിനുള്ള സാധ്യതയുള്ളത്. അതുകൊണ്ട് ഈ ഭേദഗതി കൂടി കൂട്ടിച്ചേർക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. 137. 2 (ഐ) ഇതിനകത്ത് പൊതുമേഖലാ സംരംഭങ്ങളെന്നു പറഞ്ഞാൽ 1956-ലെ കമ്പനി ആക്ട് പ്രകാരമുള്ള..... ഒരു സഹകരണസംഘവുമോ എന്ന് പറഞ്ഞതിനുശേഷം ഇതിനകത്ത് ഒരു ബോർഡോ, ഒരു കൗൺസിലോ എന്ന് കൂടി ചേർക്കണം. 'ഐ'ക്ക് ഈ ഭേദഗതി കൂടി വന്നെങ്കിൽ മാത്രമേ 'എച്ച്'-ന് പൂർണ്ണത ഉണ്ടാകൂ എന്നുള്ളതുകൊണ്ടാണ് ഞാനിത് നിർദ്ദേശിച്ചത്.

143. 2-ാം വകുപ്പ് (എൻ) ഉപവകുപ്പിനുശേഷം 'ഒ' ഉപവകുപ്പായി താഴെ പറയുംപ്രകാരം ചേർക്കണം. 'വ്യവസായ പുനരുദ്ധാരണ ഫണ്ട്' എന്നാൽ പൊതുമേഖലാ വ്യവസായങ്ങളുടെയും പരമ്പരാഗത വ്യവസായങ്ങളുടെയും കേരളത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടേയും പുനരുദ്ധാരണം എന്നർത്ഥമാകുന്നു. വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിക്കുന്നുണ്ടെങ്കിൽപോലും ഒരു പ്രത്യേക പരിതസ്ഥിതിയിൽ ഒരു പക്ഷേ ഗവണ്മെന്റിന് കേരളത്തിലെ വ്യവസായരംഗം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള വായ്പകൾ കൊടുക്കാനോ വ്യവസായം ചെയ്യുന്നതിനോ ഉള്ള അധികാരം ബോർഡിൽ ഉണ്ടാകണമെങ്കിൽ ഇതിനകത്ത് 143-ാം നമ്പർ ഭേദഗതി അതായത് രണ്ടാം വകുപ്പിൽ 'എൻ' എന്ന പുതിയ വകുപ്പ് കൂടി ചേർക്കേണ്ടതാണ്. വ്യവസായ പുനരുദ്ധാരണ നിധിയിൽ നിന്നും ഫണ്ട് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വകുപ്പുകൂടി കൂട്ടിച്ചേർക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, 118, 124, 130 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(118) 2-ാം വകുപ്പിൽ (എഫ്) ഉപവകുപ്പിൽ "ഊർജ്ജം" എന്നതിനുശേഷം "വിനോദസഞ്ചാരം" എന്നുകൂടി ചേർക്കുക.

(124) 2-ാം വകുപ്പിൽ (എഫ്) ഉപവകുപ്പിൽ "റോഡുകൾ" എന്നതിനുശേഷം "പാലങ്ങൾ" എന്നുകൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(130) 2-ാം വകുപ്പിൽ (ജി) ഉപവകുപ്പിൽ "മുനിസിപ്പാലിറ്റി" എന്നതിനു ശേഷം "അഥവാ, മുനിസിപ്പൽ കോർപ്പറേഷൻ" എന്നുകൂടി ചേർക്കുക.

118-ഉം 124-ഉം പാലങ്ങളും അതുപോലെ തന്നെ വിനോദസഞ്ചാരവും കൂടി കൂട്ടി ചേർക്കണമെന്നുള്ളതാണ്. നിർബന്ധമായും വിനോദസഞ്ചാരമു ണ്ടാകണം. അത് ഗവണ്മെന്റ് തന്നെ ഒരു ഇൻഡസ്ട്രിയായി പ്രഖ്യാപിച്ചിരിക്കു കയാണ്. കെ.ടി.ഡി.സി. ക്ക് തന്നെ ഒരു സ്ഥാപനമുണ്ട്. ജോയിന്റ് സെക്രട്ടറി ഒക്കെ അവിടെ വരുന്നുണ്ട്. അതുകൊണ്ട് വിനോദസഞ്ചാരം കൂടി ചേർക്കണം. 130-ാം നമ്പർ ഭേദഗതി തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നു വച്ചാൽ മുനിസിപ്പാലിറ്റി മാത്രമേ പറയുന്നുള്ളൂ. മുനിസിപ്പാലിറ്റി അഥവാ മുനി സിപ്പൽ കോർപ്പറേഷൻ കൂടിപ്പെടുത്തണമെന്നുള്ള ഭേദഗതി ഞാൻ അവതരി പ്പിക്കുകയാണ്.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, 120-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(120) 2-ാം വകുപ്പിൽ (എഫ്) ഉപവകുപ്പിൽ "ഊർജ്ജം" എന്നതിനു ശേഷം "പൊതുജനാരോഗ്യം" എന്ന് ചേർക്കുക.

അടിസ്ഥാന സൗകര്യപദ്ധതികളിൽ ആരോഗ്യം വളരെ പ്രധാനപ്പെട്ട താണ്. ആരോഗ്യമേഖല പാടെ അവഗണിച്ചിരിക്കുകയാണ്. ഞാനിത് പറ യാൻ കാരണം. ഞാൻ പ്രതിനിധീകരിക്കുന്ന ആലപ്പുഴ നിയോജകമണ്ഡല ത്തിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കാൻ കഴിഞ്ഞ ഗവണ്മെന്റ് തീരുമാ നിച്ചു. ഈ ഗവണ്മെന്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നുള്ളത് തത്വത്തിൽ മാറ്റി ഒരു സൊസൈറ്റി ഉണ്ടാക്കിയിരിക്കുകയാണ്. സൊസൈറ്റിക്കാണെങ്കിൽ യാതൊരു സാമ്പത്തിക സഹായവുമില്ല. അപ്പോൾ അത്തരം സൊസൈറ്റി കളെ സഹായിക്കാൻ, ആരോഗ്യമേഖലയിലെ ഇത്തരം പദ്ധതികളെ സഹായി ക്കാൻ ഈ സ്കീമിൽ വ്യവസ്ഥയില്ല. ജനങ്ങളെ ബാധിക്കുന്ന ഏറ്റവും മാരക മായ സാംക്രമിക രോഗങ്ങളുടെ കടന്നാക്രമണമുള്ള ഒരു മേഖലയാണ് നമ്മുടെ സംസ്ഥാനം. അതുകൊണ്ട് ആരോഗ്യമേഖലയിൽ പദ്ധതികളു ണ്ടാക്കുമ്പോൾ സഹായിക്കാൻ ആരോഗ്യമേഖലയെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ടി.എം. ജേക്കബ് : സർ, 122, 135 എന്നീ ഭേദഗതികൾ ഞാൻ അവ തരിപ്പിക്കുന്നു.

(122) 2-ാം വകുപ്പ് (എഫ്) ഉപവകുപ്പിൽ റോഡുകൾ ജലവിതരണം മലിനജല നിർഗ്ഗമനം മുതലായ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(135) 2-ാം വകുപ്പിൽ (എച്ച്) ഉപവകുപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങൾക്കോ" എന്ന വാക്കുകൾ വിട്ടുകളയുകയും "എന്നർത്ഥമാകുന്നു" എന്ന വാക്കിനു പകരം "അർത്ഥമാകുന്നു" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

122-ാമത്തെ ഭേദഗതിയിൽ റോഡുകൾ എന്നുള്ളത് വേണ്ട. ഞാൻ കൊണ്ടുവന്നിരിക്കുന്നത് 122 (എഫ്) ആണ്. ഇവിടെ പറഞ്ഞിരിക്കുന്ന അടി സ്ഥാന സൗകര്യ പദ്ധതികളിൽ..... ഇവിടെ പറഞ്ഞു വച്ചതുകേട്ടാൽ ഇനിയി പ്പോൾ ഡിപ്പാർട്ടുമെന്റൊന്നും വേണ്ട, ബാക്കിയെല്ലാം ഈ ഫണ്ടിൽ നിന്നു കാര്യങ്ങൾ ചെയ്യാം എന്നുള്ള നിലയ്ക്ക് എത്തിയിട്ടുണ്ട്. ഇതിനകത്ത് ഞാൻ രണ്ട് ഇനങ്ങൾ വിട്ടുകളയാൻ പറഞ്ഞിരിക്കുകയാണ്. ജലവിതരണവും മലിന ജലനിർഗമനവും. ഇത്. രണ്ടിനും ഇപ്പോൾ നിലവിലുള്ള ഒരു നിയമമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം അവർ ഒരു നിയമത്തിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേരളത്തിലെ ശുദ്ധജല വിതരണ രംഗത്ത്, ഞാൻ ഓർമ്മയിൽ നിന്നു പറയുകയാണ്, ആയിരം കോടി യിലേറെ രൂപയുടെ ശുദ്ധജലവിതരണ പദ്ധതികൾ കേരളത്തിലെടുത്തിട്ടുണ്ട്. അതിൽ തന്നെ എക്സ്റ്റേണലി എയ്ഡഡ് പ്രോഗ്രാംസും ഉണ്ട്. വേൾഡ് ബാങ്ക് അസിസ്റ്റൻസുള്ള പ്രോജക്ട്സുണ്ട്. അതുപോലെതന്നെ എൽ.ഐ.സി, എയ് ഡഡ് പ്രോഗ്രാംസുണ്ട്. അപ്പോൾ ഏതു നിലയിലും ഈ സ്ഥാപനങ്ങൾക്ക്, വാട്ടർ അതോറിറ്റിക്ക് ഇതിനകത്ത് മലിനജലനിർഗമനത്തിനും ശുദ്ധജലവിതര ണത്തിനും എത്ര കോടി രൂപ വേണമെങ്കിലും വായ്പയെടുക്കാനും എത്ര പ്രോജക്ടുവേണമെങ്കിലും ഉണ്ടാക്കാനുമുള്ള സൗകര്യങ്ങൾ ഇപ്പോൾ തന്നെ ഉണ്ട്. അതിന്റെ പുറമെ എന്തിനാണ് ഈ നിയമത്തിനകത്തുകൂടി ഇത് കൂട്ടി ച്ചേർക്കുന്നത് എന്നെനിക്കറിഞ്ഞുകൂടാ. അത് എന്തടിസ്ഥാനത്തിലെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ ആ നിയമം വായിച്ചുനോക്കി. അതു കൊണ്ട് ഞാൻ പറയുന്നു ആ നിയമം നിലവിലുള്ളിടത്തോളം കാലം അതിന്റെ ആവശ്യമില്ല. അപ്പോൾ ഇത് ഓരോന്നിനോടും കൂട്ടിച്ചേർത്ത് വലിയ പ്രാരാബ്ധവും ബാദ്ധ്യതയും ആക്കി മാറ്റേണ്ട കാര്യമില്ല.

മി. സ്പീക്കർ : ഈ പറയുന്ന ഏജൻസികളൊക്കെ ഇപ്പോൾ ഫണ്ട് തരുന്നുണ്ടോ? വേൾഡ് ബാങ്ക് ഇപ്പോൾ തരുന്നുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : തരുന്നുണ്ട്. വേൾഡ് ബാങ്കിന്റെ ഉണ്ട്. എക്സ്റ്റണലി എയ്ഡഡ് പ്രോഗ്രാംസുണ്ട്. ഏറ്റവും അവസാനം വന്നിരിക്കുന്ന ജപ്പാൻ ഗവണ്മെന്റിന്റെ ഒരു പ്രോഗ്രാമുണ്ട്. ഹഡ്കോയുടെ ഉണ്ട്. എൽ.ഐ. സി. യുടെ ഉണ്ട്. ഇവിടെനിന്ന് എത്ര കോടി രൂപ വേണമെങ്കിലും വായ്പ എടുക്കാനുള്ള പ്രോജക്ട്സ് കൊടുക്കാം. അതിന് അനുവാദം കിട്ടുകയും ചെയ്യുന്നുണ്ട്. അങ്ങനെ ഇഷ്ടംപോലെ പ്രോഗ്രാം ഇവിടെ നടക്കുകയും പെയ്യുന്നുണ്ട്. അതിനുവേണ്ടിയാണ് പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് മാറ്റി കേരളാ വാട്ടർ അതോറിറ്റി എന്നു പറഞ്ഞ് ഒരു അതോ റിറ്റി ആയി രൂപീകരിച്ചതും നടപടികൾ സ്വീകരിച്ചതുമൊക്കെ. ഈ പരിപാടികൾക്കുവേണ്ടി സർക്കാരിന്റെ പണം മാത്രമായി നമുക്ക് മതിയാകു ന്നില്ല എന്നുള്ളതുകൊണ്ടാണ് ആ നിയമം കൊണ്ടുവന്നിരിക്കുന്നത്. ആ നിയ മപ്രകാരം ഇതിനുള്ള സൗകര്യങ്ങളുമുള്ളപ്പോൾ ഈ നിയമത്തിനകത്ത് എന്തിനാണ് ഇത് കൊണ്ടുവന്നത് എന്നെനിക്കറിഞ്ഞുകൂടാ. അതുകൊണ്ട് അത്യാവശ്യമില്ല. ഇതിനകത്ത് ബോർഡിന്റെ കാര്യം പറഞ്ഞല്ലോ. ചീഫ് സെക്രട്ടറി ഒഴിച്ച് ബാക്കി എല്ലാവരും ധനകാര്യവകുപ്പിന്റെ ആളുകളാണ് വരാൻ പോകുന്നത്. കുഴപ്പമില്ല. ധനകാര്യ വകുപ്പിന്റെ നിയന്ത്രണം എല്ലാ വകുപ്പിലും വേണ്ടെന്നു പറയാൻ ഞാൻ തയ്യാറല്ല. അതൊക്കെ ആവശ്യമാണ്. അല്ലെങ്കിൽ രാജ്യത്ത് ഭരണം നടക്കില്ല. അത് റെപ്പറ്റിഷനായതുകൊണ്ട് അത് വേണ്ട. അടുത്തത് 135-ാമത്തെ ഭേദഗതിയാണ്. ഇതിനകത്ത് 2 (ഐ) -'ഐ'ക്ക് അകത്ത് പൊതുമേഖലാ സംരംഭങ്ങൾ എന്താണെന്ന് നിർവചിച്ചി ട്ടുണ്ട്. അതിന്റെ മുകളിലാണ് മറ്റു സംരംഭങ്ങളെന്നു പറഞ്ഞ് പറഞ്ഞിരിക്കു ന്നത്. ആ കൂട്ടത്തിൽ തന്നെ കമ്പനി ആക്ടൊക്കെ പറഞ്ഞിട്ടുണ്ട്. അതൊന്നും ഞാൻ വായിച്ചു സമയം കളയുന്നില്ല. ഇതെല്ലാം കഴിഞ്ഞ് അതതു സംഗതി പോലെ സർക്കാരിനോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ, ഏതെങ്കിലും പൊതുമേഖലാ സംരംഭത്തിനോ എന്നാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ എന്ന വാക്കുകൾ വിട്ടുകളയണമെന്നാണ് ഞാൻ പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ദിവസം നമ്മൾ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അമെന്റ്മെന്റ് ബിൽ പാസ്സാക്കി. അത് നിയമമായി. അപ്പോൾ ഇതിനകത്ത് പ്രാഥമിക സഹകരണ സംഘങ്ങളിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അംഗങ്ങളാക്കി ചേർക്കാൻ ഒരു വ്യവസ്ഥ നമ്മൾ കൂട്ടിചേർത്തിട്ടുണ്ട്. അത് പാസ്സാക്കി വച്ചിരിക്കുകയാണ്. അതിനു പുറമേ ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി കൊണ്ടുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നമ്മുടെ പ്ലാൻ ഫണ്ടിൽ പണം കൊടുക്കുന്നുണ്ട്. അത് പ്ലാൻ സ്കീമിൽ തന്നെ കൊടുക്കുകയും മറ്റു കാര്യങ്ങൾ നടത്തുകയും ചെയ്യേണ്ടതാവശ്യമാണ്.

ലോക്കൽ ബോഡീസിനും കൂടി ഇതിന്റെ സൗകര്യങ്ങളൊക്കെ ഏർപ്പെടുത്താനുമൊക്കെ കൂടിയാണ് ഈ ഫണ്ട് ഉപയോഗപ്പെടുത്തുന്നത് എന്നു പറഞ്ഞാൽ ജനകീയാസൂത്രണമെന്നു പറഞ്ഞ് വേറൊരു ഭാഗമുണ്ട്. ജനകീയാസൂത്രണത്തിന്റെ പലഭാഗത്തുമുള്ള വീഴ്ചകളെക്കുറിച്ച് ഈ സഭയിൽ തന്നെ ചർച്ചചെയ്തിട്ടുണ്ട്. അതൊന്നും ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. ഒരു ഭാഗത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, അപ്പുറത്തുമിപ്പുറത്തുമുള്ള സർക്കാർ ഭരിക്കുന്നതുകൊണ്ട്, എല്ലാം അവർതന്നെ ഭരിക്കുന്നുവെന്നുള്ള അർത്ഥത്തിൽ പറഞ്ഞതല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സൊസൈറ്റിയിൽ അംഗങ്ങളാക്കി മാറ്റി ചേർത്തത് എന്തിനാണ്? അത് വേറൊരു ഉദ്ദേശത്തിലാണ്, ഇവരുടെ ഫണ്ട് അങ്ങോട്ട് ഉപയോഗിക്കുവാനും ആ ഫണ്ട് ഇങ്ങോട്ട് ഉപയോഗിക്കുവാനും സൗകര്യപ്പെടത്തക്ക നിലയിൽ അത് ചെയ്യുന്നു. വീണ്ടും ഇത് ഇവിടെ കൊണ്ടുവരികയാണ്. ഇതിന്റെ ആവശ്യമില്ല. ഇങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെ എന്തെങ്കിലും ഒരു കാര്യം ഒരു ഉദ്ദേശ്യം മനസ്സിൽവച്ചുകൊണ്ട്, നിയമം കൊണ്ടുവന്ന് അതിന്റെ അടിസ്ഥാനത്തിൽ നടപടികളുമായി പോകുന്നത് ശരിയല്ല. ചെയ്യുന്ന കാര്യങ്ങൾക്ക് ഒരു വ്യക്തതയും അതുപോലെ ചെയ്യുന്ന കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് അനിവാര്യമാണെന്നുള്ള ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലേ ചെയ്യാവൂ. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, ഞാൻ എന്റെ 134-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. പക്ഷേ സംസാരിക്കുന്നില്ല.

(134) 2-ാം വകുപ്പിൽ (എച്ച്) ഉപവകുപ്പിൽ ''നാൽപ്പത്'' എന്നതിനുപകരം''അൻപത്തിയൊന്ന്'' എന്ന് ചേർക്കുകയും ''തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ'' എന്നത് നീക്കം ചെയ്യുകയും ''അൻപത്'' എന്നതിനു പകരം ''അൻപത്തിയൊന്ന്'' എന്ന് ചേർക്കുകയും ചെയ്യുക.

<u>ശ്രീ. പി.ജെ. ജോയി</u> : സർ, ഞാൻ എന്റെ 126,139,140,141 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(126) 2-ാം വകുപ്പ് (എഫ്) ഉപവകുപ്പിൽ ''നിർമ്മാർജ്ജനം'' എന്നതിനു ശേഷം ''പരിസ്ഥിതി ഭൂഷണ നിവാരണം'' എന്നു ചേർക്കുക.

(139) രണ്ടാം വകുപ്പിൽ (ഐ) ഉപവകുപ്പിൽ ''അൻപത്'' എന്നതിനുപകരം '' അൻപത്തി ഒന്ന്'' എന്ന് ചേർക്കുക.

(140) രണ്ടാം വകുപ്പിൽ (ഐ) ഉപവകുപ്പിൽ ''കാര്യനിർവ്വഹണത്തിൽ ഗണ്യമായ'' എന്നതിനുപകരം ''കാര്യ നിർവഹണസമിതി അംഗങ്ങളിൽ ഗവണ്മെന്റ് നിയോഗിക്കുന്ന പകുതിയിൽ കുറയാത്ത അംഗങ്ങളുണ്ടായിരിക്കുകയും'' എന്ന് ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(141) രണ്ടാം വകുപ്പിൽ (ഐ) ഉപവകുപ്പിൽ "എന്നർത്ഥമാകുന്നതും" എന്നു മുതലുള്ള മുഴുവൻ ഭാഗങ്ങളും നീക്കം ചെയ്ത് തൽസ്ഥാനത്ത് "എന്നർത്ഥമാകുന്നു" എന്നു ചേർക്കുക.

രണ്ടാം വകുപ്പ് (ഐ) ഉപവകുപ്പിൽ പൊതുമേഖലാ സംരംഭങ്ങളിൽ 50 ശതമാനത്തിൽ കുറയാതെ ഓഹരി മൂലധനമുണ്ടായിരിക്കുകയും എന്നാണ് പറഞ്ഞിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ എന്നു പറഞ്ഞാൽ, പരിപൂർണ്ണമായും പൊതുമേഖലാസ്ഥാപനമാണെങ്കിൽ 51 ശതമാനം ഗവണ്മെന്റിന്റെ ഓഹരിയുള്ള സ്ഥാപനങ്ങളെയാണ് ആ നിലയിൽ പറയുന്നത്. അതുകൊണ്ട് 51 ശതമാനത്തിൽ കുറയാതെ എന്നാക്കി മാറ്റണമെന്നാണ് എന്റെ 139-ാം നമ്പർ ഭേദഗതി. അതുപോലെ കാര്യനിർവ്വഹണത്തിൽ ഗണ്യമായ നിയന്ത്രണം ഉണ്ടായിരിക്കണമെന്ന് പറയുന്നു. അതിന് "ഈ കാര്യ നിർവ്വഹണ സമിതി അംഗങ്ങളിൽ ഗവണ്മെന്റ് നിയോഗിക്കുന്ന പകുതിയിൽ കുറയാത്ത അംഗങ്ങളുണ്ടായിരിക്കുകയും" എന്ന് വേണമെന്നാണ് എന്റെ ഭേദഗതി. അതോടൊപ്പം തന്നെ പിന്നീട്, എന്നർത്ഥമാകുന്നതും പിന്നെ അതിൽ ഒരു നിയമത്തിൻകീഴിൽ സ്ഥാപിതമായ പൊതുസംരംഭങ്ങളും ഉൾപ്പെടുന്നതും എന്ന് പറയേണ്ട കാര്യമില്ല. നമ്മൾ എല്ലാത്തിലും പറഞ്ഞിരിക്കുന്നു എന്നർത്ഥമാകുന്നുവെന്ന്. അവിടെ എന്നർത്ഥമാകുന്നുവെന്ന് പറഞ്ഞ് നിറുത്തുണം. ഐ- ക്ലാസ്സിൽ അവസാന ഭാഗം എന്നർത്ഥമാകുന്നുവെന്ന് പറഞ്ഞ് നിറുത്തണം.

<u>ശ്രീ. കെ.എം. മാണി</u> : സർ, ഞാൻ എന്റെ 127-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(127) രണ്ടാം വകുപ്പ് (എഫ്) ഉപവകുപ്പിൽ "മലിനജല നിർഗ്ഗമനം" "മുതലായ" എന്നീ വാക്കുകൾക്കിടയിൽ " ടെക്നോപാർക്കുകൾ, ഇൻഡസ്ട്രിയൽ പാർക്കുകൾ " എന്നീ വാക്കുകൾ ചേർക്കുക.

രണ്ടാമത്തെ വകുപ്പിൽ എഫ്- ഉപവകുപ്പിൽ ടെക്നോ പാർക്കുകൾ, ഇൻഡസ്ട്രിയൽ പാർക്കുകൾ" എന്നീ വാക്കുകൾ കൂടി ഇതിൽ ചേർക്കണം എന്നുള്ളതാണ്. ഞാൻ ഇത് കൊണ്ടുവരുവാനുണ്ടായ കാരണം, കേന്ദ്ര ഗവണ്മെന്റ് ഇൻഫ്രാസ്ട്രക്ചറിന്റെ concept ലേക്ക് ഇൻഡസ്ട്രിയൽ പാർക്കുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യാ ഗവണ്മെന്റിന്റെ എക്കണോമിക് സർവ്വേയിൽ ഇൻഫ്രാസ്ട്രക്ച്ചറിനെപ്പറ്റി പ്രതിപാദിക്കുന്ന സ്ഥലത്ത് പറഞ്ഞിരിക്കുന്നത്: <u>New policies adopted for infrastructure:</u> A series of tax incentives and other concessions have been announced and regulations and procedures have been considerably simplified to facilitate investment in infrastructure services, Box 91 summarises some recent initiatives. Box 91 New Policies adopted for infrastructure. Coverage of the term infrastructure expanded to include Telecom, Oil Exploration and Industrial Parks to enable these sectors to avail of fiscal incentives such as tax holders and concessional duty. ഈ കാരണങ്ങളാൽ കേന്ദ്രഗവണ്മെന്റ് ഇൻഫ്രാസ്ട്രക്ചർ എന്നുള്ള ആ നിർവചനത്തിലേയ്ക്ക് ടെക്നോപാർക്ക്, ഇൻഡസ്ട്രിയൽ പാർക്കുകൾ ഒക്കെ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് നമ്മുടെ നിർവചനത്തിലും ടെക്നോപാർക്ക് ആന്റ് ഇൻഡസ്ട്രിയൽ പാർക്ക് അതും കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതി നിർദ്ദേശം.

ധനകാര്യവകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, ഇതിൽ ഒരു ഭേദഗതിയും ഞാൻ സ്വീകരിക്കുന്നില്ല. കാരണം, പൊതുമേഖലാ സംരംഭങ്ങൾ വളരെ ക്ലിയറായിട്ട് 1956-ലെ Companies Act അനുസരിച്ച് രജിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത കമ്പനികൾ, ഗവണ്മെന്റിന്റെ പൊതുമേഖല, അത് പറഞ്ഞിട്ടുണ്ട്. ഹോട്ടൽ എന്ന് പറഞ്ഞു, Hotel is declared as an Industry. വ്യവസായമെന്ന് പറയുമ്പോൾ ഹോട്ടലും വരും. പിന്നെ ജോയിന്റ് വെൻചർ കുത്തക എന്നൊക്കെ, നമ്മൾ വളരെ ക്ലിയറായിട്ട് ഗവൺമെന്റിന്റെ നയം പറയാം. ഗവൺമെന്റ് സെക്ടറും, ജോയിന്റ് വെൻചറും പ്രൈവറ്റ് വെൻചറും സഹകരണ വെൻചറും ഏത് മേഖലയായാലും വേണ്ടില്ല വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടണമെന്നുള്ള ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളത്. പബ്ലിക് സെക്ടർ ശക്തിപ്പെടുത്തിയാൽ മാത്രമേ പ്രൈവറ്റ് സെക്ടർ കൂടുതൽ വളരുകയുള്ളു. അതായിരുന്നു നെഹ്റുവിന്റെ കാലത്തുണ്ടായിരുന്ന കൺസെപ്റ്റ്. അതായത് മിക്സ്ഡ് എക്കണോമിയുടെ സ്ട്രാറ്റജിക് പോയിന്റിൽ പബ്ലിക് സെക്ടർ വന്നാലേ പ്രൈവറ്റ് സെക്ടറിന് തന്നെ കമ്പനിയുണ്ടാക്കാൻ സാധിക്കൂ. പബ്ലിക് സെക്ടർ വന്നാൽ പ്രൈവറ്റ് സെക്ടറിന്റെ നിഷേധമായിരുന്നു. ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം വളരെ ക്ലിയറാക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്. ജോയിന്റ് സെക്ടറിൽ ധാരാളം ഹോട്ടൽസിന്റെ പേര് പറഞ്ഞു, ഇനിയും വരുന്നുണ്ട്. ഞങ്ങൾ. സ്വാഗതം ചെയ്യുന്നു. ജോയിന്റ് വെൻചറും സ്വാഗതം ചെയ്യും, പബ്ലിക് സെക്ടർ ആയാലും തരക്കേടില്ല. പ്രൈവറ്റ് സെക്ടറിൽ നല്ല ഹോട്ടലുകളായ പെപ്സിയും കൊക്കക്കോളയും വരുന്നുണ്ട്. കൊക്കക്കോള ചിറ്റൂരും പെപ്സി കഞ്ചിക്കോട്ടും മലമ്പുഴയിലും വരുന്നുണ്ട്. ഇത് വന്നോട്ടേ. കൊക്കക്കോളയും പെപ്സിയും ഒക്കെ വരുന്നുണ്ടെന്ന് പറഞ്ഞാൽ ഇൻഡസ്ട്രീസ് ഒന്നും ഇങ്ങോട്ടു വരാൻ പറ്റുകയില്ല. പിന്നെ പഞ്ചായത്തുകളുടെ കാര്യം, പഞ്ചായത്തുകൾക്ക് സഹായിക്കേണ്ടിവരും. ഈ സ്കീമിൽ പഞ്ചായത്തുകൾ വന്നുപെട്ടത്, പഞ്ചായത്തുകൾക്ക് അംഗത്വം കൊടുക്കണമെന്ന് പറഞ്ഞത്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൊടുക്കണമെന്ന് പറഞ്ഞത്, എന്തോ അപകടം വരുത്തിവയ്ക്കാനാണ്, അവരുടെ ഫണ്ടൊക്കെ എടുത്ത് ഉപയോഗിക്കുവാനാണ് എന്നുള്ള ധാരണയിലാണ്. അങ്ങനെ ധരിക്കുകയേ വേണ്ട. വാട്ടർ അതോറിറ്റിയുടെ കാര്യം ശ്രീ. ടി.എം. ജേക്കബ് ഇവിടെ ചൂണ്ടികാണിച്ചു. ശ്രീ ജേക്കബിന്റെ കാര്യം അംഗീകരിച്ചാൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് വാങ്ങിക്കാൻ കഴിയുന്ന ഒരു സ്ഥാപനത്തിനും കൊടുക്കാൻ കഴിയുകയില്ല. ഇപ്പോൾ കെ.എസ്.ഇ.ബി. ക്ക് കഴിയുകയില്ല, ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് വാങ്ങാമല്ലോ, കെ.ടി.ഡി.സി.ക്ക് കഴിയുകയില്ല. ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് വാങ്ങിക്കാമല്ലോ. ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് വാങ്ങിക്കാൻ കഴിയുന്ന ഒരു സ്ഥാപനത്തിനും കൊടുക്കത്തില്ലെന്ന് പറയുമ്പോൾ മാത്രമേ മിസ്റ്റർ ജേക്കബിന്റെ വാദത്തിന് പ്രസക്തിയുള്ളു.

സർവ്വശ്രീ തമ്പാനൂർ രവി, ജോണി നെല്ലൂർ, എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. കെ.പി. രാജേന്ദ്രൻ അങ്ങയുടെ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : എന്റെ ഭേദഗതികൾ ഞാൻ പിൻവലിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എതിർക്കുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : താമസിച്ചുവന്നവർക്ക് ഈ വിഷയം മനസ്സിലായല്ലോ. കഴിഞ്ഞതവണ ഒരു റൂളിംഗ് കൊടുത്തതാണല്ലോ, പിന്നെ എന്തുപറ്റി, ഇപ്പോൾ ഏതായാലും ഡോർ ക്ലോസ് ചെയ്തില്ല. ഡോർ ലോക്ക് ചെയ്യണ 1062/2010.

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് പറഞ്ഞിരുന്നു. പോൾ ആരംഭിക്കുന്ന സമയത്ത് ഡോർ ക്ലോസ് ചെയ്യാൻ പറഞ്ഞു കഴിഞ്ഞാൽ ഡോറുകൾ ക്ലോസ് ചെയ്യണം. ഡോർ തുറന്നുകിടന്നാൽ വന്നുപോകും. ആരേയും കുറ്റം പറയാൻ പറ്റുകയില്ല. ഇപ്പോൾ മന്ത്രിയെ കുറ്റം പറയുകയില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 113,116, 144 എന്നീ നമ്പർ ഭേദഗതികൾ പിൻവലിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്..... അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

ഭേദഗതികൾ പിൻവലിക്കുന്നതിനെ *അനുകൂലിക്കുന്നവർ 56*

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. ടി.കെ. ബാലൻ
5. ശ്രീ. സി.പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
8. ശ്രീ. വി.കെ. ചന്ദ്രൻ
9. ശ്രീ. എം. ദാസൻ
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
12. ശ്രീ. ടി.കെ. ഹംസ
13. ശ്രീ. കെ.ഇ. ഇസ്മയിൽ
14. ശ്രീ. സി.എൻ. ജയദേവൻ
15. ശ്രീ. ടി.എസ്. ജോൺ
16. ശ്രീ. ജോൺ ഫെർണാണ്ടസ്
17. ശ്രീ. ജോസ് ബേബി
18. ശ്രീ. എ. കണാരൻ
19. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
20. ശ്രീ. പി.കെ. കുമാരൻ
21. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
22. ശ്രീ. സി.എ. കുര്യൻ
23. ശ്രീ. ശ്രീമതി ആർ. ലതാദേവി
24. ശ്രീ. ലോനപ്പൻ നമ്പാടൻ
25. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
26. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. മോൻസ് ജോസഫ്
28. ശ്രീ. പിരപ്പൻകോട് മുരളി
29. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
30. ശ്രീ. പി. നാരായണൻ
31. ഡോ. എ. നീലലോഹിതദാസൻ നാടാർ
32. ശ്രീ. ടി.കെ. നൗഷാദ്
33. ശ്രീ. കെ. പ്രകാശ് ബാബു
34. ശ്രീ. ശ്രീമതി എൻ.കെ. രാധ
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. സി.കെ. രാജേന്ദ്രൻ
37. ശ്രീ. കെ.പി. രാജേന്ദ്രൻ
38. ശ്രീ. പി. രാജു
39. ശ്രീ. രാജു എബ്രഹാം
40. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
41. ശ്രീ. ടി.കെ. രാമകൃഷ്ണൻ
42. ശ്രീ. എസ്. ശർമ്മ
43. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
44. ശ്രീ. സത്യൻ മൊകേരി
45. ശ്രീ. സെബാസ്റ്റ്യൻ പോൾ
46. ശ്രീ. എ.സി. ഷൺമുഖദാസ്
47. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
48. ശ്രീ. ടി. ശിവദാസമേനോൻ
49. ശ്രീ. ജി. സുധാകരൻ
50. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
51. ശ്രീ. പി.എസ്. സുപാൽ
52. ശ്രീമതി സുശീലാ ഗോപാലൻ
53. ശ്രീ. എം.എ. തോമസ്
54. ശ്രീ. എം.പി. വർഗ്ഗീസ്
55. ശ്രീ. വർഗ്ഗീസ് വൈദ്യർ
56. ശ്രീ. പി. വിശ്വൻ

*പ്രതികൂലിക്കുന്നവർ - 27*

1. ശ്രീ. എ.കെ. ആന്റണി
2. ശ്രീ. ഇ.എം. അഗസ്തി
3. ശ്രീ. കെ. ബാബു
4. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. പി.ജെ. ഫ്രാൻസീസ്
6. ശ്രീ. ടി.എം. ജേക്കബ്
7. ശ്രീ. ജോണി നെല്ലൂർ
8. ശ്രീ. കെ.സി. ജോസഫ്
9. ശ്രീ. പി.ജെ. ജോയി
10. ശ്രീ. ജി. കാർത്തികേയൻ
11. ശ്രീ. കെ.കെ. നായർ
12. ശ്രീ. കെ.എം. മാണി
13. ശ്രീ. എ.കെ. മണി
14. ശ്രീ. ആര്യാടൻ മുഹമ്മദ്
15. ശ്രീ. കെ. നാരായണക്കുറുപ്പ്
16. ശ്രീ. എഴുകോൺ നാരായണൻ
17. ശ്രീ. ഉമ്മൻചാണ്ടി
18. ശ്രീ. അടൂർ പ്രകാശ്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീമതി രാധാ രാഘവൻ
21. ശ്രീ. തമ്പാനൂർ രവി
22. ശ്രീമതി റോസമ്മ ചാക്കോ
23. പ്രൊഫ്. സാവിത്രി ലക്ഷ്മണൻ
24. ശ്രീ. സി.എഫ്. തോമസ്
25 ശ്രീ. തോമസ് ചാഴികാടൻ
26. ശ്രീ. കെ.സി. വേണുഗോപാൽ
27. ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷതപാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 56

പ്രതികൂലിക്കുന്നവർ - 27

നിഷ്പക്ഷതപാലിക്കുന്നവർ -ആരുമില്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. രാജു, അങ്ങയുടെ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. രാജു : പിൻവലിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എതിർക്കുന്നു. പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. പി. രാജു അവതരിപ്പിച്ച 114,115,117,136,137,143 എന്നീ നമ്പർ ഭേദഗതികൾ പിൻവലിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.... അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി)

ഭേദഗതികൾ പിൻവലിക്കുന്നതിനെ *അനുകൂലിക്കുന്നവർ* - 56

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. ടി.കെ. ബാലൻ
5. ശ്രീ. സി.പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
8. ശ്രീ. വി.കെ. ചന്ദ്രൻ
9. ശ്രീ. എം. ദാസൻ
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
12. ശ്രീ. ടി.കെ. ഹംസ
13. ശ്രീ. കെ.ഇ. ഇസ്മയിൽ
14. ശ്രീ. സി.എൻ. ജയദേവൻ
15. ശ്രീ. ടി.എസ്. ജോൺ
16. ശ്രീ. ജോൺ ഫെർണാണ്ടസ്
17. ശ്രീ. ജോസ് ബേബി
18. ശ്രീ. എ. കണാരൻ
19. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
20. ശ്രീ. പി.കെ. കുമാരൻ
21. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
22. ശ്രീ. സി.എ. കുര്യൻ
23. ശ്രീ. ശ്രീമതി ആർ. ലതാദേവി
24. ശ്രീ. ലോനപ്പൻ നമ്പാടൻ
25. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
26. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
27. ശ്രീ. മോൻസ് ജോസഫ്
28. ശ്രീ. പിരപ്പൻകോട് മുരളി
29. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
30. ശ്രീ. പി. നാരായണൻ
31. ഡോ. എ. നീലലോഹിതദാസൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

32. ശ്രീ. ടി.കെ. നൗഷാദ്
33. ശ്രീ. കെ. പ്രകാശ് ബാബു
34. ശ്രീ. ശ്രീമതി എൻ.കെ. രാധ
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. സി.കെ. രാജേന്ദ്രൻ
37. ശ്രീ. കെ.പി. രാജേന്ദ്രൻ
38. ശ്രീ. പി. രാജു
39. ശ്രീ. രാജു എബ്രഹാം
40. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
41. ശ്രീ. ടി.കെ. രാമകൃഷ്ണൻ
42. ശ്രീ. എസ്. ശർമ്മ
43. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
44. ശ്രീ. സത്യൻ മൊകേരി
45. ശ്രീ. സെബാസ്റ്റ്യൻ പോൾ
46. ശ്രീ. എ.സി. ഷൺമുഖദാസ്
47. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
48. ശ്രീ. ടി. ശിവദാസമേനോൻ
49. ശ്രീ. ജി. സുധാകരൻ
50. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
51. ശ്രീ. പി.എസ്. സുപാൽ
52. ശ്രീമതി സുശീലാ ഗോപാലൻ
53. ശ്രീ. എം.എ. തോമസ്
54. ശ്രീ. എം.പി. വർഗ്ഗീസ്
55. ശ്രീ. വർഗ്ഗീസ് വൈദ്യർ
56. ശ്രീ. പി. വിശ്വൻ

*പ്രതികൂലിക്കുന്നവർ - 27*

1. ശ്രീ. എ.കെ. ആന്റണി
2. ശ്രീ. ഇ.എം. അഗസ്തി
3. ശ്രീ. കെ. ബാബു
4. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
5. ശ്രീ. പി.ജെ. ഫ്രാൻസിസ്
6. ശ്രീ. ടി.എം. ജേക്കബ്
7. ശ്രീ. ജോണി നെല്ലൂർ
8. ശ്രീ. കെ.സി. ജോസഫ്
9. ശ്രീ. പി.ജെ. ജോയി

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. ജി. കാർത്തികേയൻ
11. ശ്രീ. കെ.കെ. നായർ
12. ശ്രീ. കെ.എം. മാണി
13. ശ്രീ. എ.കെ. മണി
14. ശ്രീ. ആര്യാടൻ മുഹമ്മദ്
15. ശ്രീ. കെ. നാരായണക്കുറുപ്പ്
16. ശ്രീ. എഴുകോൺ നാരായണൻ
17. ശ്രീ. ഉമ്മൻചാണ്ടി
18. ശ്രീ. അടൂർ പ്രകാശ്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീമതി രാധാ രാഘവൻ
21. ശ്രീ. തമ്പാനൂർ രവി
22. ശ്രീമതി റോസമ്മ ചാക്കോ
23. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
24. ശ്രീ. സി.എഫ്. തോമസ്
25 ശ്രീ. തോമസ് ചാഴികാടൻ
26. ശ്രീ. കെ.സി. വേണുഗോപാൽ
27. ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷതപാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 56

പ്രതികൂലിക്കുന്നവർ - 27

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ. ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. കെ.സി. ജോസഫ്, ശ്രീ. പി.ജെ. ജോയി, ശ്രീ. കെ.എം. മാണി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, എന്റെ 145, 172, 186, 191 എന്നീ ഭേദഗതികൾ അവതരിപ്പിക്കുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരഭ്യർത്ഥനയുണ്ട്. അംഗീകരിക്കാവുന്ന ഭേദഗതികൾ അംഗീകരിക്കണം. പ്രതിപക്ഷം കൊണ്ടുവരുന്നു എന്ന ഒറ്റ കാരണംകൊണ്ട് എല്ലാ ഭേദഗതികളും തള്ളുന്ന ഒരു സമീപനം സ്വീകരിക്കാൻ പാടില്ല. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(145) വകുപ്പ് 3-ന്റെ ശീർഷകം ''കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി'' എന്നതിനു പകരം ''കേരള അടിസ്ഥാന സൗകര്യ വികസന നിക്ഷേപ നിധി പദ്ധതി'' എന്നാക്കി മാറ്റുക.

(172) വകുപ്പ് 3 (4) (ബി) യിൽ മുതൽമുടക്കിനു വേണ്ടി'' എന്ന വാക്കിനും ''സാമ്പത്തിക സഹായം'' എന്ന വാക്കിനും ഇടയിൽ ''തിരിച്ചടയ്ക്കാനുള്ള അവയുടെ സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ'' എന്നു കൂടി ചേർക്കുക.

(186) വകുപ്പ് 3 (5) -ന്റെ അവസാനം താഴെ പറയുന്ന വാക്കുകൾകൂടി ചേർക്കുക. ''അടിയന്തിരമായി ചെലവിടേണ്ടാത്ത തുക ഉചിതമായ കാലയളവിലേക്ക് സ്ഥിരം നിക്ഷേപമായി ഇടാവുന്നതാണ്''.

(191) വകുപ്പ് 3(7) -ൽ ''എന്നിരുന്നാലും'' എന്ന വാക്ക് മുതൽ ''ആയിരിക്കേണ്ടതാണ്'' എന്ന വാക്കുവരെ നീക്കം ചെയ്യുക. എന്റെ 145-ാം ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ്. ഈ ബില്ലിന്റെ ഇപ്പോഴത്തെ പേര് 'കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബിൽ' എന്നാണ്. അടിസ്ഥാനസൗകര്യങ്ങളുടെ വികസനമാണ് ഇവിടെ പറഞ്ഞത്. അതുകൊണ്ട് 'കേരള അടിസ്ഥാന സൗകര്യ വികസന നിക്ഷേപ നിധി ബിൽ' എന്നാക്കണം. ദി 'കേരള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് ബിൽ' എന്നാക്കി മാറ്റണം എന്നാണ് എന്റെ ഭേദഗതി. ഈ ബില്ലിന് പൂർണ്ണ അർത്ഥം വരണമെങ്കിൽ അതുകൂടി ഇതിനകത്ത് ചേർക്കണം 'ഡെവലപ്മെന്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബിൽ' എന്ന് ചേർക്കണം. അതാണ് എന്റെ 145-ാമത്തെ ഭേദഗതി.

172. പൊതുമേഖലാ സംരംഭങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും വായ്പ നൽകുമ്പോൾ നൽകുന്ന തുകയും പലിശയും തിരിച്ച് നൽകാനുള്ള ആ സ്ഥാപനങ്ങളുടെ കഴിവ് കൂടി കണക്കിലെടുക്കണമെന്നാണ് എന്റ ഭേദഗതി. മറ്റ് പരിഗണന വച്ചാണ് വായ്പ കൊടുക്കുന്നതെങ്കിൽ തിരിച്ചടയ്ക്കാൻ പ്രയാസമായിരിക്കും. 13.25 ശതമാനം അർദ്ധവാർഷിക പലിശയും 13.69 ശതമാനം വാർഷിക പലിശയ്ക്കും വാങ്ങികൊടുക്കുന്ന ഈ തുക കിട്ടാത്ത ഒരു സാഹചര്യം ഉണ്ടാക്കാൻ പാടില്ല. അത് സംസ്ഥാനത്തിന് വലിയ അധിക ബാധ്യതയുണ്ടാക്കുന്ന ഒരു കാര്യമാണ്. അതിനാൽ വായ്പ നൽകുന്ന സ്ഥാപനത്തിന് തുക തിരിച്ചടയ്ക്കാൻ കഴിയുമോ എന്നു നോക്കിയതിനു ശേഷമേ തുക നൽകാൻ പാടുള്ളൂ എന്നതാണ്. അവയുടെ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ എന്നുകൂടി ചേർക്കണം എന്നാണ് എന്റെ ഈ ഭേദഗതി. പിന്നെ 186- ഈ ഫണ്ടിലേയ്ക്ക് സ്വരൂപിക്കുന്ന തുക മുഴുവൻ ഉടൻ ചെലവിട്ടാൽ ബാധ്യതയില്ല. 6 മാസത്തിനു ശേഷമോ, ഒരു വർഷത്തിനുശേഷമോ മാത്രം ചെലവിടാൻ കഴിയുന്ന തുക ഇതിൽ ഉൾപ്പെടും. പതിമൂന്നേകാൽ ശതമാനം അർദ്ധവാർഷിക നിരക്കിൽ കടം എടുക്കുന്ന തുക സർക്കാരിന്റെ പൊതു അക്കൗണ്ടിൽ നിക്ഷേപിച്ചാൽ ലഭിക്കുന്ന പലിശ തുച്ഛമായിരിക്കും. എന്നാൽ അനുയോജ്യമായ സ്ഥിര നിക്ഷേപങ്ങൾ നിക്ഷേപിച്ചാൽ കൂടുതൽ തുക പലിശയിനത്തിൽ ലഭിക്കും. ഇത് സർക്കാർ നൽകേണ്ടിവരുന്ന പലിശയുടെ ഒരു ഭാഗമായി നിയോഗിക്കാൻ കഴിയും. 186-ൽ അടിയന്തിരമായി ചെലവിടേണ്ടാത്ത തുക ഉചിതമായ കാലയളവിലേക്ക് സ്ഥിരം നിക്ഷേപമായി ഇടാവുന്നതാണ്. ഇതുമൂലം ഗവണ്മെന്റിന് വരുമാനം കൂട്ടാൻ സാധിക്കുന്നതാണ്. അത് അംഗീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

191-ാം ഭേദഗതി, അതിവിടെ ബഹുമാനപ്പെട്ട ടി.എം. ജേക്കബ് ക്രമപ്രശ്നം ഉന്നയിച്ച ഒരു പ്രശ്നമാണ്. ജുഡീഷ്യൽ, ലെജിസ്ലേച്ചർ,

LIBRARY ARCHIVES Kerala Legislative Assembly

എക്സിക്യൂട്ടീവ്. ലെജിസ്ലേച്ചർ നിയമനിർമ്മാണം നടത്തുന്നു. അതിനനുസരിച്ച് എക്സിക്യൂട്ടീവ് ഭരിക്കുന്നു. എക്സിക്യൂട്ടീവ് തെറ്റ് ചെയ്യുമ്പോൾ ജുഡീഷ്യറി ഇടപെടുന്നു. ഇത് മൂന്നും ട്രെസ്പാസ് ചെയ്യാൻ പാടില്ല. ഇവിടെ ലെജിസ്ലേച്ചറിന്റെ അധികാരത്തെ എക്സിക്യൂട്ടീവ് കവർന്നെടുത്തിരിക്കുകയാണ്. ഇതിൽ, പദ്ധതിയുണ്ടാക്കിയാൽ കഴിയുന്നതും വേഗം നിയമസഭയുടെ മുമ്പിൽ വയ്ക്കണമെന്നും നിയമസഭ എന്തെങ്കിലും ഭേദഗതി വരുത്തിയാൽ ആ വിധത്തിൽ മാത്രം പ്രാബല്യത്തിൽ ഉണ്ടായിരിക്കണമെന്നുമാണ് ഈ വകുപ്പ് വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ അപ്രകാരമുള്ള ഭേദഗതി പദ്ധതിപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. അതിന്റെ അർത്ഥം മുമ്പ് ചെയ്ത സംഗതികൾക്ക് ഭംഗം വരുത്താതെ പദ്ധതിയിൽ നിയമസഭ ഭേദഗതി വരുത്തിക്കൊള്ളണമെന്നും ഇല്ലെങ്കിൽ അതിനെപ്പറ്റി അതേപടി അംഗീകരിക്കണമെന്നും ആണ്. ഇത്തരത്തിൽ നിർദ്ദേശം നൽകാൻ ഗവണ്മെന്റ് അധികാരമില്ല. ഇത് ലെജിസ്ലേച്ചറിനുമേലുള്ള എക്സിക്യൂട്ടീവിന്റെ കടന്നുകയറ്റമാണ്. അത് പാടില്ല. നിയമസഭയുടെ അധികാരത്തിന്മേലുള്ള ഒരു കടന്നുകയറ്റമായിട്ടാണ് ഇതിനെ കാണുന്നത്. പദ്ധതി അംഗീകരിക്കണമോ, വേണ്ടയോ എന്നും എന്തു ഭേദഗതി വരുത്തണമെന്നും അതിൽ വരുത്തേണ്ട ഭേദഗതി എന്തൊക്കെയായിരിക്കണമെന്നും അതിന് എന്ന് പ്രാബല്യം നൽകണമെന്നുമൊക്കെ തീരുമാനിക്കേണ്ടത് നിയമസഭയാകയാൽ ഇത് മാറ്റണം. അതാണ് ഈ വകുപ്പിൽ 'എന്നിരുന്നാലും' എന്ന വാക്കു മുതൽ 'ആയിരിക്കേണ്ടതാണ്' എന്ന വാക്കുവരെ നീക്കം ചെയ്യാൻ പറയാൻ കാരണം. ലെജിസ്ലേച്ചറിനു മുകളിലുള്ള എക്സിക്യൂട്ടീവിന്റെ കടന്നുകയറ്റം അവസാനിപ്പിക്കണം എന്നു പറയാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(146) വകുപ്പ് 3(1) ൽ 'നിക്ഷേപത്തിനായി' എന്ന വാക്കിനുശേഷം "പൊതുമേഖലാ വ്യവസായ പുനരുദ്ധാരണത്തിനായി രൂപീകരിച്ചിട്ടുള്ള വ്യവസായ പുനരുദ്ധാരണ ഫണ്ടിലേക്ക് സഹായം നൽകുന്നതിനായോ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

(159) വകുപ്പ് 3(2) (സി) യിൽ 'സർക്കാരോ ഏതെങ്കിലും സ്ഥാപനമോ നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും' എന്നു കഴിഞ്ഞ് ' സംഭാവനകളും' എന്നുകൂടി ചേർക്കുക.

(161) വകുപ്പ് 3 3(2) (ഇ)ക്ക് ശേഷം (എഫ്) ആയി താഴെപ്പറയുന്നത് ചേർക്കുക.

("എഫ്) ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന സംഭാവന വിഹിതവും"

(184) വകുപ്പ് 3(5) -ൽ "ഷെഡ്യൂൾഡ് ബാങ്കിലോ" എന്നതിനുശേഷം "പൊതുമേഖലാ ബാങ്കുകളിലോ സർക്കാരിന്റെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ" എന്നുകൂടി ചേർക്കുക.

ഞാൻ ഇത് അവതരിപ്പിച്ചുകഴിഞ്ഞാൽ അത് പിൻവലിക്കേണ്ടിവരുന്ന ഒരു സ്ഥിതി പ്രയാസമുള്ളതാണെങ്കിലും പറഞ്ഞല്ലേ കഴിയൂ. 184, വളരെ പ്രധാനപ്പെട്ടതാണ്. അതിൽ രണ്ടുവാക്ക് എനിക്ക് വിശദീകരിക്കണമായിരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ പറയുന്നത് . ഇത് തയാറാക്കിയ ലാ ഡിപ്പാർട്ടുമെന്റും ബന്ധപ്പെട്ട വരും ഒക്കെ ശ്രദ്ധിക്കണമെന്നുദ്ദേശിച്ചുകൊണ്ട് ഞാൻ പറയുകയാണ്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. (5) അതിന്റെ 2-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും.....

ശ്രീ. കെ.എം. മാണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. എന്റെ ഭേദഗതി ഞാൻ പിൻവലിക്കേണ്ടിവരും എങ്കിലും ഞാൻ അവതരിപ്പിക്കാമെന്ന്. പിൻവലിക്കേണ്ടി വരും, പിൻവലിക്കും അങ്ങനെ പിൻവലിക്കാൻ തയ്യാറായി കൊണ്ട് ഒരു ഭേദഗതി അവതരിപ്പിക്കാമോ? അങ്ങനെ പറയുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ : അങ്ങനെ ചെയ്യാം. അങ്ങനെ പറയുന്നത് ഓർഡറിൽ അല്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : 3(5) അതിന്റെ 2-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്. ഇങ്ങനെ വന്നാൽ നമ്മുടെ സ്റ്റേറ്റിലുള്ള ഒരുപാട് പ്രൈവറ്റ് ബാങ്കുകളുണ്ട്. തികച്ചും സ്വകാര്യവ്യക്തികൾ നടത്തുന്ന ബാങ്കുകൾ. ഇവിടെ നേരത്തെ സഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയം, ദേശവൽക്കരിക്കപ്പെട്ട ബാങ്കുകൾ സ്വകാര്യവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. തികച്ചും സ്വകാര്യവ്യക്തികൾ ലാഭത്തിനുവേണ്ടി മാത്രം നടത്തുന്ന ബാങ്കുകളും ഈ കേരളത്തിലുണ്ട്. ആ ബാങ്കുകളിൽ ആരെങ്കിലും താല്പര്യമെടുത്ത് ഏതെങ്കിലും സെക്രട്ടറിയോ അല്ലെങ്കിൽ ബന്ധപ്പെട്ടവരോ താല്പര്യമെടുത്ത് ഫണ്ട് നിക്ഷേപിക്കും. ഈ ബാങ്കുകളുടെയൊക്കെ ചെയർമാൻമാർ, അല്ലെങ്കിൽ എം.ഡി. മാർ..... ഒരുപാട് ആക്ഷേപം ഉണ്ടായിട്ടുള്ളതാണ്. പിന്നെ കമ്മീഷൻ കൊടുക്കുന്ന കാര്യം, കോടിക്കണക്കിനു രൂപ നിക്ഷേപം വാങ്ങി കമ്മീഷൻ കൊടുക്കുന്നത് ഈ സംസ്ഥാനത്ത് വ്യാപകമായ ആക്ഷേപം ഉണ്ടായിട്ടുള്ളതാണ്. അതുപ്രകാരം നമുക്കു കൊടുക്കാം. ഞാൻ കൊടുക്കുന്നതിനല്ല പറയുന്നത്, നല്ല അർത്ഥത്തിൽ കൊടുക്കാം. ഇതിന്റെ ഫലമായി, ഇങ്ങനെ നിയമത്തിൽ വ്യവസ്ഥ ചെയ്തു വച്ചാൽ ഗവൺമെന്റിന് ധനകാര്യസ്ഥാപനത്തിലും ഇടാൻ പറ്റുമോ? ധനകാര്യവകുപ്പിന്റെ കീഴിലുള്ള കെ.എസ്.എഫ്.ഇ. യിൽ ഈ വകുപ്പുപ്രകാരം ഇങ്ങനെ നമുക്ക് പണം നിക്ഷേപിക്കാൻ പറ്റുമോ? നിക്ഷേപിക്കാൻ പറ്റില്ല. ഞാൻ അനുഭവം വച്ച് പറയുകയാണ്. ഞങ്ങൾ ഒരു ക്ഷേമനിധി ബോർഡിൽ കേരളാ ഫിനാൻഷ്യൽ എന്റർപ്രൈസസിന് 5 കോടി രൂപ കൊടുക്കാൻ തീരുമാനിച്ചു. ഫിനാൻഷ്യൽ എന്റർപ്രൈസസ് ആവശ്യപ്പെട്ട് ചർച്ചചെയ്തു. അതിന്റെ ചെയർമാനും എം.ഡി യും കൂടാതെ ഞാനും ബോർഡ് മെമ്പറാണ്. ബോർഡിലുള്ള ഞങ്ങളെല്ലാം ചർച്ചചെയ്ത് 5 കോടി രൂപ കെ.എസ്.എഫ്.ഇ.യിൽ നിക്ഷേപിക്കാൻ തീരുമാനിച്ചു. കെ.എസ്.എഫ്.ഇ ഒരു പാട് പദ്ധതികൾ ആവിഷ്കരിച്ചു. അന്ന് നിയമത്തിൽ എഴുതിവച്ചതുകൊണ്ട് ഒരു ചില്ലിക്കാശുപോലും കൊടുക്കാൻ പറ്റിയില്ല. കാരണം നിയമത്തിൽ ഇത്തരം വ്യവസ്ഥകൾ ഇരിക്കുകയല്ലേ? മറിച്ച് വൈശ്യ ബാങ്കിനോ, ധനലക്ഷ്മി ബാങ്കിനോ അതുപോലുള്ള ഏത് ബാങ്കുകൾക്കുവേണ്ടമെങ്കിലും പൈസ കൊടുക്കാം. കേരളാ ഗവൺമെന്റിന്റെ ധനകാര്യവകുപ്പിന്റെ കീഴിലുള്ള കെ.എസ്.എഫ്.ഇ. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നമുക്ക് ഫണ്ടിടാൻ കഴിയില്ല. ഇത് വളരെ ചർച്ചചെയ്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിഷയമാണ്. വ്യവസായ വകുപ്പിന്റെ പുനരുദ്ധാരണഫണ്ടിന്റെ ചർച്ച വന്നപ്പോൾ ഈ സഭയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആ ഭേദഗതി അംഗീകരിച്ചു. അതുകൊണ്ടാണ് ഞാൻ നിർദ്ദേശിക്കുന്നത്. ധനകാര്യ സ്ഥാപനങ്ങൾ എന്നുകൂടി ചേർത്തില്ലായെങ്കിൽ നാളെ ഇത് ദുരുപയോഗം ചെയ്യാനും ഗവൺമെന്റിനുതന്നെ ഈ ഫണ്ട് ഇതുപോലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ കഴിയാതെയും വരും. അതുകൊണ്ട് ഈ ഭേദഗതി തിരസ്കരിക്കരുത്. ഇത് അംഗീകരിക്കണം. അത് ഈ ബില്ലിന്റെ, അല്ലെങ്കിൽ ഈ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. കോടിക്കണക്കിനു രൂപയുടെ നിക്ഷേപവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് ഞാൻ ഈ 184-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഞാൻ എന്റെ 147, 157, 166,188 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(147) - വകുപ്പ് 3(1) -ൽ 'ഒരു പദ്ധതി ഉണ്ടാക്കാവുന്നതും' എന്ന വാക്കുകൾക്കുപകരം 'ഒരു പദ്ധതി ഉണ്ടാക്കേണ്ടതും' എന്ന വാക്കുകൾ ചേർക്കുക.

(157) വകുപ്പ് 3(2) (സി) നീക്കം ചെയ്യുക.

(166) വകുപ്പ് 3(4) (എ) യിൽ 'പണം നൽകുന്നതിന്' എന്ന വാക്കുകൾക്കുപകരം 'സർക്കാരിന് പണം നൽകുന്നതിന്' എന്ന വാക്കുകൾ ചേർക്കുക.

(188) വകുപ്പ് 3(5) താഴെ പറയുംപ്രകാരം മാറ്റുക.

'(5) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതു അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്.'

ഇതിൽ ക്ലാസ് 3-ൽ അടിസ്ഥാന സൗകര്യ നിക്ഷേപനിധിയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ഞാൻ നേരത്തെ ഒരു ക്രമപ്രശ്നമായി ഈ സഭയിൽ ഉന്നയിച്ച കാര്യത്തെക്കുറിച്ച് ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദു തന്നെ പറഞ്ഞു, നിയമത്തിൽ പറയുന്ന കാര്യങ്ങൾക്കനുസരിച്ചുള്ള സ്കീം വരേണ്ടത് ആവശ്യമാണെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇവിടെ സ്കീം നേരത്തെ സർക്കുലേറ്റ് ചെയ്തിരുന്നുവെങ്കിൽ (സാങ്കേതികമായി വേണമെങ്കിൽ അടുത്ത സെഷനിൽ പേരോ എന്നൊക്കെ ചോദിക്കാം) ഇവിടെ ഈ ബില്ലിന്റെ ചർച്ച നടക്കുമ്പോൾ സ്കീമിന്റെ കാര്യവും പരിഗണിക്കാമായിരുന്നു. ഏതായാലും മന്ത്രി അത് അഡ്മിറ്റ് ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. ഇവിടെ ഈ ഫണ്ടിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട സംഗതി എസ്റ്റാബിളിഷ്മെന്റ് ഓഫ് ദ ഫണ്ട് ആണ്. അത് സ്കീമിൽ വരുന്നുണ്ട്. അതിൽ പറയുന്നത് The fund established under the scheme may consist of an authorised capital of Rs. 500 crores എന്നിട്ട് പറയുന്നത് There shall be credited to the fund the amount mentioned in sub-section (2) of section 3 of the Ordinance.

ഓർഡിനൻസിന്റെ അന്നാണ് സ്കീം ഇറക്കിയത്, ബിൽ വന്നപ്പോഴും സെക്ഷനിൽ അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്, മറ്റൊന്ന് പറഞ്ഞിരിക്കുന്നത്. The fund shall be deposited into a Head of Account in the Public Account of the Government opened for this purpose

ആർട്ടിക്കിൾ 283(2) അനുസരിച്ച് മന്ത്രി പറയുന്നത് ഇതൊരു ബോർഡാണ്. അതൊരു വശം. ഗവൺമെന്റ് അങ്ങനെ ഒരു നിലപാട് സ്വീക

LIBRARY ARCHIVES Kerala Legislative Assembly

രിച്ചു. മറ്റു സ്റ്റേറ്റുകളിൽ അങ്ങനെ ചെയ്തിട്ടുണ്ട്. അതുകൊണ്ടാകാൻ പറ്റില്ലേ. അദ്ദേഹം മറ്റൊരു രൂപത്തിലാണ് അത് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് അദ്ദേഹം ആർട്ടിക്കിൾ 293 ഇതിന് തടസ്സമില്ലായെന്ന് നേരത്തെ ഇൻട്രോഡക്ഷൻ സ്റ്റേജിൽ ഒബ്ജക്ഷൻ വന്നപ്പോൾ പറയാനുണ്ടായ കാര്യം. ആർട്ടിക്കിൾ 283(2)-ൽ അതിന്റെ അവസാനഭാഗത്ത് പറയുന്നത്..... such account and all other matters connected with or ancillary to matters aforesaid shall be regulated by law made by the legislature of the State, and until provision in that behalf is so made, shall be regulated by Rules made by the Governor of the State. ഇതനുസരിച്ചാണ് ട്രഷറി കോഡ് നിലവിലുള്ളത്. ട്രഷറി കോഡനുസരിച്ച് സർക്കാരിന് മൂന്നുതരത്തിലുള്ള ഫണ്ടാണുള്ളത്. ഒന്ന് കൺസോളിഡേറ്റഡ് ഫണ്ട്, രണ്ട് കണ്ടിജൻസി ഫണ്ട്, മൂന്ന് പബ്ലിക് അക്കൗണ്ട്. ഇവിടെ സ്കീമിൽതന്നെ പറഞ്ഞിരിക്കുന്നത്. The fund shall be deposited into a Head of Account in the Public Account of the Government opened for this purpoose. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് വേണമെങ്കിൽ സാങ്കേതികത്വത്തിൽകൂടി മുന്നോട്ടു പോകാം. ഗവൺമെന്റ് എടുക്കേണ്ട ഒരു അപ്രോച്ച് ഉള്ള കാര്യം തുറന്നു പറയണം. അദ്ദേഹം അവസാനഭാഗം സമ്മതിച്ചു. വെയ്സ് ആന്റ് മീൻസിലേക്ക് ഇത് ചിലപ്പോൾ വരും. വന്നോട്ടെ. എന്നാൽ എന്താണ് കുഴപ്പം? വെയ്സ് ആന്റ് മീൻസ് പൊസിഷന്റെ ബെറ്റർമെന്റിനുവേണ്ടി വരാൻ സാധ്യതയുണ്ട്. ഇത് വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഡെപ്പോസിറ്റ് സ്വീകരിക്കാം. അതൊക്കെ ഇതിൽ പറയുന്നുണ്ട്. The purposes for which the assistance may be given and the mode of assistnace സ്കീമിൽ പറഞ്ഞിരിക്കുന്നത് Financial assistance from the fund shall be in the form of long-term loans for .. അത് നിയമത്തിൽ ഉണ്ടായിട്ടില്ല. സ്കീമിൽ ആണ് പറയുന്നത്. Financial assistance from the fund shall be in the form of long term loans for investment in infrastructure projects. Short-term loan assistance for a period not exceeding six months may also be provided for purposes including bridge loan for working capital.

അതിന്റെ പ്രൊവൈസോ, Provided that no more than twenty percent of the funds mobilised in a year shall be earmarked for short-term loans and at least ten percent of the funds mobilised in a year shall be set apart to meet the interest commitments on bonds ഞാനിപ്പോൾ വായിച്ച ഭാഗം ഈ സ്കീമിൽ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. അത് നിയമത്തിൽ വന്നിട്ടില്ല. ഗവൺമെന്റ് ഓരോ സ്ഥാപനങ്ങളെ സംബന്ധിച്ച് മുന്നോട്ട് പോകുമ്പോഴും മറ്റു കാര്യങ്ങളിലെല്ലാമുള്ളത്. ഒന്ന്, ബാങ്ക് ഓഫ് ഇന്ത്യയുടെ ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾക്കുകൂടി അനുരൂപമായിട്ടുവേണം മുന്നോട്ടുപോകാൻ. അതിന് അനുകൂലമായ നിലപാടല്ല ഇപ്പോൾ വന്നിരിക്കുന്നത്. നിയമത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലായിട്ടുള്ള കാര്യങ്ങൾ സ്കീമിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. അങ്ങനെ ഒരു സമീപനം സ്വീകരിച്ചുകൊണ്ടുപോകുന്നത് ശരിയല്ല. അതുകൊണ്ടാണ് പറയുന്നത് നേരത്തെ സ്കീം കിട്ടിയാൽ കുറേകൂടി നോക്കാൻ കഴിയുമെന്ന്. ലെജിസ്ലേച്ചറിന്റെ മുകളിൽ എക്സിക്യൂട്ടീവിന് അധികാരമുണ്ടോ? ധാരാളം ഡിബേറ്റ് ചെയ്തിട്ടുള്ള ഒരു കാര്യമാണ്. കൂടുതൽ കാര്യങ്ങളിലേക്ക് പോകുന്നില്ല. ലെജിസ്ലേച്ചറിനു മുകളിലേക്ക് എക്സിക്യൂട്ടീവ് പോകാൻ പാടില്ല. എക്സിക്യൂട്ടീവിന് അധികാരങ്ങളുണ്ട്. എക്സിക്യൂട്ടീവ് ചില കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ലേജിസ്ലേച്ചർ ഇവിടെയുള്ളത് നിയമമുണ്ടാക്കാനാണ്. ആ നിയമത്തിനു വിധേയമായിട്ടുവേണം എക്സിക്യൂട്ടീവ് പ്രവർത്തിക്കുവാൻ. അതിനപ്പുറത്തേക്കു പോകുന്ന സാഹചര്യം സൃഷ്ടിച്ചുവയ്ക്കുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടുതന്നെ ഈ വകുപ്പിൽ ചില മാറ്റങ്ങളൊക്കെ ആവശ്യമായിട്ടുണ്ട്. ഇവിടെതന്നെ 157-ാമത്തെ ഭേദഗതി ഒരു കറക്ഷനെ സംബന്ധിച്ചാണ്. 157(സി) അതിന്റെ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് സെക്ഷൻ (സി) ഡിലിറ്റു ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. മറ്റൊന്ന് സംസ്ഥാന അടിസ്ഥാന സൗകര്യ പദ്ധതിയിലെ മുതൽമുടക്കായി പണം നൽകുന്നതിനെ സംബന്ധിച്ചാണ്. അത് ഒന്നുകൂടെ വ്യക്തമാക്കാൻ വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു അമെന്റ്മെന്റാണ്. 188-നെ സംബന്ധിച്ച് ഇവിടെ പറഞ്ഞിരിക്കുന്നത് 5(2) ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്. ഈ ഫണ്ട് മാനേജർ ആരാണെന്ന് ഇതിൽ പറയുന്നുണ്ട്. ഫണ്ട് മാനേജർ എന്നുപറയുന്നത് ധനകാര്യ റിസോഴ്സസ് സെക്രട്ടറിയാണ്. ഇതിന്റെ അപകടം, ഇതിൽ ആത്യന്തികമായി ഈ കാര്യങ്ങൾ മുഴുവൻ നിയന്ത്രിക്കാൻ പോകുന്ന വ്യക്തി ധനകാര്യ റിസോഴ്സസ് സെക്രട്ടറിയാണ്. ബോർഡ് രണ്ടുമാസത്തിലൊരിക്കൽ കൂടിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്കീമിലും പറയുന്നുണ്ട്. രണ്ടുമാസത്തിലൊരിക്കൽ ചേർന്നിരിക്കണം. ഇതിന്റെ നടപടികൾ മുഴുവൻ കൊണ്ടുപോകേണ്ടത് ധനകാര്യ റിസോഴ്സസ് സെക്രട്ടറി, ബോർഡിന്റെ ഫണ്ട് മാനേജരായിരിക്കണം. കുറച്ചുമുമ്പ് റൂൾ 130 അനുസരിച്ച് ഒരു പ്രമേയം ഇവിടെ ചർച്ച ചെയ്തു. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഈ 5(2) ഉപവകുപ്പനുസരിച്ച് ഷെഡ്യൂൾഡ് ബാങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്. അതെന്താണ് അങ്ങനെ പറയുന്നത്? എനിക്ക് മനസ്സിലാകുന്നില്ല. ഇതിന്റെ ഉദ്ദേശ്യം എന്താണ്? നിങ്ങൾ നേരത്തെ പറഞ്ഞത് അതൊന്നും പാടില്ല, നമുക്ക് കുറേകൂടി നാഷണലൈസേഷൻ പോളിസിയിൽ പോകണമെന്നാണ്. 5(2) ഉപവകുപ്പിൽ പറയുന്നത് എല്ലാ പണവും സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി കൈകാര്യം ചെയ്യേണ്ടതുമാണ് എന്നാണ്. ഇതിൽ ''അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ നിക്ഷേപിക്കേണ്ടതും എന്ന ഭാഗം ഡിലീറ്റു ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്. സർക്കാർ വകുപ്പിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കപ്പുറത്തേക്ക് കടന്ന് സ്കീമിൽ പല കാര്യങ്ങളും ഉൾക്കൊള്ളിച്ചിരിക്കുകയാണ്. അത് ശരിയായ സമീപനമല്ല. ഈ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റിന്റെ ആത്മാർത്ഥതകൂടി പരിശോധിക്കപ്പെടുന്ന ഒന്നാണ് ഷെഡ്യൂൾഡ് ബാങ്കിൽ ഫണ്ട് നിക്ഷേപിക്കുന്നതിന് ഞാൻ എതിരല്ല. നാഷണലൈസ്ഡ് ബാങ്കിലോ, ഷെഡ്യൂൾഡ് ബാങ്കിലോ അല്ലെങ്കിൽ സർവ്വീസ് സഹകരണ ബാങ്കിലോ എവിടെ വേണമെങ്കിലും ആകാം. നിങ്ങൾ ഒരു ഭാഗത്തുകൂടി എതിർക്കുകയും മറുഭാഗത്തുകൂടി നിയമത്തിന്റെ വ്യവസ്ഥയിൽ അത് ഉൾക്കൊള്ളിക്കുകയും ചെയ്യുന്നത് ശരിയല്ലായെന്നാണ് ഞാൻ ഈ നിർദ്ദേശത്തിലൂടെ മുന്നോട്ടു വയ്ക്കുന്നത്.

(ഇടവേളയ്ക്കായി രാത്രി 8.40-ന് സഭ നിറുത്തിവയ്ക്കുകയും 9.10 ന് ബഹു. സ്പീക്കറുടെ അധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു)

9.10 PM

<u>ശ്രീ പി.ജെ. ഫ്രാൻസിസ്</u> : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(148) വകുപ്പ് 3(1) താഴെ പറയുംപ്രകാരം മാറ്റുക. "(1) സർക്കാരിന് ഗസറ്റു വിജ്ഞാപനം വഴി, സംസ്ഥാനത്തെ അടിസ്ഥാന പദ്ധതികളിലെ നിക്ഷേപത്തിനായി ഈ ആക്ടിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനു വേണ്ടി. പൊതുമേഖലാ സംരംഭങ്ങളും മറ്റു സംരംഭങ്ങളും പ്രാവർത്തികമാക്കാൻ തയ്യാറാക്കുന്ന അടിസ്ഥാന പദ്ധതികൾക്ക് സഹായധനം നൽകുന്നതിനു വേണ്ടി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും, പദ്ധതി ഉണ്ടാക്കിയശേഷം ഉടൻതന്നെ ഈ ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കേണ്ടതുമാകുന്നു."

(158) വകുപ്പ് 3(2) (സി) യിൽ 'സർക്കാരോ ഏതെങ്കിലും സ്ഥാപനമോ' എന്നത് 'ഏതെങ്കിലും സ്ഥാപനം' എന്നാക്കി മാറ്റുക.

(164) വകുപ്പ് 3(4) (എ) നീക്കം ചെയ്യേണ്ടതും മറ്റുള്ളവ പുനഃക്രമീകരിക്കേണ്ടതുമാണ്.

(179) വകുപ്പ് 3(5)-ൽ "സർക്കാരിന്റെ പൊതു അക്കൗണ്ടിലോ" എന്നതിനു പകരം "ഒരു പ്രത്യേക അക്കൗണ്ടിലോ" എന്നു ചേർക്കുക.

സർ, 148- ാം നമ്പർ ഭേദഗതിയിൽ 3(1)-ൽ ആക്ടിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി പൊതുമേഖലാ സംരംഭങ്ങളും മറ്റു സംരംഭങ്ങളും പ്രാവർത്തികമാക്കാൻ തയാറാക്കുന്ന അടിസ്ഥാന പദ്ധതികൾക്ക് സഹായധനം നൽകുന്നതിനുവേണ്ടി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും എന്നത് 'അത് പൊതുമേഖലാ സംരംഭങ്ങളും മറ്റു സംരംഭങ്ങളും പ്രാവർത്തികമാക്കാൻ തയ്യാറാക്കുന്ന അടിസ്ഥാന പദ്ധതികൾക്ക് സഹായധനം നൽകുന്നതിനുവേണ്ടി' എന്നു കൂടി ചേർക്കണമെന്നാണ്. ഞാൻ അതുന്നയിക്കാൻ കാരണം, ഇവിടെ ഓർഡിനൻസിന്റെ കീഴിൽ പ്രസിദ്ധീകരിച്ച സ്കീമിൽ 3-ാം ഉപഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നത് ഒരു പബ്ലിക് അണ്ടർടേക്കിംഗ് അപേക്ഷ സമർപ്പിച്ചാൽ അതിന്റെ മുൻവർഷത്തെ ഇന്റേണൽ ആഡിറ്റ് നടത്തുകയും അക്കൗണ്ട്സ് വെരിഫൈ ചെയ്യുകയും വേണം. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞത് അവർക്കുപോലും കിട്ടാൻ സാധ്യതയില്ലാത്ത സാഹചര്യമുണ്ടാക്കിയിരുന്നു. അതുകൊണ്ട് ഈ ആക്ടിൽ തന്നെ പൊതുമേഖലാ സംരംഭങ്ങളും മറ്റു സംരംഭങ്ങളും പ്രാവർത്തികമാക്കാൻ തയ്യാറാകുന്ന അടിസ്ഥാനപദ്ധതികൾക്ക് സഹായം നൽകുന്നതിനുവേണ്ടി കേരളാ അടിസ്ഥാന സൗകര്യ നിക്ഷേപനിധി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതാണ് എന്ന ഭേദഗതി ഉൾക്കൊള്ളണമെന്നാണ് എന്റെ അപേക്ഷ. 158, എന്നു പറയുന്നത് നിധിയിലേക്ക് 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ധനസഹായം 7-ാം വകുപ്പ് എന്നു പറയുമ്പോൾ സർക്കാർ കൊടുക്കുന്ന ഗ്രാന്റും അതിൽ ഉൾക്കൊള്ളുന്നു. അപ്പോൾ സർക്കാരോ ഏതെങ്കിലും സ്ഥാപനമോ എന്നുള്ളത് മാറ്റിയിട്ട് ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാൻറുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും എന്നാക്കി മാറ്റണം. സർക്കാരിനു വീണ്ടും ഫണ്ട് കൊടുക്കേണ്ട ആവശ്യമില്ല. അതിനെകുറിച്ച് ഏഴാം വകുപ്പിൽ പറയുന്നുണ്ട്. അതുകൊണ്ട് സർക്കാരോ ഏതെങ്കിലും സ്ഥാപനമോ എന്നുള്ളത് ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളുമെന്നാക്കണം. 164-ാം നമ്പർ ഭേദഗതിയിൽ 3(4) (എ) നീക്കം ചെയ്യണമെന്നാണ്. അപ്പോൾ ബി,സി,ഡി എന്നാണ് എ,ബി,സി എന്നു റി നമ്പർ ചെയ്യണം 5(2)-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാ

LIBRARY ARCHIVES Kerala Legislative Assembly

രിന്റെ പൊതു അക്കൗണ്ടിലും എന്നുള്ളത് ഒരു പ്രത്യേക അക്കൗണ്ടാണ്. കാരണം ഹെഡ് ഓഫ് അക്കൗണ്ട് സർക്കാർ തന്നെ ഉണ്ടാക്കുന്നതാണ്. ആ പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് വച്ചുകഴിഞ്ഞാൽ പ്രത്യേകമായി നിശ്ചയിക്കപ്പെട്ട കാര്യങ്ങൾക്കുവേണ്ടി മാത്രമേ പണം പിൻവലിക്കാൻ സാധിക്കുകയുള്ളു. കാരണം '4' ഉപ ഖണ്ഡത്തിൽ പറഞ്ഞ The fund may be utilized for all or any of the following purposes. അപ്പോൾ ഹെഡ് ഓഫ് അക്കൗണ്ട് പബ്ലിക് അക്കൗണ്ടിലാകരുത്. അതൊരു പ്രത്യേക അക്കൗണ്ട് കൊടുക്കണം. ശ്രീ. കെ. പി. രാജേന്ദ്രൻ ഉന്നയിച്ച ഭേദഗതി എന്നു പറയുന്നത്, സർക്കാരിന്റെ അനുമതിയോടുകൂടി പൊതുമേഖലാ ബാങ്കുകൾക്ക് പണം കൊടുക്കണമെന്നാണ്. പക്ഷെ സർക്കാരിന്റെ പൊതു അക്കൗണ്ടിൽനിന്ന് മാറ്റികൊണ്ട് പ്രത്യേക അക്കൗണ്ടിലാക്കി എന്നുള്ള ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(162) വകുപ്പ് 3(4) ൽ "ആവശ്യങ്ങൾക്കുവേണ്ടി" എന്ന വാക്കിനുശേഷം 'മാത്രം' എന്നുകൂടി ചേർക്കണം.

(163) വകുപ്പ് 3(4) ൽ "ഉപയോഗിക്കാവുന്നതാണ്" എന്ന വാക്കിന് പകരം "ഉപയോഗിക്കേണ്ടതും സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കു വേണ്ടി ചെലവഴിക്കാൻ പാടില്ലാത്തതുമാകുന്നു" എന്ന വാക്കുകൾ ചേർക്കുക.

സർ, ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പാണ് മൂന്നാം വകുപ്പ്. നിക്ഷേപനിധി കോർപ്പസാണെന്നും എന്തെല്ലാം കാര്യത്തിന് ചെലവഴിക്കാമെന്നും ബില്ലിൽ പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിസഭയിൽ പറഞ്ഞത്. ഈ നിധി പ്രത്യേകമായ പദ്ധതിക്കുമാത്രമേ ചെലവാക്കുന്നുള്ളുവെന്നാണ്. സർക്കാരിന്റെ ദൈനംദിന ആവശ്യങ്ങൾക്കു ചെലവഴിക്കുകയില്ല എന്നു ബഹുമാനപ്പെട്ട മന്ത്രി സഭയിൽ ഉറപ്പുനൽകിയിട്ടുണ്ട്. അതു സഭയിലുള്ള ഉറപ്പുമാത്രമാണ്. ആ ഉറപ്പിന് ഒരു സ്റ്റാറ്റ്യൂട്ടറി ബാക്കിംഗ് വേണം. അതുകൊണ്ടാണ് നിധി താഴെപ്പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ ആവശ്യങ്ങൾക്കുവേണ്ടി എന്നതിനുശേഷം 'മാത്രം' ഉപയോഗിക്കാവുന്നതാണ് എന്നാക്കണമെന്നു പറയുന്നത്. അങ്ങനെയാണെങ്കിലേ താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് വേണ്ടിമാത്രം ഉപയോഗിക്കാവുന്ന എന്നുവരും. മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ പറ്റില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉറപ്പ് ഒരു സ്റ്റാറ്റ്യൂട്ടറി ബാക്കിംഗ് നൽകാൻ അതു സഹായിക്കും. 163-ൽ പറയുന്നത് നിധി താഴെപ്പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ് എന്നല്ല, ഉപയോഗിക്കേണ്ടതാണ് എന്നു പറയണം. നിധി ഉപയോഗിക്കപ്പെടുന്ന മാർഗ്ഗങ്ങളെപ്പറ്റി എ,ബി,സി,ഡി നാലു ഉപവകുപ്പുകളിലായിട്ട് ചെലവഴിക്കാനുള്ള പദ്ധതിയെപ്പറ്റി പറയുന്നുണ്ട്. അതിനുവേണ്ടി ഉപയോഗിക്കേണ്ടതാണ് എന്നുതന്നെ പറയണം. കാരണം, വേറെ ഓപ്ഷൻ പാടില്ല. ഈ പണം ചെലവഴിക്കാനുള്ള പദ്ധതിയെപ്പറ്റി അടിസ്ഥാന സൗകര്യപദ്ധതികളുടെ മുതൽമുടക്കിനായി പണി നൽകുന്നതിനുവേണ്ടി, അതുപോലെ പൊതുമേഖലാ സംരംഭങ്ങളുടെ മുതൽമുടക്കിനുവേണ്ടി നിധിയിലേക്കുള്ള ധനാഗമമാർഗ്ഗങ്ങൾ വർധിപ്പിക്കാൻ വേണ്ടിയുള്ള കടപത്രങ്ങളും ബോണ്ടുകളും വിടുതൽ ചെയ്യുന്നതിനുവേണ്ടിയുള്ള ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടതാണ് എന്നുതന്നെ ചേർക്കണം. അതാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വേണുഗോപാൽ : സർ, 175-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വകുപ്പ് 3(4) (സി) യിൽ 'വിടുതൽ ചെയ്യുന്നതിനും' എന്ന വാക്കുകൾക്ക് പകരം " പുറപ്പെടുവിക്കുന്നതിനുവേണ്ടി' എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(167) വകുപ്പ് 3(4) (എ)യിൽ 'പണം' എന്ന വാക്കിനുപകരം "വായ്പ" എന്ന വാക്ക് ചേർക്കുക.

(170) വകുപ്പ് 3(4)(ബി)യിൽ "മറ്റ് സംരംഭങ്ങൾക്കും" എന്ന വാക്കുകൾ നീക്കം ചെയ്യുക.

(176) വകുപ്പ് 3(4)(ഡി) നീക്കം ചെയ്യുക.

(178) വകുപ്പ് 3(5)ലെ "സർക്കാരിന്റെ പൊതു അക്കൗണ്ടിലോ" എന്ന വാക്കുകൾ നീക്കം ചെയ്യുക.

(180) വകുപ്പ് 3(5)-ൽ "ഷെഡ്യൂൾ" എന്ന വാക്കിന് പകരം "നാഷണ ലൈസ്ഡ്" എന്ന വാക്ക് ചേർക്കുക.

സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട വകുപ്പാണ് മൂന്നാം വകുപ്പ്. മൂന്നാം വകുപ്പിൽ 4(എ) യിൽ പറയുന്നത് പണം നൽകുന്നതിന് സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ പദ്ധതികളിൽ മുതൽമുടക്കിനായി പണം നൽകുന്നതാണെന്നു പറയുന്നതിൽ 'പണം' എന്നുള്ള വാക്കുമാറ്റി 'വായ്പ' നൽകുന്നതിന് എന്നാക്കണമെന്നാണ്. അതായിരിക്കും കുറച്ചുകൂടി ഭംഗി. 170-ൽ 3(4) (ബി)യിൽ മറ്റു സംരംഭങ്ങൾക്കും എന്ന വാക്കുകൾ നീക്കം ചെയ്യണമെന്നാണ് ആ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. വകുപ്പ് 3-ൽ 4(ഡി) യിൽ പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യം നടപ്പാക്കുന്നതിനും പദ്ധതിയെക്കുറിച്ച് പറയുമ്പോൾ ഓരോ തുക ചെലവാക്കുന്ന കാര്യത്തെക്കുറിച്ചൊക്കെ വളരെ വിശദമായി മുകളിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് (ഡി) ക്ലാസ് ആവശ്യമില്ല. അത് നീക്കം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. 176-ാം ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് അതാണ്. 178-ൽ സർക്കാരിന്റെ പൊതു അക്കൗണ്ടിലോ എന്നുള്ള ഭാഗം ഡിലീറ്റ് ചെയ്യണമെന്നാണ്. 180-എന്നു പറയുന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. ശ്രീ. കെ.പി. രാജേന്ദ്രൻ ഇതിനു സമാനമായി ഈ വിധത്തിലല്ലെങ്കിൽപോലും ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. ഞാൻ പറയുന്ന 3(5) ൽ ഷെഡ്യൂൾഡ് എന്ന വാക്കിനുപകരം-ഷെഡ്യൂൾഡ് ബാങ്കുകളോട് എതിർപ്പുണ്ടായിട്ട് പറയുകയല്ല. അൽപം മുമ്പ് ഈ ബിൽ എടുക്കുന്നതിനു മുമ്പ് നമ്മുടെ നിയമസഭയുടെ പൊതുവികാരം ഉൾക്കൊണ്ടുകൊണ്ട് അംഗീകരിച്ച പ്രമേയമുണ്ട്. ആ പൊതുവികാരത്തിനു വിരുദ്ധമായ, അതിൽനിന്ന് വ്യത്യസ്തമായ ഒരു സമീപനമാണ് ഈ ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചത്.....

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഭേദഗതി അവതരിപ്പിച്ചു പറഞ്ഞാൽ പോരേ? ഇത്രയും സംസാരിക്കണോ?

ശ്രീ. ജോണി നെല്ലൂർ : അങ്ങനെ പറ്റുകയില്ലല്ലോ? വേറൊന്നും പറയുന്നില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, അമെന്റ്മെന്റ് മൂവ് ചെയ്യുന്ന മെമ്പർമാർക്ക് എന്തുകൊണ്ടാണ് ആ അമെന്റ്മെന്റ് അവതരിപ്പിക്കുന്നതെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതിനുള്ള അവകാശമില്ലേ? അതിനകത്ത് വേറെ ചരിത്രമൊന്നും പറയാതിരുന്നാൽ മതിയല്ലോ? അങ്ങനെയാണെങ്കിൽ നമുക്കു നോക്കാം..... (ബഹളം).....

ശ്രീ. ജോണി നെല്ലൂർ : എന്നാൽ ഇതു പറയണം. അവർ പറയിപ്പിച്ചേ അടങ്ങൂ എന്നു പറഞ്ഞാൽ പറയാതിരിക്കാൻ പറ്റുമോ?.....(ബഹളം)..... ഭേദഗതി അവതരിപ്പിക്കുന്ന ആളുകൾക്കു ഭംഗിയായി പറയാനറിയാം. പക്ഷെ എല്ലാവരും സഹകരിക്കണമെന്ന് അങ്ങ് പറഞ്ഞ ഒരു പൊതുധാരണയുടെ അടിസ്ഥാനത്തിലാണ് അവതരിപ്പിക്കുന്നു എന്നു മാത്രം പറയുന്നത്. ആവശ്യമില്ലാതെ മുൻനിരയിലിരിക്കുന്ന മന്ത്രിമാരുൾപ്പെടെ പ്രകോപിപ്പിച്ചാൽ ഞങ്ങൾക്ക് ഭംഗിയായി പറയാനറിയാം. ഞങ്ങൾ പറയുകയും ചെയ്യും. നമുക്കു വെളുക്കുവോളം ഇരിക്കാം. ഭക്ഷണം കിട്ടിയില്ല എന്ന വിഷമം മാത്രമേയുള്ളൂ. അതിൽ കുഴപ്പമില്ല..... (ബഹളം);.....

മി. സ്പീക്കർ : പ്ലീസ്.....

ശ്രീ. ജോണി നെല്ലൂർ : മറുവശത്തുള്ളവരെ നിയന്ത്രിക്കുകയാണ് വേണ്ടത്. പിൻനിരയിലിരിക്കുന്നവരെ നിയന്ത്രിക്കുക.. ഞങ്ങൾക്കു പറയാനുള്ളത് ഞങ്ങൾ പറയും.....(ബഹളം)..... പൊതുധാരണയുടെ അടിസ്ഥാനത്തിലാണെങ്കിൽ ഇവിടെ നിർത്തുന്നു. ഈ ഭേദഗതി മൂവ് ചെയ്യുന്നു. ഇത് അംഗീകരിക്കണം. ഞാൻ പറയുന്നത്. 'ഷെഡ്യൂൾഡ്' എന്ന വാക്കുമാറ്റി 'നാഷണലൈസ്ഡ്' എന്നു ചേർക്കണമെന്നാണ്. എന്തു കൊണ്ടാണ് ദേശസാൽകൃത ബാങ്കുകളോട് എതിർപ്പ്? ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്നു മാത്രം പറഞ്ഞതുകൊണ്ട് നിർത്തുന്നു.

ശ്രീ. സി.എഫ്. തോമസ് : സർ, എന്റെ 182-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(182) വകുപ്പ് 3(5)-ൽ 'ഷെഡ്യൂൾഡ് ബാങ്കിലോ' എന്ന വാക്കിനും 'നിക്ഷേപിക്കേണ്ടതും' എന്ന വാക്കിനുമിടയിൽ 'സഹകരണ ബാങ്കിലോ' എന്ന വാക്ക് ചേർക്കുക.

പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ സഹകരണ ബാങ്കിലോ എന്നുകൂടി ചേർക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. പി. രാജു : സർ, 183, 185 എന്നീ ഭേദഗതികൾ ഞാൻ മൂവ് ചെയ്യുകയാണ്.

(183) വകുപ്പ് 3(5)-ൽ 'ഷെഡ്യൂൾഡ് ബാങ്കിലോ' എന്നതിനുപകരം പൊതുമേഖല/ഷെഡ്യൂൾസ് ബാങ്കുകളിലോ, ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ എന്നീ വാക്കുകൾ ചേർക്കുക.

(185) വകുപ്പ് 3(5)-ൽ 'ഷെഡ്യൂൾഡ്' എന്ന വാക്ക് നീക്കം ചെയ്യുകയും 'ഫണ്ട് മാനേജർ' എന്ന വാക്ക് 'ഫണ്ട് ഡയറക്ടർ' എന്നാക്കി മാറ്റുകയും ചെയ്യുക.

183-ാം നമ്പർ ഭേദഗതിയിൽ നേരത്തെ ഇവിടെ സൂചിപ്പിച്ച കാര്യമാണ് പറയുന്നത്. ഈ ബിൽ തയ്യാറാക്കുമ്പോൾ നിയമവകുപ്പിനു പറ്റിയ ഒരു പിശകായിട്ടാണ് അതെനിക്ക് തോന്നുന്നത്. നിയമവകുപ്പ് എഴുതിത്തന്ന ഈ



LIBRARY ARCHIVES Kerala Legislative Assembly

പിശക് തിരുത്താൻ ഇവിടെ നിയമസഭ തയ്യാറാകേണ്ടതാണ്. ഇവിടെ സർക്കാരിന്റെ പണം സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ ഷെഡ്യൂൾഡ് ബാങ്കിലോ ആണ് നിക്ഷേപിക്കേണ്ടത് എന്നാണ് പറഞ്ഞിട്ടുള്ളത്. ഷെഡ്യൂൾഡ് ബാങ്ക് എന്നുപറയുമ്പോൾ കേരളത്തിൽ ഫെഡറൽ ബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നീ രണ്ടു പ്രമുഖമായ ബാങ്കുക ളാണുള്ളത്. പൂർണ്ണമായി സ്വകാര്യമേഖലയിലുള്ളതാണ് ഷെഡ്യൂൾഡ് ബാങ്ക്. അതിൽ ഡെപ്പോസിറ്റ് കൃാൻവാസ് ചെയ്യുന്നതിന് നമ്മുടെ നാട്ടിൽ വളരെയധികം സംവിധാനമുണ്ട്. 500-560 കോടി രൂപയോളം അതിൽ സർക്കാരിന് വരുന്നതാണ്. ഇവിടെ ഷെഡ്യൂൾഡ് ബാങ്ക് എന്നുപറഞ്ഞാൽ ഫെഡറൽ ബാങ്കിൽ നിക്ഷേപിക്കാൻ തീരുമാനിച്ചാൽ ഉദ്യോഗസ്ഥന്മാർക്ക് വലിയ കമ്മീഷൻ വാങ്ങാനുള്ള ഇടവരുത്തും. തീർച്ചയായും ഗവൺമെന്റിന് ഇത് വലിയൊരു ചീത്തപ്പേര് ഉണ്ടാക്കുകയും ചെയ്യും. നമ്മളിപ്പോൾ ഇവിടെ പ്രമേയം പാസ്സാക്കിയതാണ്. പൊതുമേഖലയില്ലാതാകുമ്പോൾ നമുക്കത് അപ്പോൾ ആലോചിക്കാം. പൊതുമേഖലയിലോ സഹകരണ മേഖലയിലോ ഇത് നിക്ഷേപിക്കാനുള്ള ഒരു ഭേദഗതിയാണ് ഞാൻ മൂവ് ചെയ്തത്. പലപ്പോഴും സഹകരണ ബാങ്കുകളെ ആശ്രയിച്ച് ഗവൺമെന്റ് പ്രവർത്തിക്കാറുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇത് പുനഃപരിശോധിച്ചുകൊണ്ട് ഷെഡ്യൂൾഡ് ബാങ്കുകൾ എന്നതിനോടൊപ്പംതന്നെ സഹകരണബാങ്കുകളോ പൊതുമേഖലാ ബാങ്കുകളോ എന്നുകൂടി കൂട്ടിച്ചേർക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. സർക്കാരിനിപ്പോൾ കെ.എസ്. എഫ്.ഇ-ൽ പണം നിക്ഷേപിക്കാൻ പറ്റുമോ. കെ.എസ്.എഫ്.ഇ.യിൽ നിക്ഷേ പിക്കാൻ പറ്റില്ല. അതുകൊണ്ട് ഈ ഭേദഗതി ഗവൺമെന്റ് അംഗീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, 187-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(187) വകുപ്പ് 3(5) താഴെപറയുംപ്രകാരം മാറ്റുക. '(5) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്.'

പ്രസംഗിക്കാൻ എനിക്ക് വലിയ താല്പര്യമുണ്ട്, എന്നാൽ അതിനുള്ള ഒരു മൂടില്ല. അതിനുപുറമേ ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രനും ശ്രീ. പി. രാജുവും സംസാരിച്ചപ്പോൾ എന്റെ അമെന്റുമെന്റിന്റെ ചെറിയ ഭാഗങ്ങൾ, അവർ നല്ലതുപോലെ മനസ്സിലാക്കുന്നു. സി.പി.എം.ന് എത്രയായാലും സി.പി.ഐ.ക്ക് മനസ്സിലാകുന്നതുപോലെ കാര്യം മനസ്സിലാവുകയില്ല. അതുകൊണ്ടാണ് അവർ അമെന്റുമെന്റ് കൊണ്ടുവന്നത്. അത് കുറേ കാര്യമായിട്ടുള്ള അമെന്റുമെന്റാണ്. എന്റെ അമെന്റുമെന്റിൽ ഞാൻ പറഞ്ഞിട്ടുള്ളത് (5) (2) ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണെന്നാണ്. ഇവിടെ ഒരു മണിക്കൂർമുമ്പ് നമ്മൾ പാസ്സാക്കിയ പ്രമേയമെന്താണ്? സ്വകാര്യ ബാങ്ക്. ഇവിടെ സ്വകാര്യബാങ്കിനു കൊടുക്കാനുള്ള വ്യവസ്ഥമാറ്റണമെന്ന് ഞാനല്ല പറയുന്നത്, ശ്രീ.പി. രാജുവും ശ്രീ. കെ.പി. രാജേന്ദ്രനുമാണ് പറയുന്നത്. സ്വകാര്യ ബാങ്കിന് കൊടുക്കാനുള്ള വ്യവസ്ഥ മാറ്റണമെന്നാണ് അവർ പറയുന്നത്. നിങ്ങളൊക്കെ നാഷണലൈസേഷന് അനുകൂലമാണ്. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി എന്താണ്? നാഷണലൈസ്ഡ് ബാങ്കിനുമാത്രമേ കൊടുക്കാവൂ എന്നാണ്. ഈ ഗവൺമെന്റ് എവിടെയാണ് നിൽക്കുന്നത്? ഒരു മണിക്കൂർ മുമ്പ് പാസ്സാക്കിയ പ്രമേയത്തിന്റെ കൂടെയാണോ? അപ്പോൾ ആരാണ് നാഷണലൈസ് ചെയ്ത ബാങ്കുകളെ സംരക്ഷിക്കാനുള്ളത്? ഞങ്ങളുണ്ട്., സി.പി.ഐ ക്കാരുണ്ട്, ശ്രീ. പി.രാജുവും ശ്രീ.കെ.പി. രാജേന്ദ്രനുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ഗവൺമെന്റിന്റെ സ്റ്റാൻഡ് പറഞ്ഞു. ഗവൺമെന്റ് ഉടമസ്ഥതതയിലുള്ള എറണാകുളം, കുമരകം ഇതെല്ലാം ജോയിന്റ് സെക്ടറിന് കൊടുത്തു, അതുതന്നെയാണ് ഞങ്ങളുടെ നയമെന്നാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങൾ ബാങ്ക് നാഷണലൈസ് ചെയ്ത ആളുകളാണ്. ഇവർ ഗവൺമെന്റ് ഉടമയിലുള്ള സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറിയ പാർട്ടിയാണ്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്. അതിനിയും ചെയ്യും. ഈ ബില്ലിൽ അദ്ദേഹം പറഞ്ഞത് ഇനിയും ചെയ്യുമെന്നാണ്. ഇത് നാഷണലൈസ്ഡ് ബാങ്കിനുമാത്രമേ കൊടുക്കാവൂ അതുകൊണ്ട് ഇത് ഒഴിവാക്കണമെന്നാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ : വകുപ്പുതിരിച്ചുള്ള ചർച്ചയിലാണ് ഇതുപോലുള്ള പരാമർശങ്ങൾ വരുന്നത്. നമ്മുടെ ഭേദഗതിക്കടിസ്ഥാനമായിട്ടുള്ള കാര്യങ്ങളല്ലാതെ ചർച്ച പോവുകയും അതൊരു പൊളിറ്റിക്കൽ ഡിബേറ്റാവുകയും ചെയ്തുകൂടാ.

ശ്രീ. കെ.എം. മാണി : സർ, ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞപ്പോഴാണ് വാസ്തവത്തിൽ അതിന്റെ അപകടം ഒന്നുകൂടി ബോധ്യമായത്. ഞാൻ 177,189 എന്നീ ഭേദഗതികൾ മൂവ് ചെയ്യുകയാണ്.

(177) വകുപ്പ് 3(4) (ഡി) നീക്കം ചെയ്യുക.

(189) വകുപ്പ് 3(5) താഴെപറയുംപ്രകാരം മാറ്റുക. (5)(2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും അതിലേക്കായി സൃഷ്ടിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ഈ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കു വേണ്ടിയല്ലാതെ മറ്റു കാര്യങ്ങൾക്കുവേണ്ടി പ്രസ്തുത പണം സംസ്ഥാന സർക്കാർ വിനിയോഗിക്കുകയോ ഉപയോഗിക്കുകയോ ചെയ്യരുതാത്തതുമാണ്.

177-ാം നമ്പർ ഭേദഗതിയിൽ ക്ലാസ് 3, സബ്ക്ലാസ് 4(ഡി)-യിൽ പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യം നടപ്പിലാക്കുന്നതിന്..... എന്നു പറയുന്നു. മറ്റ് ആവശ്യങ്ങളെന്നുപറയുന്നത് ഇൻഫ്രാസ്ട്രക്ചറിന്റെ ബലത്തിലല്ലാതെ പദ്ധതിയിൽ പറയുകയാണ്. അതെന്താണ് മറ്റേതെങ്കിലും ആവശ്യമെന്നുപറയുന്നത് മിസ്യൂസ് ചെയ്യാനായിട്ടാണ്. ഇൻഫ്രാസ്ട്രക്ചറിന്റെ ബലത്തിലല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിന് പണം ചെലവഴിക്കാൻ പാടില്ലെന്നുള്ളതാണ് ഞാൻ ഈ അമെന്റുമെന്റ് കൊണ്ടുദ്ദേശിക്കുന്നത്. 189-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ചാണ് ഞാൻ കൂടുതലായി സ്ട്രസ് ചെയ്ത് പറയുന്നത്, ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. ഈ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളത് 'എല്ലാ പണവും സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾസ് ബാങ്കിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ് എന്നാണ്. ഇതിൽ എനിക്കൊരുകാര്യം പറയാനുള്ളത് ഈ രണ്ടു ഡ്യൂപ്ലിക്കേഷൻ ആവശ്യമില്ല. ഒന്നുകിൽ സർക്കാരിന്റെ പബ്ലിക് അക്കൗണ്ട് അല്ലെങ്കിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് അല്ലെങ്കിൽ നാഷണലൈസ്ഡ് ബാങ്ക് ഏതെങ്കിലുമൊരു സോഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കണം. ഇവിടെ ചില മെമ്പർമാർ പറഞ്ഞു അത് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലാകാമെന്ന്. ഈ നിലയിൽ ഒരന്തവുമില്ലാതെ പല രീതിയിൽ ഇതു പോകാൻ പാടില്ല. ഒന്നുകിൽ പബ്ലിക് അക്കൗണ്ട് അതല്ലായെങ്കിൽ നാഷണലൈസ്ഡ് ബാങ്ക് എന്നുവേണം. പബ്ലിക് അക്കൗണ്ടിലാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ എന്റെ അമെന്റുമെന്റിൽ ഞാൻ പറഞ്ഞിരിക്കുന്നത് 5(2) ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും അതിലേക്കായി സൃഷ്ടിക്കുന്ന, പ്രത്യേക അക്കൗണ്ടിൽ എന്നുള്ളത് ഞാൻ എൻട്രി എന്നാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ച് തിരുത്തിവായിച്ചാൽ കൊള്ളാം. 'അതിലേക്കായി സൃഷ്ടിക്കുന്ന പ്രത്യേക എൻട്രിയിൽ നിക്ഷേപിക്കേണ്ടതും ഈ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കുവേണ്ടിയല്ലാതെ മറ്റു കാര്യങ്ങൾക്കുവേണ്ടി പ്രസ്തുത പണം സംസ്ഥാന സർക്കാർ വിനിയോഗിക്കുകയോ ഉപയോഗിക്കുകയോ ചെയ്യരുതാത്തതുമാണ്.' ഞാൻ ഒരു പുതിയ എൻട്രി വേണമെന്നാണ് പറയുന്നത്. ബഡ്ജറ്റിനെ സംബന്ധിച്ച് നമുക്കറിയാം പബ്ലിക് അക്കൗണ്ടിൽ ഇപ്പോഴുള്ളത് 5 എൻട്രികളാണ്. Small Savings, Reserve Fund, Deposit and Allowances, Suspense and Miscellaneous, Remittance ഈ 5 എൻട്രികളാണ് ഇപ്പോഴുള്ളത്. അപ്പോൾ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനെ സംബന്ധിച്ചിടത്തോളം, ഈ നിക്ഷേപ നിധിയെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക എൻട്രിയിൽ അത് നിക്ഷേപിക്കണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. അങ്ങനെ നിക്ഷേപിച്ചാൽ ഈ പണം ഗവൺമെന്റിന്റെ ways and means -നുവേണ്ടി പിൻവലിക്കാൻ പാടില്ലെന്നുള്ളതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയ്ക്കുവേണ്ടി ഞാനൊരുകാര്യം പറയുകയാണ്. പബ്ലിക് അക്കൗണ്ടിന്റെ നെറ്റ് എപ്പോഴും ബഡ്ജറ്റിന്റെ ഭാഗമാണ്. ഉദാഹരണമായി പറയുകയാണെങ്കിൽ 1999-2000-ാമാണ്ടിന്റെ ബഡ്ജറ്റിൽ പബ്ലിക് അക്കൗണ്ട് നെറ്റ് 1026 കോടി രൂപ ബഡ്ജറ്റിൽ എടുത്തിട്ടുണ്ട്. ആ 1026 കോടിരൂപ പബ്ലിക് അക്കൗണ്ട് നെറ്റ് കൂടി ഉൾപ്പെടുത്തി കണക്കാക്കിയതിനുശേഷമാണ് ഇക്കൊല്ലത്തെ ബഡ്ജറ്റ് 129 കോടിരൂപ ക്യാഷ് ബാലൻസിൽ ക്ലോസ് ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. അപ്പോൾ ബഡ്ജറ്റിന്റെ ഒരുഭാഗമാണ് പബ്ലിക് അക്കൗണ്ട് നെറ്റ്. അപ്പോൾ ആ നെറ്റ് ഗവൺമെന്റ് ഇതിലേയ്ക്കിടുന്ന 500 കോടി രൂപയിട്ടാൽ, ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ ഒരു ഉപമാലങ്കാരത്തിൽക്കൂടി ഒരുകാര്യം പറയുകയുണ്ടായി. ഒരാൾ കുറച്ചുരൂപ കൊണ്ടുപോയി ബാങ്കിലിട്ടാൽ അതിനുമുകളിൽ വേറൊരാൾ രൂപയിടും. എന്നിട്ട് എന്റെ രൂപ തരണമെന്നുപറയുന്നതുപോലെയാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലിരുപ്പ് എനിക്ക് മനസ്സിലായി. പബ്ലിക് അക്കൗണ്ടിൽ പലപല കാറ്റഗറികളുണ്ട്. 5 എൻട്രികളിൽ അല്ലെങ്കിൽ ഇപ്പോഴത്തെ പുതിയ എൻട്രി വരികയാണെങ്കിൽ 6 എൻട്രികളിലും കൂടിയുള്ള ഫണ്ട് എല്ലാംകൂടി പബ്ലിക് അക്കൗണ്ടിൽ വരും. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉപമയനുസരിച്ചാണെങ്കിൽ ഒരാൾ ഇട്ടതിനുമുകളിലിടുന്ന പണമെന്നുള്ള വിവക്ഷയനുസരിച്ചാണെങ്കിൽ ഇതിലേയ്ക്കെല്ലാം കൂടിവന്നുകൂടും. ട്രഷറിയിൽ പണമെല്ലാംകൂടി ഒന്നിച്ചാണ് കിടക്കുന്നത്. അങ്ങനെയുള്ള പല അക്കൗണ്ടിൽനിന്നും, ഏതാണെന്ന് ഗവൺമെന്റിന് അറിയാൻ പറ്റില്ല. ഗവൺമെന്റ് എടുത്ത് ചെലവഴിക്കും. അതിനെന്താണ് കുറ്റം പറയാൻ, ഇതാണ് വാസ്തവത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഒരു ആർഗുമെന്റ്. പണമെല്ലാം ഒന്നിച്ച് ട്രഷറിയിലെ സേഫിനകത്താണ് ഇരിക്കുന്നത്. പണമെല്ലാം ആ സേഫിനകത്താണ് ഇരിക്കുന്നതെങ്കിലും ഈ പ്രത്യേക എൻട്രിയിൽ വരുന്ന പണത്തിന്റെ നെറ്റ് ഉപയോഗിക്കാൻ പാടില്ല. മറ്റ് പബ്ലിക് അക്കൗ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്സിലെ നെറ്റ് ബഡ്ജറ്റ് റിസോഴ്സസ് ആയിട്ട് ഉപയോഗിക്കാം. പക്ഷേ ഒരു കാര്യം, ഇക്കാര്യത്തിൽ ഇൻഫ്രാസ്ട്രക്ചർ നിധിയിൽനിന്നും വരുന്ന ഫണ്ട്, പുതിയ എൻട്രിയിൽ വരുന്ന ഫണ്ട്, ആ നെറ്റ് ബഡ്ജറ്റ് റിസോഴ്സസിനു വേണ്ടി ഉപയോഗിക്കാൻ പാടില്ല എന്നുള്ളത് നിയമത്തിനകത് എഴുതിവച്ചുവെങ്കിൽ മാത്രമേ കഴിയൂ. ഈ സ്കീം പരിശോധിച്ചു നോക്കിയപ്പോൾ, സ്കീമിന്റെ 16-ാമത്തെ റൂളിനകത്ത് ഒരു കാര്യം പറയുന്നുണ്ട്. ബോർഡ് ഓരോ ഇൻസ്റ്റിറ്റ്യൂഷനും രൂപ കൊടുത്തുകഴിഞ്ഞാൽ ആ രൂപ തിരിച്ചു കിട്ടുന്നുണ്ടോയെന്ന് നോക്കണം. എല്ലാ ബോർഡ് മീറ്റിംഗുകളിലും ഡി.സി.ബി. സ്റ്റേറ്റുമെന്റ് വയ്ക്കണമെന്നൊരു നിർദ്ദേശമുണ്ട്. എന്നു പറഞ്ഞാൽ കൊടുത്തിരിക്കുന്ന രൂപ എത്ര, എത്രവന്നു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അറിയാം. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യം പറയാനുള്ളത്, അതേ മാതൃകയിൽ, എത്ര രൂപ ഈ നിധിയിൽ ഉണ്ടായിരുന്നു; എത്ര നെറ്റ് ഉണ്ട്; എത്ര ഗ്രോസ്സ് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം കാലാകാലങ്ങളിൽ ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് വരണം. രണ്ടാഴ്ച കൂടുമ്പോൾ എങ്കിലും വീക്കിലി സ്റ്റേറ്റ്മെന്റ് ഗവൺമെന്റിലേയ്ക്ക് വരികയും ക്വാർട്ടർലിയായിട്ട്..... For payment to the public account, no demand is required to be presented to the Legislature and the actual requirements are met from time to time as they arise, These demands are largely of the nature of banking transactions. It is broadly correct to say that the money lying in the public account do not belong to the Government. They have to be paid back at some time or other as in the case of General Provident Fund are to be utilised by the Government in an agreed manner and in the case of adhoc funds set up for special purpose as in the case of Accidents Insurance Fund etc. ഈ നിലയ്ക്ക് ലെജിസ്ലേഷനെ സംബന്ധിച്ചിടത്തോളം അക്കൗണ്ടിൽ നിന്ന് പണം ചെലവഴിക്കുന്നതിന് ഒരു നിയമവുമില്ല. ലെജിസ്ലേഷന്റെ കൺട്രോൾ ഇല്ല. ബഡ്ജറ്റ് കൊണ്ടുവന്ന് പാസ്സാക്കുന്നു. അന്നേരം പബ്ലിക് അക്കൗണ്ടിൽ നെറ്റ് എത്രയുണ്ട്, ബഡ്ജറ്റ് റിസോഴ്സസ് എത്രയുണ്ടെന്ന് കാണാം. പക്ഷെ ഇതിന്റെ എക്സ്പെൻഡിച്ചറിനെ സംബന്ധിച്ചിടത്തോളം യാതൊരു കൺട്രോളുമില്ല. അതിനർത്ഥം പബ്ലിക് അക്കൗണ്ടിലേയ്ക്ക് പണമിട്ടാൽ, 500 കോടി രൂപ രണ്ടു മാസം കഴിയുമ്പോൾ 1000 കോടി രൂപയായിരിക്കും. 1000 കോടി രൂപ പബ്ലിക് അക്കൗണ്ടിൽ വന്നാൽ അതിന്റെ എക്സ്പെൻഡിച്ചറിനെ സംബന്ധിച്ചിടത്തോളം ലെജിസ്ലേച്ചറിന് യാതൊരു കൺട്രോളുമില്ല പക്ഷെ ലെജിസ്ലേച്ചർ മനസ്സിലാക്കണം, ഈ രൂപ ജനങ്ങളുടെ രൂപയാണ്. അല്ലെങ്കിൽ ഓരോ ഇൻസ്റ്റിറ്റ്യൂഷന്റേയും രൂപയാണ്. ആ രൂപ തിരിച്ചുകൊടുക്കണം. ആ രൂപ തിരിച്ചുകൊടുക്കാൻ കഴിയുന്നുണ്ടോ; അത് ഗവൺമെന്റിന്റെ അനുദിന കാര്യങ്ങൾക്കുവേണ്ടി എടുത്ത് വിനിയോഗിച്ചിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അറിയണമെന്നുണ്ടെങ്കിൽ.... അതുകൊണ്ട് ക്വാർട്ടർലി ആയിട്ടുള്ള ഒരു റിപ്പോർട്ട് നിയമസഭയിൽ വരട്ടെ, അത് മിസ്യൂസ് ചെയ്യുന്നുണ്ടോ എന്നുള്ളത് മനസ്സിലാക്കാനും ആ ഫണ്ട് നിലനിൽക്കുന്നുണ്ടോ എന്നറിയാനും ഈ പ്രതിവിധി ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നു. ഇപ്പോൾ ട്രഷറി റെസ്ട്രിക്ഷൻസ് ഉണ്ട്, ഇക്കണോമി ഓർഡേഴ്സ്. പബ്ലിക് അക്കൗണ്ടിൽ കിടക്കുന്ന പണത്തിനു ചിലപ്പോൾ ട്രഷറി റെസ്ട്രിക്ഷൻസ് കൊണ്ടുവരുമെന്ന് വിചാരിക്കാം. അങ്ങനെ വരികയാണെങ്കിൽ ഡെപ്പോസിറ്റ് ഇട്ടിരിക്കുന്ന ആളുകൾക്ക് ചിലപ്പോൾ പണം തിരിച്ചുകൊടുക്കാൻ കാലതാമസം വരും. അപ്പോൾ ഇത് സാധാരണ ഒരു ഫണ്ട് ആണെങ്കിൽ ട്രഷറി റെസ്ട്രിക്ഷൻസ് കൊണ്ടുവരാം, ഇക്കണോമി ഓർഡേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

എൻഫോഴ്സ് ചെയ്യാം. പക്ഷെ പബ്ലിക് അക്കൗണ്ടിൽ കിടക്കുന്ന പണം മറ്റ് പണംപോലെ കരുതാതെ, റെസ്ട്രിക്ഷൻസ് കൊണ്ടുവരാൻ പാടില്ല. രൂപ ഇട്ടിരിക്കുന്ന ആളുകൾക്ക് യഥാസമയം കിട്ടണം. അതേസമയം പ്രോജക്ട് താമസിച്ചുപോയാൽ അതിന് ഇന്ററസ്റ്റ് കൊടുക്കേണ്ടേ? ആ നിലയ്ക്ക് ഒരുപാട് വിഷമതകൾ, അപകടങ്ങൾ ഒളിഞ്ഞിരിക്കുന്ന ഒരു വകുപ്പ് എന്നുള്ള നിലയ്ക്ക് ജനങ്ങളിൽനിന്ന് കടപത്രത്തിലൂടെ വാങ്ങുന്ന രൂപ, ആ രൂപ വലിയ ഭാരമായി വരാൻ പാടില്ല, ഗവൺമെന്റ് ബാങ്ക്റപ്റ്റസിയിലേയ്ക്ക് പോകാൻ പാടില്ല. അതുകൊണ്ട് ആവശ്യമായ നിയന്ത്രണം ഇപ്പോഴേ വയ്ക്കുന്നുവെങ്കിൽ മാത്രമേ അത് ഉപകാരപ്രദമാകുകയുള്ളൂ എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു:

(190) വകുപ്പ് 3(7)-ൽ "കഴിയുന്നത്ര വേഗം" എന്ന വാക്കിന് പകരം "മൂന്നു മാസത്തിനകം" എന്ന വാക്കുകൾ ചേർക്കുക. നിയമസഭ ഇപ്പോൾ കൂടുന്നത് ആറു മാസം അടുക്കാറാകുമ്പോഴാണ്. നിയമസഭ ഇടയ്ക്ക് കൂടിക്കോട്ടെ. അതിനുവേണ്ടിയാണ് ഞാൻ ഇത് മൂവ് ചെയ്യുന്നത്.

മി. സ്പീക്കർ : മറ്റ് ഭേദഗതികളൊന്നും ഓർഡറിലല്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ശ്രീ. പി. രാജു, ശ്രീ. ആര്യാടൻ മുഹമ്മദ് തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ കൊണ്ടുവന്ന ഭേദഗതികൾ അതേപടി സ്വീകരിക്കാൻ പറ്റുകയില്ല. മോഡിഫിക്കേഷനോടെ സ്വീകരിക്കാം. അതായത് സർക്കാരിന്റെ പണം സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾസ് ബാങ്കിലോ എന്നുള്ളതിനുപകരം നാഷണലൈസ്ഡ് ബാങ്കിലോ എന്നുള്ളത് സ്വീകരിക്കാം. ഷെഡ്യൂൾഡ് ബാങ്കിലോ എന്നുള്ളതിനു പകരം നാഷണലൈസ്ഡ് ബാങ്കിലോ എന്നാക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ ഭേദഗതി പബ്ലിക് അക്കൗണ്ട് പാടില്ല, നാഷണലൈസ്ഡ് ബാങ്കിലെ മാത്രമായിരിക്കണമെന്നാണ്. അതാണോ അങ്ങ് സ്വീകരിക്കുന്നത്?

(ശ്രീ. ടി. ശിവദാസമേനോൻ) : സർ, അത് സ്വീകരിക്കുന്നില്ല. ഞാൻ വളരെ വ്യക്തമായി പറയാം. ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ എന്നുള്ളിതിനു പകരം നാഷണലൈസ്ഡ് ബാങ്കിലോ എന്നുള്ള മോഡിഫിക്കേഷനോടുകൂടി അംഗീകരിക്കുകയാണ്. പിന്നെ. ഫണ്ട് മാനേജർ കൈകാര്യം ചെയ്യുക എന്നതിനെ സംബന്ധിച്ച് തെറ്റിദ്ധാരണയുണ്ട്. കൈകാര്യം ചെയ്യുക എന്നാൽ അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുക എന്നേ അർത്ഥമുള്ളൂ. ഇംഗ്ലീഷിൽ വളരെ ക്ലീയറാണ്, 'ഓപ്പറേറ്റഡ് ബൈ ദി ഫണ്ട് മാനേജർ,' അത്രേയുള്ളൂ. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. പി.ജെ. ഫ്രാൻസീസ് അങ്ങ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി.ജെ. ഫ്രാൻസീസ് : സർ, ഞാൻ 179-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

*അനുകൂലിക്കുന്നവർ - 22*

1. ശ്രീ. എ.കെ. ആന്റണി
2. ശ്രീ. കെ. ബാബു
3. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
4. ശ്രീ. പി.ജെ. ഫ്രാൻസിസ്
5. ശ്രീ. ടി.എം. ജേക്കബ്
6. ശ്രീ. ജോണി നെല്ലൂർ
7. ശ്രീ. കെ.സി. ജോസഫ്
8. ശ്രീ. പി.ജെ. ജോയി
9. ശ്രീ. ജി. കാർത്തികേയൻ
10. ശ്രീ. കെ.കെ. നായർ
11. ശ്രീ. കെ.എം. മാണി
12. ശ്രീ. ആര്യാടൻ മുഹമ്മദ്
13. ശ്രീ. കെ. നാരായണക്കുറുപ്പ്
14. ശ്രീ. എഴുകോൺ നാരായണൻ
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീമതി രാധാരാഘവൻ
17. ശ്രീ. തമ്പാനൂർ രവി
18. ശ്രീമതി റോസമ്മ ചാക്കോ
19. ശ്രീ. സി.എഫ്. തോമസ്
20. ശ്രീ. തോമസ് ചാഴികാടൻ
21. ശ്രീ. കെ.സി. വേണുഗോപാൽ
22. ശ്രീ. ബി. വിജയകുമാർ

*പ്രതികൂലിക്കുന്നവർ -50*

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. ടി.കെ. ബാലൻ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. എം. ദാസൻ
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. ടി.കെ. ഹംസ
14. ശ്രീ. കെ.ഇ. ഇസ്മയിൽ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. ജോസ് ബേബി
17. ശ്രീ. എ. കണാരൻ
18. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
19. ശ്രീ. പി.കെ. കുമാരൻ
20. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
21. ശ്രീമതി ആർ. ലതാദേവി
22. ശ്രീ. ലോനപ്പൻ നമ്പാടൻ
23. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
24. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
25. ശ്രീ. മോൻസ് ജോസഫ്
26. ശ്രീ. പിരപ്പൻകോട് മുരളി
27. ശ്രീ. സി.കെ. നാണു
28. ശ്രീ. പി. നാരായണൻ
29. ശ്രീ. ടി.കെ. നൗഷാദ്
30. ശ്രീ. കെ. പ്രകാശ് ബാബു
31. ശ്രീമതി എൻ.കെ. രാധ
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. സി.കെ. രാജേന്ദ്രൻ
34. ശ്രീ. കെ.പി. രാജേന്ദ്രൻ
35. ശ്രീ. രാജു എബ്രഹാം
36. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
37. ശ്രീ. എസ്. ശർമ്മ
38. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
39. ശ്രീ. സത്യൻ മൊകേരി
40. ശ്രീ. സെബാസ്റ്റ്യൻ പോൾ

LIBRARY ARCHIVES Kerala Legislative Assembly

41. ശ്രീ. എ.സി. ഷൺമുഖദാസ്
42. ശ്രീ. ടി. ശിവദാസമേനോൻ
43. ശ്രീ. ജി. സുധാകരൻ
44. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
45. ശ്രീ. പി.എസ്. സുപാൽ
46. ശ്രീമതി സുശീലാഗോപാലൻ
47. ശ്രീ. എം.എ. തോമസ്
48. ശ്രീ.എം.പി. വർഗ്ഗീസ്
49. ശ്രീ. വർഗ്ഗീസ് വൈദ്യർ
50. ശ്രീ. പി. വിശ്വൻ

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 22
പ്രതികൂലിക്കുന്നവർ - 50
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. പി.ജെ. ഫ്രാൻസിസ് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി.ജെ. ഫ്രാൻസിസ് അവതരിപ്പിച്ച മറ്റു ഭേദഗതികളും സഭ നിരാകരിച്ചു.

സർവ്വശ്രീ കെ.സി. ജോസഫ്, കെ.സി വേണുഗോപാൽ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

സർവ്വശ്രീ ജോണിനെല്ലൂർ, സി.എഫ്. തോമസ്, ആര്യാടൻ മുഹമ്മദ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. രാജു അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. കെ.എം. മാണി അങ്ങയുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.എം. മാണി : ഞാൻ 189-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

*അനുകൂലിക്കുന്നവർ - 22*

1. ശ്രീ. എ.കെ. ആന്റണി
2. ശ്രീ. കെ. ബാബു
3. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
4. ശ്രീ. പി.ജെ. ഫ്രാൻസീസ്
5. ശ്രീ. ടി.എം. ജേക്കബ്
6. ശ്രീ. ജോണി നെല്ലൂർ
7. ശ്രീ. കെ.സി. ജോസഫ്



LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. പി.ജെ. ജോയി
9. ശ്രീ. ജി. കാർത്തികേയൻ
10. ശ്രീ. കെ.കെ. നായർ
11. ശ്രീ. കെ.എം. മാണി
12. ശ്രീ. ആര്യാടൻ മുഹമ്മദ്
13. ശ്രീ. കെ. നാരായണക്കുറുപ്പ്
14. ശ്രീ. എഴുകോൺ നാരായണൻ
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീമതി രാധാരാഘവൻ
17. ശ്രീ. തമ്പാനൂർ രവി
18. ശ്രീമതി റോസമ്മ ചാക്കോ
19. ശ്രീ. സി.എഫ്. തോമസ്
20. ശ്രീ. തോമസ് ചാഴികാടൻ
21. ശ്രീ. കെ.സി. വേണുഗോപാൽ
22. ബി. വിജയകുമാർ

*പ്രതികൂലിക്കുന്നവർ - 50*

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. എം. ദാസൻ
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. ടി.കെ. ഹംസ
14. ശ്രീ. കെ.ഇ. ഇസ്മയിൽ
15. ശ്രീ. ജോൺ ഫെർണാണ്ടസ്.
16. ശ്രീ. ജോസ് ബേബി
17. ശ്രീ. എ. കണാരൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
19. ശ്രീ. പി.കെ. കുമാരൻ
20. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
21. ശ്രീമതി ആർ. ലതാദേവി
22. ശ്രീ. ലോനപ്പൻ നമ്പാടൻ
23. ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ
24. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
25. ശ്രീ. മോൻസ് ജോസഫ്
26. ശ്രീ. പിരപ്പൻകോട് മുരളി
27. ശ്രീ. സി.കെ. നാണു
28. ശ്രീ. പി. നാരായണൻ
29. ശ്രീ. ടി.കെ. നൗഷാദ്
30. ശ്രീ. കെ. പ്രകാശ് ബാബു
31. ശ്രീമതി എൻ.കെ. രാധ
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. സി.കെ. രാജേന്ദ്രൻ
34. ശ്രീ. കെ.പി. രാജേന്ദ്രൻ
35. ശ്രീ. രാജു എബ്രഹാം
36. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
37. ശ്രീ. എസ്. ശർമ്മ
38. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
39. ശ്രീ. സത്യൻ മൊകേരി
40. ശ്രീ. സെബാസ്റ്റ്യൻ പോൾ
41. ശ്രീ. എ.സി. ഷൺമുഖദാസ്
42. ശ്രീ. ടി. ശിവദാസമേനോൻ
43. ശ്രീ. ജി. സുധാകരൻ
44. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
45. ശ്രീ. പി.എസ്. സുപാൽ
46. ശ്രീമതി സുശീലാഗോപാലൻ
47. ശ്രീ. എം.എ. തോമസ്
48. ശ്രീ.എം.പി. വർഗ്ഗീസ്
49. ശ്രീ. വർഗ്ഗീസ് വൈദ്യർ
50. ശ്രീ. പി. വിശ്വൻ

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 22

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 50

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. കെ.എം. മാണിയുടെ 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

# XIV. ക്രമപ്രശ്നം

**ഒരു മെമ്പർ അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കാതെ അതേ ഭേദഗതി വകുപ്പുമന്ത്രി വാക്കാൽ ഭേദഗതിയായി അവതരിപ്പിച്ച് അംഗീകരിക്കാമോ എന്ന പ്രശ്നം.**

ശ്രീ. കെ.സി. ജോസഫ് : ഇവിടെ 3-ാം വകുപ്പിന്റെ ചർച്ച നടക്കുകയാണ്. സാധാരണഗതിയിൽ മിനിസ്റ്റർ ആ സമയത്ത് അമന്റ്മെന്റ് മൂവ് ചെയ്യുന്നില്ല. റിപ്ലൈ വരുമ്പോൾ മിനിസ്റ്റർ ഒരു ഓറൽ അമന്റ്മെന്റ് പറയും. മൂവ് ചെയ്യുന്ന സമയത്ത് മന്ത്രി അനങ്ങുന്നില്ല., ഓറലും ഇല്ല, റിട്ടണും ഇല്ല. ശ്രീ. ജോണി നെല്ലൂർ അമന്റ്മെന്റ് മൂവ് ചെയ്തതാണ്, ഇതിന് സമാനമായി മൂവ് ചെയ്യാതെ ഉത്തരം പറയുമ്പോൾ ഓറൽ എന്നുപറഞ്ഞ് മൂവ് ചെയ്യുന്നത് ഓർഡറിലാണോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): അമന്റ്മെന്റിന്റെ ചർച്ച കേട്ടിട്ട് മന്ത്രിക്ക് ഓറൽ അമന്റ്മെന്റ് കൊണ്ടുവരാം എന്നാണ് എന്റെ വാദം.

മി. സ്പീക്കർ : ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ നടക്കുന്ന സമയത്തുതന്നെ ഓൺ ദ സ്പോട്ട് മന്ത്രിക്ക് ഓറൽ അമന്റ്മെന്റ് കൊണ്ടുവരാം. അംഗങ്ങൾക്ക് അങ്ങനെ അവസരം ഉണ്ടാകുകയില്ല.

ശ്രീ. കെ.സി. ജോസഫ് : അപ്പോൾ നേരത്തേ മൂവ് ചെയ്യേണ്ട ആവശ്യമില്ലേ? മെമ്പേഴ്സിന്റെ അമന്റ്മെന്റിനേക്കാൾ പ്രയോറിറ്റി മിനിസ്റ്റർക്കാണ്. ആ വകുപ്പിൽ മിനിസ്റ്ററുടെ അമന്റ്മെന്റുണ്ടെങ്കിൽ മിനിസ്റ്ററുടെ അമന്റ്മെന്റിനാണ് പ്രയോറിറ്റി. അതുകഴിഞ്ഞ് ഞങ്ങൾ മൂവ് ചെയ്യും. അങ്ങനെ മൂവ് ചെയ്തിട്ട് റിപ്ലൈ പറയുകയാണ്. ആ റിപ്ലൈ പറയുമ്പോൾ ഇല്ലാത്ത അമന്റ്മെന്റ് മൂവ് ചെയ്യുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ : മൂവ് ചെയ്യാം, അത് ഓർഡറിലാണ്. ഇവിടെ കീഴ് വഴക്കമുണ്ട്. ചട്ടപ്രകാരം മൂവ് ചെയ്യാം.

**4-ാം വകുപ്പ്**

ശ്രീ. കെ.സി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം - IV

### 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

LIBRARY ARCHIVES Kerala Legislative Assembly

# 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കായി അയച്ച 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര മുള്ള ബില്ലും സമർപ്പിക്കുന്നു.

2. 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ 1999 ഡിസംബർ മാസം 9-ാം തീയതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരി ച്ചു. ഈ ബിൽ 1999 ഡിസംബർ 13-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും ഡിസംബർ 14-ാം തീയതി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ യ്ക്കുകയും ചെയ്തു..

3. 1999 ഡിസംബർ 14-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

### പീഠിക

പീഠികയിൽ "അടിസ്ഥാന സൗകര്യ പദ്ധതിയിൽ" എന്നത് "അടി സ്ഥാന സൗകര്യ പദ്ധതികളിൽ" എന്നാക്കുക.

### ഖണ്ഡം 2

'(എഫ്)' ൽ 'തുറമുഖങ്ങൾ' 'ജലവിതരണം' എന്നീ വാക്കുകൾക്കിട യിൽ 'വിമാനത്താവളങ്ങൾ' എന്നും 'എന്നും 'എന്നീ' എന്ന വാക്കിനു പകരം 'മുതലായ' എന്ന വാക്കും ചേർക്കുക.

### ഖണ്ഡം 3

ഉപഖണ്ഡം (4) (ബി) യിൽ 'നിക്ഷേപത്തിനുവേണ്ടി' എന്നതിനു പകരം 'മുതൽ മുടക്കിനുവേണ്ടി' എന്ന് ചേർക്കുക.

### ഖണ്ഡം 10

ഉപഖണ്ഡം (1) ൽ 'ജീവനക്കാരെ' എന്ന വാക്കിനും 'നിയമിക്കാവുന്ന താണ്' എന്ന വാക്കിനും ഇടയ്ക്ക് 'ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയോ' എന്നീ വാക്കുകൾകൂടി ചേർക്കുക.

ഉപഖണ്ഡം (2)-ൽ 'നിയമന രീതിയും' എന്നീ വാക്കുകൾ വിട്ടുകളയുക

### ഖണ്ഡം 20

ഉപഖണ്ഡം (1) ൽ 'ഓർഡിനൻസിനോ' എന്ന പദത്തിനു പകരം 'ആക്ടിനോ' എന്ന പദം ചേർക്കുക.

വിയോജനക്കുറിപ്പുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു.

ടി. ശിവദാസമേനോൻ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി-8.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

## MINUTES OF DISSENT

We oppose the provisions contained in this Bill as reported by the Subject Committee on the following grounds.

2. At the present juncture the Government are experiencing much financial difficulties. The Bill aims at giving guarantee for the payment of the principal and interest thereon borrowed by the board upto Rs. one thousand crores. Hmlready a Loan of Rs. 500 crores has been floated at an interest of 13.25 per cent. The money of the Board is to be deposited in the public account of the Government and in Scheduled Banks. The interest of the amount deposited in public account of Scheduled Banks would be negligible. Therefore a huge loss would have to be incurred in this respect. When the Government is struggling hard to face the financial realities of the present days why a huge financial burden is knowingly shouldered clearly exhibit thread-bare that the Government would utilise this amount for their day to day functioning. We strongly oppose this approach of the Government. So we want the Government not to utilise this amout. We stress that the provisions of the Bill should be changed accordingly.

3. The provisions of the Bill do not stipulate that the assistance to be extended by the Board should be after considering the repaying capacity of the institution to which the assistance is given. We are of the view that financial assistance should be given only after considering the repaying capacity of the institution concerned. We want to incorporate express provisions in this Bill for the purpose.

Thiruvananthapuram
14th December 1999.

ഉമ്മൻ ചാണ്ടി (ഒപ്പ്)
പാലോട് രവി (ഒപ്പ്)
തമ്പാനൂർ രവി (ഒപ്പ്)
ആര്യാടൻ മുഹമ്മദ് (ഒപ്പ്)

## വിയോജനക്കുറിപ്പ്

അടിസ്ഥാന സൗകര്യവികസനത്തിന്റെ പേരിൽ തിടുക്കപ്പെട്ട് ഫണ്ട് സ്വരൂപിക്കാനുള്ള നീക്കം യഥാർത്ഥത്തിൽ സംസ്ഥാനം ഇന്ന് നേരിടുന്ന സാമ്പത്തികപ്രതിസന്ധി തരണം ചെയ്യാനുള്ള കുറുക്കുവഴി മാത്രമാണ്.

ഫണ്ടിന്റെ മേൽനോട്ടത്തിനും നടത്തിപ്പിനും വേണ്ടി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന ബോർഡിന് ഒരു ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിന്റെ സ്വഭാവം മാത്രമാണുള്ളത്. അതിനാൽ ബോർഡ് വഴി ഫണ്ട് രൂപീകരണം ഭരണഘടനാവിരുദ്ധമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വികസന പ്രവർത്തനങ്ങളിൽ പരാജയപ്പെട്ട ഈ സർക്കാർ 500 കോടി രൂപ ഉയർന്ന പലിശയ്ക്ക് കടംവാങ്ങി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും എന്ന് പറയുന്നത് അവിശ്വസനീയവും തെറ്റിദ്ധാരണാജനകവുമാണ്.

ഒരു ഭാഗത്ത് ബജറ്റിൽ ഉൾപ്പെട്ട വികസനപ്രവർത്തനങ്ങൾ നടക്കുമ്പോൾ ഈ ഫണ്ട് രൂപീകരണം ഒരു സമാന്തര പ്രവർത്തനത്തിന് വഴിതെളിക്കും.

രണ്ട് വർഷത്തിനുള്ളിൽ ചെലവഴിക്കുന്നതിനുവേണ്ടി തുക ഇപ്പോഴെ കടം വാങ്ങി ട്രഷറിയിൽ സൂക്ഷിക്കുകയും അതിന് പലിശ നൽകേണ്ടിവരികയും ചെയ്യുന്നു. 500 കോടി രൂപയുടെ ഫണ്ട് സ്വരൂപിക്കുമ്പോൾ കളക്ഷൻ ചാർജിനു പുറമേ പ്രതിവർഷം 68.50 കോടി രൂപ പലിശയിനത്തിൽ ചിലവഴിക്കേണ്ടിവരുന്നു. ഇത് സംസ്ഥാനത്തിന് അധിക ബാദ്ധ്യത ഉണ്ടാക്കും. കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വായ്പകൾ പലിശ തിരിച്ചടയ്ക്കാൻപോലും തികയാത്ത സാഹചര്യത്തിൽ ഈ ഫണ്ട് രൂപീകരണം വഴി സംസ്ഥാനത്തെ കടക്കെണിയിൽപ്പെടുത്തുകയാണ് ഈ സർക്കാർ.

വകുപ്പ് 19-ൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ ഫണ്ടിന്റെ ദുരുപയോഗത്തിനും യഥേഷ്ടം ചിലവാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെയാണ്

ഈ കാരണങ്ങളാൽ ഈ ബില്ലിനോടുള്ള എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

തമ്പാനൂർ രവി (ഒപ്പ്)

1999-ലെ കേരളാ അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബില്ലിന് താഴെപ്പറയുന്ന വിയോജനക്കുറിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

1. ബില്ലിലെ 3-ാം ഖണ്ഡം നിർദ്ദേശിക്കുന്ന നിക്ഷേപനിധിയുടെ പരമാവധി തുക നിശ്ചയിച്ചു കാണുന്നില്ല. പരമാവധി തുക നിശ്ചയിച്ച് ഉൾപ്പെടുത്തേണ്ടതാണ്.

2. ബില്ലിലെ 4-ാം ഖണ്ഡം അനുസരിച്ച് രൂപീകരിക്കുന്ന ബോർഡിന് ഉണ്ടായിരിക്കുന്നതായി പറയുന്ന അംഗങ്ങൾ ഗവൺമെന്റ് സെക്രട്ടറിമാരും ഡെവലപ്മെന്റ് ബാങ്കിലെ രണ്ടു വ്യക്തികളും ആണ്. സർക്കാർ ഉദ്യോഗസ്ഥൻമാർ മാത്രമുള്ള ബോർഡിന്റെ പ്രവർത്തനം സർക്കാർ വകുപ്പിലെ പ്രവർത്തനംപോലെ മാത്രമേ കാര്യക്ഷമത അനുഭവപ്പെടുകയുള്ളൂ എന്ന് ആശങ്കയുള്ളതിനാൽ അതത് സംഗതികളിലെ 2 സബ്ജക്റ്റ് എക്സ്പെർട്ടുകളെയും 2 എം.എൽ.എ. മാരെയും കൂടി ഉൾപ്പെടുത്തേണ്ടതാണ്.

3. 9-ാം ഖണ്ഡം അനുസരിച്ച് ബോർഡ് സമാഹരിക്കാൻ ഉദ്ദേശിക്കുന്ന വായ്പകൾക്ക് സർക്കാർ പുറപ്പെടുവിക്കുന്ന മൊത്തം ജാമ്യതുക 1000 കോടി രൂപയായി നിശ്ചയിച്ചിരിക്കുന്നു. അതായത് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെങ്കിലും ലോൺ വാങ്ങുന്ന ബോഡികൾ തുക ആദായകരമായി വിനിയോഗിച്ചില്ലെങ്കിലും അവർക്ക് തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടാകും. അതുമൂലം സർക്കാരിന് 1000 കോടി രൂപയുടെ ബാദ്ധ്യത കൂടുന്നതാണ്. അതിനാൽ ജാമ്യം കൊടുക്കുന്ന മൊത്തം തുക കുറവ് വരുത്തേണ്ടതാണ്.

4. 10-ാം ഖണ്ഡത്തിൽ ബോർഡിന് വേണ്ട ജീവനക്കാരെ നിയമിക്കുന്നത് നിലവിലുള്ള സംവരണതത്വം പാലിച്ചുകൊണ്ടുതന്നെ വേണം നടത്തേണ്ടത്.

ഇസ്ഹാക് കുരിക്കൾ (ഒപ്പ്)

LIBRARY ARCHIVES Kerala Legislative Assembly

# 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിട്ടുള്ള വാക്കുകൾ കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളേയും നക്ഷത്രചിഹ്നം ഒഴിവാക്കിയ വാക്കുകളെയും സൂചിപ്പിക്കുന്നു.]

സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിൽ പണം മുടക്കുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.-സംസ്ഥാനത്ത് അടിസ്ഥാന സൗകര്യപദ്ധതികളിൽ പണം മുടക്കുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ സംഗതികൾക്ക് വ്യവസ്ഥ ചെയ്യുന്നതും യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ ഭരണഘടനയുടെ അൻപതാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.-(1) ഈ ആക്ടിന് 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1999 നവംബർ 11-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.-ഈ ആക്ടിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.--

(എ) 'ബോർഡ്' എന്നാൽ 4-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് എന്നർത്ഥമാകുന്നു;

(ബി) 'സാമ്പത്തിക സഹായം' എന്നാൽ പദ്ധതിയിൽ വിവരിച്ചിട്ടുള്ളതരം സഹായങ്ങൾ എന്നർത്ഥമാകുന്നു;

(സി) 'നിധി' എന്നാൽ 3-ാം വകുപ്പിനും പദ്ധതിക്കും കീഴിൽ രൂപീകരിക്കപ്പെട്ട കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി എന്നർത്ഥമാകുന്നു;

(ഡി) 'ഫണ്ട് മാനേജർ' എന്നാൽ ബോർഡിന്റെ ഫണ്ട് മാനേജർ എന്നർത്ഥമാകുന്നു.

(ഇ) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) 'അടിസ്ഥാന സൗകര്യം പദ്ധതികളിൽ' വൈദ്യുത ഊർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ജലവിതരണം, ഉൾനാടൻ ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനം, മലിനജലനിർഗമനം

LIBRARY ARCHIVES Kerala Legislative Assembly

മുതലായ മേഖലകളിലുള്ള പദ്ധതികളോ ഇത്തരം ഒന്നോ അതിലധികമോ മേഖലകളിലെ ഒരു വിവിധോദ്ദേശ പദ്ധതിയോ ഉൾപ്പെടുന്നതാണ്.

(ജി) 'തദ്ദേശസ്വയംഭരണസ്ഥാപനം' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) പ്രകാരം രൂപീകരിച്ച ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്ത് എന്നോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു മുനിസിപ്പാലിറ്റി എന്നോ അർത്ഥമാകുന്നു;

(എച്ച്) 'മറ്റു സംരംഭങ്ങൾ' എന്നാൽ സർക്കാരിന്റെ മുതൽമുടക്ക് നാൽപ്പത് ശതമാനത്തിൽ കുറയാതെ ഉള്ളതും, 1956-ലെ കമ്പനി ആക്റ്റി (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) ൻ കീഴിൽ സംയോജിത മേഖലയിൽ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ള പൊതുമേഖലാ കമ്പനികളെന്നോ, 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റി(1955-ലെ 11) ൻ കീഴിലോ, 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റി (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) ൻ കീഴിലോ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും, അതതു സംഗതിപോലെ, സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ഏതെങ്കിലും പൊതുമേഖലാ സംരംഭത്തിനോ അതിന്റെ ആസ്തികളിലും ഉടമസ്ഥാവകാശത്തിലും ഭരണത്തിലും അൻപത് ശതമാനത്തിൽ കുറയാതെ പങ്കാളിത്തമുള്ള സൊസൈറ്റികളെന്നോ എന്നർത്ഥമാകുന്നു.

(ഐ) 'പൊതുമേഖലാ സംരംഭങ്ങൾ' എന്നാൽ 1956-ലെ കമ്പനി ആക്റ്റി(1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) ൻ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സർക്കാർ കമ്പനിയോ അല്ലെങ്കിൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും സർക്കാരിന് അൻപത് ശതമാനത്തിൽ കുറയാതെ ഓഹരിമൂലധനം ഉണ്ടായിരിക്കുകയും, അതിന്റെ കാര്യനിർവ്വഹണത്തിൽ ഗണ്യമായ നിയന്ത്രണം ഉണ്ടായിരിക്കുകയും, ചെയ്യുന്നതുമായ ഒരു സഹകരണ സംഘവുമോ എന്നർത്ഥമാകുന്നതും അതിൽ ഒരു നിയമത്തിൻ കീഴിൽ സ്ഥാപിതമായ പൊതുസംരംഭങ്ങളും ഉൾപ്പെടുന്നതുമാകുന്നു;

(ജെ) 'പട്ടിക' എന്നാൽ ഈ ആക്റ്റിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(കെ) 'പദ്ധതി' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു;

(എൽ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്ന് അർത്ഥമാകുന്നു;

(എം) 'സംരംഭങ്ങൾ' എന്നാൽ പൊതുമേഖലാ സംരംഭങ്ങളോ മറ്റ് സംരംഭങ്ങളോ എന്ന് അർത്ഥമാകുന്നു;

(എൻ) 'വർഷം' എന്നാൽ സാമ്പത്തികവർഷം എന്ന് അർത്ഥമാകുന്നു.

3. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി.-(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, സംസ്ഥാനത്തെ അടിസ്ഥാന സൗകര്യപദ്ധതികളിലെ നിക്ഷേപത്തിനായി ഈ ആക്റ്റിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള അടിസ്ഥാന സൗകര്യനിക്ഷേപനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും, പദ്ധതി ഉണ്ടാക്കിയശേഷം ഉടൻതന്നെ ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കേണ്ടതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) നിധിയിലേക്ക്.-

(എ) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ധനസഹായവും;

(ബി) 8-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുകയും;

(സി) സർക്കാരോ ഏതെങ്കിലും സ്ഥാപനമോ നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും;

(ഡി) ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽകൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും;

(ഇ) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വക കൊള്ളിക്കേണ്ടതായ മറ്റേതെങ്കിലും തുകയും;

വരവു വയ്ക്കേണ്ടതാണ്.

(3) നിധി, 4-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട് ബോർഡിൽ നിക്ഷിപ്തമാകുന്നതും നിധിയുടെ ഭരണം ബോർഡ് നിർവ്വഹിക്കേണ്ടതുമാണ്.

(4) നിധി താഴെപ്പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്, അതായത്.-

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിലെ മുതൽ മുടക്കിനായി പണം നൽകുന്നതിന്;

(ബി) പൊതുമേഖലാ സംരംഭങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും, അടിസ്ഥാന സൗകര്യപദ്ധതികളിലെ അവരുടെ മുതൽമുടക്കിനുവേണ്ടി സാമ്പത്തികസഹായം നൽകുന്നതിന്;

(സി) നിധിയിലേക്ക് ധനാഗമ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഉപയോഗിച്ച ബോണ്ടുകളും കടപ്പത്രങ്ങളും വിടുതൽ ചെയ്യുന്നതിനും;

(ഡി) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യം നടപ്പാക്കുന്നതിനും,

(5) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതുഅക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്.

(6) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(7) പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ, പദ്ധതിയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്ന പക്ഷം, പദ്ധതിക്ക് അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി, പദ്ധതിപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. ബോർഡിന്റെ രൂപീകരണം.-(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണത്തിനും, നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും, നടത്തിക്കൊണ്ടുപോകുന്നതിനുമായി 'കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും, പൊതുമുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗയോഗമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അതായത്:-

(എ) കേരള സർക്കാരിന്റെ ചീഫ് സെക്രട്ടറി;

(ബി) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി;

(സി) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി;

(ഡി) ജലസേചന വകുപ്പ് സെക്രട്ടറി;

(ഇ) ആസൂത്രണ വകുപ്പ് സെക്രട്ടറി;

(എഫ്) റവന്യൂവകുപ്പ് സെക്രട്ടറി;

(ജി) ധനകാര്യ (റിസോഴ്സസ്) വകുപ്പ് സെക്രട്ടറി;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്ത ഡെവലപ്പുമെന്റ് ബാങ്കിംഗിൽ പരിചയസമ്പന്നരായ രണ്ടു വ്യക്തികൾ.

(4) ചീഫ് സെക്രട്ടറി ബോർഡിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്.

(5) ധനകാര്യ (റിസോഴ്സസ്) സെക്രട്ടറി ബോർഡിന്റെ ഫണ്ട് മാനേജർ ആയിരിക്കുന്നതാണ്. .

(6) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണം പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഫണ്ടിന്റെ കാര്യക്ഷമമായ ഭരണത്തിനായി ആവശ്യമെന്ന് അത് കരുതുന്ന ഈ ആക്റ്റിൻകീഴിലോ പദ്ധതിയിൻകീഴിലോ ഉള്ള അതിന്റെ അധികാരങ്ങളും ചുമതലകളും അത് നിശ്ചയിക്കുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ഫണ്ട് മാനേജർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

5. അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.-(1) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എച്ച്) ഖണ്ഡപ്രകാരം നിയമിക്കപ്പെട്ട ഒരു അംഗം സർക്കാരിന് ഇഷ്ടമുള്ള കാലത്തോളം ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എച്ച്) ഖണ്ഡ പ്രകാരം നിയമിക്കപ്പെട്ട ഏതൊരു അംഗത്തിനും, സർക്കാരിന്, രേഖാമൂലം നോട്ടീസ് നൽകികൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ സർക്കാർ അദ്ദേഹത്തിന്റെ രാജി സ്വീകരിക്കുന്നതുവരെ ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

6. ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.- ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) നിധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ വിഭവ സമാഹരണം നടത്തുക.

(ബി) പദ്ധതിയനുസരിച്ച് സംരംഭങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുക;

(സി) സഹായം നൽകപ്പെട്ട സംരംഭങ്ങളിൽനിന്നും ബോർഡിന് ലഭിക്കാനുള്ള തുകകൾ വസൂലാക്കൽ പട്ടിക അനുസരിച്ച് ഈടാക്കുക;

(ഡി) സഹായം നൽകപ്പെട്ട ഏതെങ്കിലും സംരംഭങ്ങളിൽനിന്നു ഈടാക്കലുകൾ യുക്തമെന്ന് കരുതുന്ന പ്രകാരം ഭേദഗതി ചെയ്യുകയോ, പുനർ നിർണ്ണയിക്കുകയോ പുനഃക്രമീകരിക്കുകയോ ചെയ്യുക;

(ഇ) ബോർഡിന്റെ താൽപ്പര്യാർത്ഥം, ആവശ്യവും യുക്തവുമെന്നു കരുതുന്നപക്ഷം, സഹായം നൽകപ്പെട്ട എതെങ്കിലും സംരംഭത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക;

(എഫ്) യാത്രയും, കടങ്ങളിന്മേലുള്ള പലിശയും, ഫീസുകളും തൊഴിൽപരമായ ചാർജ്ജുകളും, മറ്റ് ചെലവുകളും ഉൾപ്പെടെ നിധിയുടെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നൽകുക;

(ജി) കാലാകാലങ്ങളിൽ ഉണ്ടാകാവുന്ന ബോർഡിന്റെ മിച്ചം വരുന്ന തുകയിൽ പദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരം നിക്ഷേപിക്കുകയും അങ്ങനെയുള്ള നിക്ഷേപങ്ങൾ അനുഭവസിദ്ധമാക്കുകയും ചെയ്യുക;

(എച്ച്) നിധിയിൽനിന്നും ഏതെങ്കിലും സഹായമോ വായ്പയോ ലഭിക്കുന്ന ഏതെങ്കിലും സംരംഭത്തിന്റെ പ്രവർത്തനങ്ങളെ ക്ലിപ്ത കാലാടിസ്ഥാനത്തിൽ പുനരവലോകനം ചെയ്യുക;

(ഐ) സർക്കാരിനുവേണ്ടി, ഈ ആക്റ്റിന്റെ പരിധിക്കുള്ളിൽ, ഏതെങ്കിലും സംരംഭവുമായി ധാരണാപത്രം ഉണ്ടാക്കുകയോ പ്രവർത്തന കരാറുകളിൽ ഏർപ്പെടുകയോ ചെയ്യുക;

(ജെ) ബോർഡിനുവേണ്ടി കരാറുകളിൽ ഏർപ്പെടുക;

(കെ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള അധികാരങ്ങളും, ചുമതലകളും വിനിയോഗിക്കുക;

(എൽ) ഈ ആക്റ്റിൽ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ അതിനെ ഏൽപ്പിക്കാവുന്നതോ ചുമതലപ്പെടുത്താവുന്നതോ ആയ മറ്റു അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(എം) അതിന് നൽകിയിട്ടുള്ളതോ എൽപ്പിച്ചു കൊടുത്തിട്ടുള്ളതോ ആയ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായതും ആനുഷംഗികവുമായ എല്ലാ പ്രവൃത്തികളും ചെയ്യുക.

7. നിധിയിലേക്കുള്ള ധനസഹായം.- സർക്കാരിന്, സംസ്ഥാന നിയമസഭയുടെ നിയമംമൂലം യഥാവിധിയുള്ള ധനവിനിയോഗംവഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും, കാലാകാലങ്ങളിൽ, ഗ്രാന്റുകളും, മുൻകൂർ തുകകളും, വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

8. കടം വാങ്ങുന്നതിനും നൽകുന്നതിനും ബോർഡിനുള്ള അധികാരം.- (1) ബോർഡിന്, കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും ബോണ്ടുകളോ, കടപ്പത്രങ്ങളോ പുറപ്പെടുവിച്ചുകൊണ്ടോ മറ്റു വിധത്തിലോ അല്ലെങ്കിൽ ബാങ്കുകളോ ഇതിലേക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളുമായോ ക്രമീകരണങ്ങൾ നടത്തിക്കൊണ്ടോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഏതു തുകയും കടമായി വാങ്ങാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ബോർഡ് പുറപ്പെടുവിക്കുന്ന ബോണ്ടുകളും കടപ്പത്രങ്ങളും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി, സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം പുറപ്പെടുവിക്കുകയോ, കൈമാറ്റം ചെയ്യുകയോ, കൈകാര്യം ചെയ്യുകയോ, വിടുതൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

(3) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കും പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റു നിബന്ധനകൾക്കും, പരിമിതികൾക്കും വിധേയമായി, ബോർഡിന് സംസ്ഥാനത്ത് നിലവിലുള്ള പൊതുമേഖലാ സംരംഭങ്ങൾക്കോ, മറ്റു സംരംഭങ്ങൾക്കോ അതിന്റെ ഫണ്ടിൽനിന്നും വായ്പകളോ, മുൻകൂർ തുകകളോ നൽകാവുന്നതാണ്.

9. വായ്പകൾക്ക് സർക്കാരിന്റെ ജാമ്യം.- (1) 8-ാം വകുപ്പ് പ്രകാരം ബോർഡ് സമാഹരിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും വായ്പയുടെ മുതലും പലിശയും നൽകുന്നതിനായി സർക്കാരിന് യുക്തമെന്ന് തോന്നുന്ന വിധത്തിലുള്ള ജാമ്യം നൽകാവുന്നതാണ്.

എന്നാൽ, ഈ ആക്റ്റ് പ്രകാരം സർക്കാർ പുറപ്പെടുവിച്ച മൊത്തം ജാമ്യത്തുക ആയിരംകോടി രൂപയിൽ കവിയാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള ജാമ്യം നിലവിലുള്ളിടത്തോളം, നടപ്പ് സാമ്പത്തികവർഷം ജാമ്യം ഏതെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച ഒരു പത്രികയും, അപ്രകാരമുള്ള ജാമ്യം ഹേതുവായി സംസ്ഥാന സഞ്ചിതനിധിയിൽനിന്നും നൽകിയതോ അല്ലെങ്കിൽ നൽകിക്കഴിഞ്ഞ ഏതെങ്കിലും തുകകൾ തിരിയെ ലഭിച്ച വകയിൽ പ്രസ്തുത നിധിയിലേക്ക് നൽകിയതോ ആയ മൊത്തം തുകകളുടെ നാളിതുവരെയുള്ള കണക്കുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവയും ഓരോ വർഷത്തേയും ബഡ്ജറ്റ് സമ്മേളനത്തിൽ, സർക്കാർ സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

10. ഉദ്യോഗസ്ഥന്മാരുടെയും, ജീവനക്കാരുടെയും നിയമനം.- (1) ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകളും കർത്തവ്യങ്ങളും നിറവേറ്റുന്നതിന് ബോർഡിനെ സഹായിക്കുന്നതിനായി, സർക്കാരിന്, ആവശ്യമെന്ന് അത് കരുതുന്നത്ര ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയോ നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ******* ശമ്പളവും, ബത്തകളും, അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

11. ബോർഡിന് ലഭിക്കാനുള്ള പണം വസൂലാക്കേണ്ട രീതി.- ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ, അതിൻകീഴിലോ, ഏതെങ്കിലും വ്യക്തി ബോർഡിന് നൽകേണ്ടതും അല്ലെങ്കിൽ ബോർഡ് വസൂലാക്കേണ്ടതുമായ എല്ലാ തുകകളും അതുമായി ബന്ധപ്പെട്ട എല്ലാ ചാർജുകളും അല്ലെങ്കിൽ



LIBRARY ARCHIVES Kerala Legislative Assembly

നേരിട്ട ചെലവുകളും, മറ്റ് ഏതു രീതിയിലുള്ള വസൂലാക്കലിനും ഭംഗം വരാതെ, തൽസമയം പ്രാബല്യത്തിലുള്ള ഭൂനികുതി വസൂലാക്കാൻ ആക്റ്റിന്റെ വ്യവസ്ഥകളനുസരിച്ച് ഭൂമിയിന്മേലുള്ള പൊതു കര കുടിശ്ശിക എന്നപോലെ വസൂലാക്കേണ്ടതാണ്.

12. ബോർഡിന്റെ അംഗങ്ങളും മറ്റും പബ്ലിക് സർവെന്റ്സ് ആണെന്ന്.- (1) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ബോർഡിന്റെ ഓരോ അംഗവും, ഫണ്ട് മാനേജരും, ബോർഡിന്റെ മറ്റ് ജീവനക്കാരും ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർദ്ധ പരിധിക്കുള്ളിൽ വരുന്ന പബ്ലിക് സർവെന്റ്സ് ആയി കരുതപ്പെടുന്നതാണ്.

13. ഉത്തമ വിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.- ഈ ആക്റ്റ് പ്രകാരമോ അഥവാ പദ്ധതി പ്രകാരമോ ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും സംഗതി സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും അംഗത്തിനോ അഥവാ മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

14. നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിനുള്ള അധികാരം.- (1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന നയവും ദേശീയ നയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, ബോർഡിന്, സർക്കാർ നിർദ്ദേശങ്ങൾ നൽകുന്നത് നിയമാനുസൃതമായിരിക്കുന്നതും അപ്രകാരമുള്ള നിർദ്ദേശങ്ങൾ ബോർഡിന് ബാധകമായിരിക്കുന്നതുമാണ്.

(2) സർക്കാരിന്, ബോർഡുമായി കൂടിയാലോചിച്ചശേഷം, ബോർഡ് അനുവർത്തിക്കേണ്ടതായ പൊതുനിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(3) ബോർഡ്, ഈ ആക്ടിൻകീഴിലുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ, (2)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും പൊതുനിർദ്ദേശത്തിൽ നിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

15. കണക്കുകളും ആഡിറ്റും.-

(1) ബോർഡ്, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള രീതിയിലും കണക്കുബുക്കുകളും, അതിന്റെ കണക്കുകളുമായി ബന്ധപ്പെട്ട മറ്റ് ബുക്കുകളും, സൂക്ഷിക്കേണ്ടതും വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റുമെന്റും ബാലൻസ്ഷീറ്റും തയ്യാറാക്കേണ്ടതുമാണ്.

(2) ബോർഡിന്റെ കണക്കുകൾ, സർക്കാർ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ആഡിറ്റർ അപ്രകാരമുള്ള രീതിയിലും സമയത്തും ആഡിറ്റ് ചെയ്യേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന ആഡിറ്റർക്ക്, അപ്രകാരമുള്ള കാര്യങ്ങളെ സംബന്ധിച്ച്, രേഖകൾ ഹാജരാക്കുവാനും വിവരങ്ങൾ നൽകുവാനും ആവശ്യപ്പെടാനുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(3) ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ബോർഡിന്റെ കണക്കുകൾ അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം വർഷംതോറും സർക്കാരിന് അയച്ചുകൊടുക്കേണ്ടതും, സർക്കാർ, അതിന് യുക്തമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

തോന്നുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ ബോർഡിന് നൽകേണ്ടതും, ബോർഡ് അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

16. വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളുടെ സ്റ്റേറ്റ്മെന്റും.- (1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് അതിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കേണ്ടതും, ബോർഡ് അംഗീകരിച്ചശേഷം, റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) സർക്കാർ, വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ അത്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മേശപ്പുറത്ത് വെയ്പിക്കേണ്ടതാണ്.

17. അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.- (1) സർക്കാരിന്, ഏത് സമയത്തും ഏതൊരാളേയും ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് ശരിയായ രീതിയിൽ അന്വേഷണം നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് നൽകേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ പക്കലുള്ള രേഖകളും, കണക്കുകളും, വിവരങ്ങളും അദ്ദേഹത്തിന് നൽകേണ്ടതുമാണ്.

18. ബോർഡ് പിരിച്ചുവിടൽ.- (1) സർക്കാരിന് ഏതെങ്കിലും കാരണത്താൽ ബോർഡ് തുടരേണ്ട ആവശ്യമില്ലെന്ന് അഭിപ്രായമുള്ള പക്ഷം, ഗസറ്റ് വിജ്ഞാപനംമൂലം, അതിൽ പറഞ്ഞിരിക്കുന്ന തീയതി മുതൽ ബോർഡ് പിരിച്ചുവിടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ബോർഡിനെ പിരിച്ചുവിട്ടുകൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്ന്,

(എ) ബോർഡിന്റെ ചെയർമാനും മറ്റെല്ലാ അംഗങ്ങളും പിരിച്ചുവിട്ട തീയതി മുതൽ അവരവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഒഴിയേണ്ടതും;

(ബി) ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, അതിൻകീഴിലോ, ബോർഡോ ചെയർമാനോ അല്ലെങ്കിൽ ബോർഡിനു വേണ്ടിയോ, ചെയർമാനു വേണ്ടിയോ വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യാവുന്ന എല്ലാ അധികാരങ്ങളും ചുമതലകളും പിരിച്ചുവിട്ട തീയതി മുതൽ സർക്കാരോ അല്ലെങ്കിൽ ഈ ആവശ്യത്തിനുവേണ്ടി അത് നിയമിച്ചേക്കാവുന്ന അധികാരിയോ, വ്യക്തിയോ വിനിയോഗിക്കേണ്ടതോ നിർവ്വഹിക്കേണ്ടതോ ആണ്;

(സി) ബോർഡിൽ നിക്ഷിപ്തമായിരുന്ന എല്ലാ നിധികളും മറ്റു വസ്തുവകകളും സർക്കാരിൽ നിക്ഷിപ്തമാകുന്നതും;

(ഡി) നിയമപരമായി നിലനിൽക്കുന്നതും ബോർഡിനെതിരെ നടപ്പിലാക്കാവുന്നതുമായ എല്ലാ ബാദ്ധ്യതകളും സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളിടത്തോളം നിധികളിലും വസ്തുവകകളിലും നിന്ന് സർക്കാരിനെതിരായി ഈടാക്കാവുന്നതാണ്.

(3) ഈ വകുപ്പിലെ യാതൊന്നുംതന്നെ സർക്കാർ ഈടു നൽകിയിട്ടുള്ള ബോണ്ടുകളേയും കടപ്പത്രങ്ങളേയും സംബന്ധിച്ചുള്ള അതിന്റെ ബാദ്ധ്യതയെ ബാധിക്കുന്നതല്ല.

19. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് നിരോധനം.- ഈ ആക്ടോ പദ്ധതിയോ പ്രകാരമോ അവയിൻകീഴിലോ സർക്കാരോ ബോർഡോ

LIBRARY ARCHIVES Kerala Legislative Assembly

അഥവാ സർക്കാരോ ബോർഡോ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഒത്തുതീർപ്പാക്കുകയോ, തീരുമാനിക്കുകയോ, കൈകാര്യം ചെയ്യുകയോ ചെയ്യേണ്ടതായ ഏതെങ്കിലും പ്രശ്നമോ നിർണ്ണയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ ഒത്തുതീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ അഥവാ നിർണ്ണയിക്കുവാനോ, യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

20. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.- (1) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ നേരിടുന്നപക്ഷം, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് സാഹചര്യം അനുസരിച്ച് ആവശ്യമായതും, ആക്ടിനോ അതിൻകീഴിലുണ്ടാക്കിയ പദ്ധതിയ്ക്കോ വിരുദ്ധമല്ലാത്തതുമായ എന്തും സർക്കാരിന്, ഉത്തരവുമൂലം ചെയ്യാവുന്നതാണ്.

(2) 1-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും സംസ്ഥാന നിയമസഭ മുമ്പാകെ വെയ്ക്കേണ്ടതാണ്.

21. പദ്ധതി രൂപഭേദപ്പെടുത്തൽ.- (1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ പദ്ധതിയിൽ കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ, വ്യതിയാനം വരുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ഉണ്ടാക്കിയ ഏതൊരു വിജ്ഞാപനവും, അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നതുംവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ - അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാം - ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ വിജ്ഞാപനത്തിന്, അതിനുശേഷം അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത പ്രകാരത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

22. റദ്ദാക്കലും ഒഴിവാക്കലും.- (1) 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ഓർഡിനൻസ് (1999-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly